മാസിക
# സുന്നത്ത്

**2024 ഒക്ടോബർ**
1446 റ.അവ്വൽ - റ. ആഖിർ
പുസ്തകം 47/ ലക്കം 09
വില 18 രൂപ

Samastha Kerala
Sunni Jam-iyyathul Mu-allimeen
Samastha Islamic Centre,
P.O Eranhippalam, Calicut-6

Ph: 0495 277 2846

sunnethmonthly@gmail.com
Sunnethcirculation@gmail.com




**മുഖക്കുറി**

## സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട!

മകന് മൂന്നു വയസ്സ് പ്രായമായി. ഇതുവരെ ഉമ്മാ എന്ന ഒരു വാക്കുപോലും അവൻ സംസാരിച്ചിട്ടില്ല. ഓറൽ (വായ് സംബന്ധമായ) പ്രശ്നങ്ങളൊന്നുമില്ല. അനേകം ശിശുരോഗ വിദഗ്ധരെ കണ്ടു സംസാരിച്ചു. ഒടുവിൽ കാര്യം പിടികിട്ടി. സ്ക്രീൻ ഉപയോഗവും രക്ഷിതാക്കളുമായുള്ള കമ്മ്യൂണിക്കേഷന്റെ അഭാവവുമാണ് കാരണം. കുട്ടികളിലെ സ്ക്രീൻ ഉപയോഗത്തിന്റെ ഗൗരവം വ്യക്തമാക്കുന്ന സംഭവങ്ങളിൽ ഒന്നുമാത്രമാണിത്.

സാങ്കേതികവിദ്യ അതിവേഗം വികസിക്കുകയാണ്. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സഹായത്തോടെ വിദ്യാഭ്യാസരംഗം അടക്കമുള്ള സമൂഹത്തിന്റെ പല മേഖലകളിലും കാതലായ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്നു. ആധുനിക സാങ്കേതികവിദ്യകളും നവമാധ്യമങ്ങളും പുതുതലമുറയെ ആഴത്തിൽ സ്വാധീനിക്കുന്നുണ്ട്. സ്മാർട്ട് സ്ക്രീനുകളുടെ അടിമകളായി ചെറിയ കുട്ടികൾ പോലും മാറിക്കഴിഞ്ഞിരിക്കുന്നു. കുട്ടികളുടെ ശാരീരിക മാനസിക ആരോഗ്യത്തെ ഗുരുതരമായി ബാധിക്കുന്ന ഇത്തരം പ്രവണതകളെ രക്ഷിതാക്കൾ ഗൗരവത്തോടെ കാണണം. ഭക്ഷണം കഴിക്കാനും കരച്ചിലടക്കാനും അടങ്ങിയിരിക്കാനും കുട്ടികളെ സ്ക്രീൻ നൽകി നിയന്ത്രിക്കുന്ന രക്ഷിതാക്കൾക്ക് വലിയ പ്രത്യാഘാതങ്ങൾ നേരിടേണ്ടി വരും. തുടക്കത്തിൽ തന്നെ സൂക്ഷിച്ചാൽ ദുഃഖിക്കേണ്ടി വരില്ല.

എഡിറ്റർ

**Managing Editor**
Sayyid Ali Bafaqy Thangal

**Chief Editor**
V.P.M Villyapalli
9446 731 889, 0496 253 4373

**Executive Editor**
Shafeeq Bukhari Kanthapuram
cp222306@gmail.com

**General Manager**
Sulaiman Saqafi Kunhukulam

**Editor**
Muhammed Parannur

**Sub Editor**
E.M Sufyan Bukhari

**Circulation Manager**
Shareef saqafi Edayur

**Design & Layout**
Anvar Sadique Bukhari

കവർസ്റ്റോറി

## കുട്ടികളെ സ്ക്രീനിൽ തളയ്ക്കല്ലേ...

○ ശഹബാസ് അഹ്മദ്

രക്ഷിതാക്കളെക്കാൾ നന്നായി സ്മാർട്ട്ഫോൺ ഉപയോഗിക്കാൻ അറിയുന്നവരാണ് പുതുതലമുറയിലെ മക്കൾ. മക്കളെ അടക്കിനിർത്താൻ ഫോൺ നൽകുന്ന രക്ഷിതാക്കൾ സൂക്ഷിച്ചില്ലെങ്കിൽ ഖേദിക്കേണ്ടിവരും.

06





കവർസ്റ്റോറി

## സ്ത്രീ: ഉടയാടയും ഉത്തരവാദിത്തവും

○ സിയാദ് സഖാഫി പാറന്നൂർ

സ്ത്രീകളുടെ അഭിമാനത്തിനും സുരക്ഷയ്ക്കും മുൻഗണന നൽകുന്ന മതമാണ് ഇസ്‌ലാം. അതിനനുയോജ്യമായ വസ്ത്രമാണ് ഇസ്‌ലാം നിർദ്ദേശിക്കുന്നത്. സ്ത്രീ സ്വാതന്ത്ര്യവാദത്തിന്റെ പ്രത്യാഘാതങ്ങളിന്ന് നാം നേരിൽ കണ്ടുകൊണ്ടിരിക്കുന്നു.

11






കവർസ്റ്റോറി

## ശൈഖ് ജീലാനി(റ) അധ്യാത്മിക പ്രകാശം

○ ഉമ്മുആഇശ കുട്ടിപ്പാറ

ലോകത്ത് അദ്ധ്യാത്മിക ദർശനത്തിന്റെ പ്രഭ പരത്തിയ അതുല്യ ജ്യോതിസ്സായിരുന്നു സുൽത്വാനുൽ ഔലിയാഅ് ശൈഖ് അബ്ദുൽ ഖാദിർ ജീലാനി(റ). വിശ്വാസികൾക്ക് എന്നും വെളിച്ചമാണ് അവിടുത്തെ ആത്മീയ ദർശനങ്ങൾ.


16





19

### കാൻസർ: രോഗനിർണയമാണ് പ്രതിരോധം
ഫവാസ് പട്ടുവം


22

### സൽസ്വഭാവം വിശ്വാസിയുടെ മുഖമുദ്ര
സൈനുദ്ദീൻ ഇർഫാനി മാണൂർ


34

### ആ കുരുന്നുകൾ സ്വർഗ്ഗത്തിൽ കാത്തിരിപ്പുണ്ട്
അബ്ദുല്ല ചെമ്പ്ര

05 തസ്കിയ
31 ചോദ്യോത്തരം
48 വാർത്തകൾ
നോവൽ 26
ചരിത്രാഖ്യായിക 39
മറുകുറിപ്പ് 41

25 ### ശുദ്ധീകരണ യോഗ്യമായ വെള്ളം
ഉവൈസ് ബുഖാരി നടുവട്ടം

30 ### ഫാഷൻ ഡയറ്റിംഗ്
അബൂലിയാന

42 ### പാലിന്റെ ആരോഗ്യഗുണങ്ങൾ
അനസ് ആമപ്പൊയിൽ

44 ### മുത്തുനബി(സ)യും എന്റെ പൊന്നുമ്മയും
ഫിദ ഫാത്തിമ വെട്ടിക്കൽ

45 ### തിരുനബി(സ) കരഞ്ഞ നിമിഷങ്ങൾ
റൈഹാൻ

# എന്തുറപ്പ് ഈ ജീവിതത്തിന്?

തസ്കിയ

തിരുനബി(സ) മുആദുബ്നു ജബൽ(റ) വിനോട് ചോദിച്ചു: 'മുആദേ, ഈ പ്രഭാതത്തെ നീ എതിരേറ്റിരിക്കുന്നതെങ്ങനെയാണ്?'

മുആദ്(റ) പറഞ്ഞു: 'ഒരു യഥാർത്ഥ സത്യവിശ്വാസിയായിക്കൊണ്ടാണ് ഞാനീ പ്രഭാതത്തെ എതിരേറ്റിരിക്കുന്നത്.'

'മുആദേ, സത്യവിശ്വാസത്തിന്റെ യാഥാർത്ഥ്യം നീ എങ്ങനെയാണ് മനസ്സിലാക്കിയിരിക്കുന്നത്?' തിരുനബി(സ) വീണ്ടും ചോദിച്ചു. മുആദ്(റ) പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, ഓരോ പ്രഭാതവും വന്നണയുമ്പോൾ അന്നു പ്രദോഷം ജീവിച്ചിരിക്കുമെന്ന ഒരുറപ്പും എനിക്കില്ല. ഒരു കാലടി മുന്നോട്ടുവച്ചു കഴിഞ്ഞാൽ അടുത്ത കാലടി വെക്കാനാകുമെന്ന ഒരു പ്രതീക്ഷയുമില്ല. (അത്രയും അനിശ്ചിതമാണീ ഐഹിക ജീവിതം)

ജനവിഭാഗങ്ങൾ അനവധി കടന്നുപോയി. അവരിൽ ഓരോ വ്യക്തിക്കും തന്റെ നന്മതിന്മകൾ രേഖപ്പെടുത്തിയ ഗ്രന്ഥം നൽകപ്പെടുന്ന രംഗം നേരിൽ കാണുന്ന പോലെ എന്റെ മനസ്സിലുണ്ട്. സ്വർഗാവകാശികൾ അനുഗൃഹീതരായി സർവ്വ സുഖസൗകര്യങ്ങളോടെയും സ്വർഗ്ഗത്തിൽ വസിക്കുന്നതും നരകാവകാശികൾ നരകത്തിൽ കഠിനമായ ശിക്ഷയനുഭവിക്കുന്നതും ഞാൻ കൺമുമ്പിൽ കാണുന്ന പോലെ തോന്നുന്നു.'

മുആദ്(റ)വിന്റെ വാക്കുകൾ കേട്ട് തിരുനബി(സ) പറഞ്ഞു: 'മുആദ് കാര്യങ്ങളുടെ യാഥാർത്ഥ്യം ശരിക്കും മനസ്സിലാക്കിയിരിക്കുന്നു.'

മഹത്തായ പാഠങ്ങൾ ഉൾക്കൊള്ളുന്ന ഒരു ഹദീസാണിത്. സത്യവിശ്വാസികളാണു നാം. ഇസ്‌ലാമിനെ പൂർണ്ണമായി ഉൾക്കൊണ്ടവരാണെന്ന് നാം അഭിമാനിക്കുന്നു. നിസ്കരിക്കുകയും നോമ്പനുഷ്ഠിക്കുകയുമൊക്കെ ചെയ്യുന്നു. അതേസമയം, ഭൗതികതയുമായി കെട്ടുപിണഞ്ഞു കിടക്കുകയല്ലേ നമ്മുടെ ജീവിതം? രാത്രി ഉറക്കം വരുവോളം ഭൗതിക കാര്യങ്ങളെക്കുറിച്ചുള്ള ചിന്തകളും കണക്കുകൂട്ടലുകളുമാണ്. രാവിലെ ഉണർന്നാലോ? ആർത്തിയോടെ ഭൗതികതയിലേക്ക് കൂപ്പുകുത്താനുള്ള വ്യഗ്രതയാണ്. നമ്മുടെ ചുറ്റും നിരന്തരം മരണങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുമ്പോഴും അതൊന്നും മനസ്സിനെ സ്വാധീനിക്കുകയോ ചിന്തയുണർത്തുകയോ ചെയ്യുന്നില്ല. എന്റെ അവധിയെത്തിയിട്ടില്ല; അതെത്രയോ അകലെയാണെന്നാണ് വിചാരം. പക്ഷേ, എന്തുറപ്പാണ് നമുക്കുള്ളത്, ഉറങ്ങാൻ കിടന്നാൽ അടുത്ത പ്രഭാതത്തിൽ ഉണരാൻ കഴിയുമെന്ന്? പ്രഭാതത്തിൽ ഉണർന്നാൽ അന്നത്തെ അസ്തമയം കാണാനാവുമെന്ന് വല്ല ഉറപ്പുമുണ്ടോ? കയ്യിലെടുത്ത ആഹാരം വായിൽ വെക്കാൻ പോലും കഴിയാതെ യാത്ര പറഞ്ഞു പോകുന്നവരെത്രയെത്ര!

ഓർക്കണം; യാതൊരു ഉറപ്പുമില്ലാത്തതാണീ ഭൗതിക ജീവിതം. ഈ ജീവിതത്തിൽ നിന്നു വിട പറഞ്ഞാലോ, കണക്കുകൾ ബോധിപ്പിക്കേണ്ടിവരും, ജീവിച്ച ഓരോ നിമിഷത്തെപ്പറ്റിയും, ചെലവഴിച്ച ഓരോ പണത്തെക്കുറിച്ചും, ജീവിതത്തിലെ ഓരോ പ്രവർത്തനത്തെക്കുറിച്ചും, ഓരോ ചിന്തയെക്കുറിച്ചും. മനസ്സിൽ കാണണം; അല്ലാഹുവിന്റെ മുമ്പിൽ വിചാരണയ്ക്കായി നിൽക്കേണ്ടി വരുന്ന രംഗം! മനുഷ്യരെ നരകത്തിലേക്കും സ്വർഗ്ഗത്തിലേക്കും വേർതിരിച്ചയക്കപ്പെടുന്ന രംഗം! ഇത്തരം ചിന്തകൾ മനസ്സിൽ സജീവമായാലേ വിശ്വാസത്തിന്റെ യാഥാർത്ഥ്യം ഉൾക്കൊണ്ടവരാവുകയുള്ളൂ എന്ന് തിരുനബി(സ)യുടെ ചോദ്യവും മുആദിന്റെ പ്രതികരണവും നമ്മെയുണർത്തുന്നു.

കവർസ്റ്റോറി

ശഹബാസ് അഹ്മദ്

# കുട്ടികളെ സ്ക്രീനിൽ തളയ്ക്കല്ലേ...



നാലാം ക്ലാസ് വിദ്യാർഥിയായിരുന്നു അജിത്. വീട് കൊച്ചിയിലെ ഒരു റസിഡൻഷ്യൽ ഏരിയയിൽ. അച്ഛൻ രാവിലെ ജോലിക്കു പോകും. പിന്നെ അമ്മയാണവന്റെ കൂട്ട്. വീഡിയോ ഗെയിംകളി ഇഷ്ടപ്പെട്ടിരുന്ന അവൻ സ്കൂൾ വിട്ടാൽ അതിലായിരിക്കും. അയൽപക്കങ്ങളിൽ ഏറെ കുട്ടികളുണ്ടെങ്കിലും ആരുമായും അജിതിന് ചങ്ങാത്തമില്ല. ഗെയിമിലാണവന്റെ ശ്രദ്ധ മുഴുവൻ. കൂട്ടുകാരും വീഡിയോ ഗെയിമിൽ തന്നെ. അയൽപക്കത്തെ കുട്ടികളുടെയോ പാഠപുസ്തകത്തിലെ കഥാപാത്രങ്ങളുടെയോ പേരുകൾ ഓർമയിലില്ലെങ്കിലും ഗെയിമിലെ ഓരോ കഥാപാത്രത്തിന്റെയും പേരവനു മനഃപാഠമാണ്. ഫോൺ കയ്യിൽ പിടിച്ചിരിക്കുന്ന സമയത്ത് ഭൂമി കുലുങ്ങിയാൽ പോലും അറിയാത്ത അവസ്ഥയിലാണവൻ. വീട്ടിൽ വരുന്നവരെ ശ്രദ്ധിക്കാനോ അവരെ പരിചയപ്പെടാനോ അവന് സമയമില്ല. ഇടയ്ക്കു ഫോൺ പിടിച്ചുവാങ്ങാൻ ശ്രമിച്ചാൽ കാര്യങ്ങളാകെ തകിടം മറിയും. മകന്റെ ഫോൺ ഉപയോഗം അപകടകരമായ അവസ്ഥയിലേക്കാണ് പോകുന്നതെന്ന് മനസ്സിലായ അമ്മ കൂട്ടുകാരിയുടെ നിർദേശപ്രകാരമാണ് കേടുവന്നെന്നും നന്നാക്കാൻ കൊടുത്തെന്നും പറഞ്ഞ് ഫോൺ മാറ്റിവച്ചത്.

പിന്നീടുള്ള രണ്ടു ദിവസം ജീവച്ഛവം പോലെയായിരുന്നു അവന്റെ നടപ്പും ഇരിപ്പുമെല്ലാം. മൂന്നാം ദിവസം അവനെ കാണാതാവുകയും ചെയ്തു. അയൽപക്കത്തുള്ള പെൺകുട്ടി പറഞ്ഞാണ് അവൻ ആരുടെയോ കാറിൽ കയറി പോയ വിവരം വീട്ടുകാരറിഞ്ഞത്. പെൺകുട്ടി പറഞ്ഞുകൊടുത്ത കാർ നമ്പറും സ്ഥലത്തെ സിസിടിവി ദൃശ്യങ്ങളും പരിശോധിച്ചു വൈകുന്നേരമായപ്പോഴേക്കും പ്രതിയെ കണ്ടുപിടിച്ചു. കുട്ടിയെ കണ്ടെത്തുകയും ചെയ്തു. കുട്ടിയോട് കാര്യമന്വേഷിച്ചപ്പോഴാണ് സംഭവത്തിന്റെ ഭീകരത മനസ്സിലായത്. ഗെയിം കളിക്കാൻ ഫോൺ തരാമെന്നു പറഞ്ഞാണ് ഒരാൾ അവനെ കാറിൽ കയറ്റിയത്. രണ്ടു ദിവസമായി ഫോൺ ലഭിക്കാത്തതിന്റെ മൂഡ്ഓഫിൽ കഴിയുകയായിരുന്ന അവൻ മറ്റൊന്നും നോക്കാതെ കാറിൽ കയറുകയും ചെയ്തു. അയൽവാസിയായ പെൺകുട്ടി അവസരോചിതമായി ഇടപെട്ടില്ലായിരുന്നെങ്കിൽ കാണാതായ അനേകം കുട്ടികളുടെ കൂട്ടത്തിൽ അവനും ഉണ്ടാകുമായിരുന്നു.

ഇതൊരു അജിതിന്റെ മാത്രം കഥയല്ല. ഗെയിമിന്റെ ലോകത്ത് എല്ലാം മറന്ന് ജീവിക്കുന്ന ആയിരക്കണക്കിന് കുട്ടികളുടെയും അവരുടെ അമ്മമാരുടെയും കഥയാണ്. കൂടുതൽ സമയം ഫോൺ ഉപയോഗിക്കുകയും മൊബൈൽ നന്നായി കൈകാര്യം ചെയ്യാൻ കഴിയുകയും ചെയ്യുന്ന കുട്ടികളായാൽ അതിൽ അഭിമാനിക്കുന്ന, അവസാനം കൈവിട്ടുപോകുമ്പോൾ മാത്രം വാവിട്ടുകരയുന്ന ഒരുപാട് രക്ഷിതാക്കളുടെ കഥ കൂടിയാണ്.

### ഭക്ഷണം കഴിക്കാൻ കാർട്ടൂൺ

ഫിദക്ക് 3 വയസ്സ് (ഫിദയുടെ സ്ഥാനത്ത് നമ്മുടെ വീട്ടിലെ 4/5 വയസ്സു പ്രായമുള്ള കുട്ടികളെ സങ്കൽപിക്കാം). അവൾ ഭക്ഷണം



കഴിക്കണമെങ്കിൽ ഉമ്മയുടെ മൊബൈൽ ഫോൺസ്ക്രീനിലെ ലൈറ്റ് തെളിയണം. കാർട്ടൂണും മഞ്ചാടിയും ചില മൗലിദുമാണ് അവളുടെ ഇഷ്ട വിഭവങ്ങൾ. ഇതിൽ ഏതെങ്കിലും ഓൺ ചെയ്താലേ അവൾ ഭക്ഷണം കഴിക്കൂ. മൂന്നുനേരത്തെ ഭക്ഷണത്തിനും ഇതാണവസ്ഥ. ഏതെങ്കിലും കാരണത്താൽ ഫോൺ ലഭിച്ചില്ലെങ്കിൽ പിടിവാശി നിയന്ത്രണാതീതമാണ്. ഒന്നും കഴിക്കാൻ കൂട്ടാക്കില്ല. ചെറുപ്പം മുതലേ ഭക്ഷണം കഴിപ്പിക്കാനുള്ള എളുപ്പത്തിന് ഫോൺ കയ്യിൽ നൽകി ശീലിപ്പിച്ചതിന്റെ ദുരന്തഫലം. മകൾക്ക് ഒരു തരം സ്ക്രീൻ അഡിക്ഷനാണെന്ന് തിരിച്ചറിയാനും ഉമ്മയ്ക്കു കഴിഞ്ഞില്ല. ഏറെ വൈകിയാണ് ഇതിന്റെ അപകടാവസ്ഥയെപ്പറ്റി ഈ സഹോദരി മനസ്സിലാക്കിയത്. ഇപ്പോൾ ഡോക്ടറുടെ നിർദ്ദേശപ്രകാരമുള്ള ചില തെറാപ്പികളിലൂടെ പതിയെ സാധാരണ ജീവിതത്തിലേക്ക് വന്നുകൊണ്ടിരിക്കുകയാണ് ഫിദയും ഉമ്മയും.

**അമിതമായ സ്ക്രീൻ ഉപയോഗം ആദ്യം ബാധിക്കുന്നത് കുട്ടികളുടെ തലച്ചോറിനെയാണ്. സ്വാഭാവികമായും ഇത്തരം കുട്ടികളിൽ വിഷാദം, പഠനവൈകല്യം എന്നിവ പ്രകടമാകും. ഇതിനുപുറമെ, ലൈംഗികത, ആരോഗ്യം എന്നിവയെക്കുറിച്ചുള്ള തെറ്റിദ്ധാരണ, ഉൾവലിയൽ സ്വഭാവം എന്നിവയും കാണാം.**

## അപകടത്തിന്റെ ആഴം വർധിക്കുന്നു

67 ലക്ഷം രൂപ ക്രിപ്റ്റോ ഇടപാടിൽ നഷ്ടം വന്നെന്നും തുക അക്കൗണ്ടുകളിൽ നിന്നു പിൻവലിച്ചിട്ടുണ്ടെന്നുമുള്ള മെസേജ് കണ്ടപ്പോൾ ബിസിനസുകാരൻ സത്യത്തിൽ ഞെട്ടിയില്ല. കാരണം ക്രിപ്റ്റോ പരിപാടിയൊന്നും അദ്ദേഹം ചെയ്തിട്ടില്ല. ഹാക്കർമാരുടെ തട്ടിപ്പുസന്ദേശമെന്ന് ഉറപ്പിച്ചു. എങ്കിലും സൂക്ഷ്മമായൊന്നു പരിശോധിച്ചു. അപ്പോഴാണ് മെസേജ് വ്യാജമല്ലെന്നു മനസ്സിലായത്. പ്രതി സ്വന്തം മകൻ തന്നെ.

## മനസ്സിനും ശരീരത്തിനും ഹാനികരം

പ്ലസ്പോയിന്റ്

'അവൾ/അവൻ പണ്ടൊക്കെ നന്നായി പഠിച്ചിരുന്നതാണ്, ഇപ്പോൾ എല്ലാ വിഷയങ്ങൾക്കും പിറകിലാണ്. പരീക്ഷയിൽ മാർക്കെല്ലാം കുറവ്, കുട്ടി മുഴുവൻ സമയവും ഫോണിലാണ്.' രക്ഷിതാക്കളിൽ നിന്ന് നിരന്തരമായി കേൾക്കുന്ന പരാതികളിലൊന്നാണിത്. അമിതമായ സ്ക്രീൻ ഉപയോഗം ആദ്യം ബാധിക്കുന്നത് കുട്ടികളുടെ തലച്ചോറിനെയാണ്. സ്വാഭാവികമായും ഇത്തരം കുട്ടികളിൽ വിഷാദം, പഠനവൈകല്യം എന്നിവ പ്രകടമാകും. ഇതിനുപുറമെ, ലൈംഗികത, ആരോഗ്യം എന്നിവയെക്കുറിച്ചുള്ള തെറ്റിദ്ധാരണ, ഉൾവലിയൽ സ്വഭാവം (വീട്ടിലുള്ളവരുമായോ ചുറ്റുമുള്ളവരുമായോ കൂട്ടുകൂടാൻ പറ്റാത്ത അവസ്ഥ) എന്നിവയും ഇത്തരം കുട്ടികളിൽ കാണാം. മാനസികാരോഗ്യം മാത്രമല്ല, ശാരീരികമായ പ്രശ്നങ്ങളും ഇത്തരക്കാരെ തേടിയെത്തും. വളരെ ചെറുപ്പത്തിലേയുള്ള ഉറക്കക്കുറവ്, നിരന്തരമായ തലവേദന, കൈവേദന, കഴുത്തുവേദന, പൊണ്ണത്തടി എന്നിവ ഉദാഹരണം. രക്ഷിതാക്കൾ പലപ്പോഴും ഉറക്കക്കുറവിനോ തലവേദനക്കോ ഉള്ള മരുന്ന് വാങ്ങിക്കൊടുക്കും. അപ്പോഴും യാഥാർത്ഥ വില്ലനായ ഫോണോ ടാബോ പോലെയുള്ളവ മക്കളുടെ കയ്യിലുണ്ടാവുകയും ചെയ്യും.

67 ലക്ഷം രൂപ നഷ്ടപ്പെട്ടിട്ടുണ്ട്. അച്ഛന്റെ ക്രെഡിറ്റ് കാർഡുകളും ബിറ്റ് കോയിൻ പാസ്‌വേഡുകളും ഉപയോഗിച്ചു ട്രേഡിംഗിലായിരുന്നു പതിനാറുകാരൻ. സ്മാർട്ട്ഫോണിൽ വീഡിയോ കാണലും ഗെയിം കളിയുമായിരുന്നു ആദ്യം. ക്രിപ്റ്റോ സൈറ്റുകളിൽ എത്തിപ്പെട്ടതോടെ രാവും പകലും ട്രേഡിംഗായി. ഫോണിലെ അപ്ഡേറ്റ്സ് മിസ് ആകാതിരിക്കാൻ ഉറക്കം കളഞ്ഞു. ട്രേഡിംഗ് നിർത്തിവെച്ച് അച്ഛൻ ഫോൺ പിടിച്ചുവാങ്ങിയതോടെ വീട് യുദ്ധക്കളമാവുകയായിരുന്നു. കാറുകൾ അടിച്ചുപൊട്ടിച്ചു. അച്ഛനെ കൊല്ലാൻ പാഞ്ഞടുത്തു. ഒടുവിൽ പൊലീസ് വലയത്തിൽ ആശുപത്രിയിലേക്ക്. മരുന്നിന്റെ മയക്കം വിട്ടുണരുമ്പോഴെല്ലാം ഫോൺ ചോദിച്ചു ബഹളം. അച്ഛനെ കൊല്ലാനുള്ള ദേഷ്യം അൽപമെങ്കിലും കുറഞ്ഞത് ആഴ്ചകൾക്കു ശേഷമാണ്. പല തെറാപ്പികളും പൂർത്തിയാക്കി വീട്ടിലേക്കു തിരിച്ചുപോകുമ്പോഴും അവൻ പൂർണമായും നോർമലായിട്ടില്ല. പഠനം തുടരണമെങ്കിൽ മനസ്സും ശരീരവും ആരോഗ്യം വീണ്ടെടുക്കണം. അതിന് ഇനിയുമെടുക്കും മാസങ്ങൾ. (ഗായത്രി ജയരാജ്, മലയാള മനോരമ)

സ്ക്രീൻ അഡിക്ഷന്റെ ഭീകരമായ ഒരു മുഖമാണ് മുകളിൽ. ഇതുപോലെ ഡേറ്റിംഗ് ആപ്പിലെ ചൂഷണത്തിന് ഇരയായവരും പഠനം പാടേ നിർത്തേണ്ടിവന്നവരും മരണത്തിലേക്ക് നടന്നടുത്തവരുമായി എത്രയോ കുട്ടികൾ.

## രക്ഷിതാക്കളാണ് പ്രതികൾ

മുകളിൽ വായിച്ച മൂന്ന് കഥകളും സ്ക്രീൻ അഡിക്ഷന്റെ വ്യത്യസ്ത മുഖങ്ങളാണ്. ഇവർ എങ്ങനെ ഇത്തരം അപകടങ്ങളുടെ ഭാഗമാകുന്നുവെന്ന് ചിന്തിച്ചിട്ടുണ്ടോ? രക്ഷിതാക്കൾ തന്നെയല്ലേ ഇതിൽ ഒന്നാം പ്രതികൾ? കുട്ടികളുടെ ആദ്യ വിദ്യാലയം രക്ഷിതാക്കളാണല്ലോ. ഒന്നുമറിയാതെ ഈ ഭൂമിലോകത്തേക്ക് ജനിച്ചുവീണ കുട്ടിയുടെ കയ്യിലേ

പ്ലസ്‌പോയിന്റ്

## വെർച്വൽ ഓട്ടിസം

ജന്മനാ ഓട്ടിസം ബാധിച്ച കുട്ടികളും മുതിർന്നവരുമായ നിരവധി പേർ നമുക്കിടയിലുണ്ട്. എന്നാൽ ആരോഗ്യകരമായ പ്രകൃതിയിൽ ജനിക്കുകയും പിന്നീട് ഓട്ടിസം ബാധിച്ച അവസ്ഥയിലെത്തുകയും ചെയ്യുന്ന നിരവധി കുട്ടികളെ ഇന്ന് കാണാം, വെർചൽ ഓട്ടിസം ബാധിച്ചവർ. സ്മാർട്ട്ഫോണിന്റെയും ടാബിന്റെയുമൊക്കെ അമിത ഉപയോഗമാണ് അവരെ അത്തരമൊരു അവസ്ഥയിലേക്കെത്തിക്കുന്നത്. എപ്പോഴും ഫോൺ ചോദിക്കുക, കണ്ണിലേക്കു നോക്കി സംസാരിക്കുന്നതു കുറയുക, പേരുവിളിച്ചാൽ പോലും ശ്രദ്ധിക്കാതെ ഫോണിൽ മുഴുകി



യിരിക്കുക, സംസാരിക്കാനുള്ള കാലതാമസം, ഒരേ കാര്യം ആവർത്തിച്ചു ചെയ്യുക, നിറങ്ങളും ആകൃതികളും വേർതിരിക്കാനുള്ള ബുദ്ധിമുട്ട്, മറ്റു കുട്ടികൾക്കൊപ്പമോ മാതാപിതാക്കൾക്കൊപ്പമോ കളിക്കാനോ ഇടപഴകാനോ താൽപര്യം കുറയുക, മനസ്സിലാകാത്ത വാക്കുകൾ ഉപയോഗിക്കുക, സംസാരത്തിനു കാർട്ടൂൺ കഥാപാത്രത്തോടു സാമ്യമുണ്ടാകുക, ആ കഥാപാത്രത്തോടു സംസാരിക്കുന്ന പോലെ തനിച്ചിരുന്നു സംസാരിക്കുക, സ്ക്രീൻ എടുത്തു മാറ്റാൻ ശ്രമിച്ചാൽ അക്രമാസക്തരാകുക എന്നിവയെല്ലാം വെർചൽ ഓട്ടിസത്തിന്റെ ലക്ഷണമാകാം. കുട്ടികൾ മൂന്നു വയസ്സിന് മുമ്പ് തന്നെ തുടർച്ചയായി സ്ക്രീനിന് അടിമപ്പെടുന്നതാണ് വെർചൽ ഓട്ടിസത്തിന്റെ പ്രധാന കാരണമെന്നാണ് പഠനങ്ങൾ പറയുന്നത്.

**മറ്റു കുട്ടികൾക്കൊപ്പം കളിക്കാനോ ഇടപഴകാനോ താൽപര്യം കുറയുക, മനസ്സിലാകാത്ത വാക്കുകൾ ഉപയോഗിക്കുക, സംസാരത്തിനു കാർട്ടൂൺ കഥാപാത്രത്തോടു സാമ്യമുണ്ടാകുക, ആ കഥാപാത്രത്തോടു സംസാരിക്കുന്ന പോലെ തനിച്ചിരുന്നു സംസാരിക്കുക, സ്ക്രീൻ എടുത്തുമാറ്റാൻ ശ്രമിച്ചാൽ അക്രമാസക്തരാകുക എന്നിവയെല്ലാം വെർച്വൽ ഓട്ടിസത്തിന്റെ ലക്ഷണമാകാം.**



ക്ക് ആദ്യമായി ഫോണും ടാബും വച്ചുകൊടുക്കുന്നത് അവരല്ലാതെ മറ്റാരാണ്? പല സന്ദർഭങ്ങളിലും കുട്ടികളെ പിടിച്ചിരുത്താനുള്ള എളുപ്പവഴി അവരുടെ കയ്യിൽ ഫോൺ വെച്ചുകൊടുക്കുക എന്നതാണ് പലരുടെയും രീതി. പതിയെ കുട്ടികൾ സ്ക്രീനിൽ ജീവിക്കാൻ ആരംഭിക്കുന്നു. അത് തിരിച്ചറിയുമ്പോഴേക്ക് കാര്യങ്ങൾ കൈവിട്ടുപോയിട്ടുണ്ടാകും. പിന്നെപ്പിന്നെ സ്ക്രീൻ കിട്ടാതാവുമ്പോൾ കുട്ടികളുടെ സ്വഭാവം മാറും. ചിലർ അലറി വിളിക്കും, മറ്റു ചിലർ പാത്രങ്ങളും മറ്റും എറിഞ്ഞുടക്കും, അപകടകരമാം വിധം അഡിക്ഷൻ ബാധിച്ചവർ ചുറ്റുമുള്ളവരെ ആക്രമിക്കാനും ചിലപ്പോൾ കൊല്ലാനും തുനിഞ്ഞേക്കാം.

**ഒരു കാരണവുമില്ലെങ്കിലും ഇടയ്ക്കിടെ സ്മാർട്ട്ഫോൺ നോക്കുക, വാട്ട്സാപ്പിൽ പുതിയ മെസ്സേജ് വന്നിട്ടുണ്ടോ എന്ന് ഇടയ്ക്കിടെ പരിശോധിക്കുക, വെറുതെ ഗ്രൂപ്പുകളിലൂടെ ഒന്ന് ഓടിച്ചുനോക്കുക, സാമൂഹിക മാധ്യമങ്ങളിൽ പങ്കിട്ട പോസ്റ്റിന് കിട്ടിയ ലൈക്കും ഷെയറും കമന്റും ഇടയ്ക്കിടെ പരിശോധിക്കുക എന്നിവയെല്ലാം നോമോഫോബിയയുടെ ചെറിയ ലക്ഷണങ്ങളാണ്.**

## നോമോഫോബിയ

സ്മാർട്ട്ഫോൺ കയ്യിലില്ലെങ്കിൽ, ബാറ്ററി ചാർജ്ജ് തീർന്നാൽ അസ്വസ്ഥരാകാറുണ്ടോ? എങ്കിൽ നോമോഫോബിയ എന്ന സ്മാർട്ട് ഫോൺ സെപറേഷൻ ആങ്സൈറ്റിയുടെ ഇരകളാണ് നിങ്ങൾ. മുതിർന്നവരിലാണ് നോമോഫോബിയ വലിയ തോതിൽ കാണുന്നതെങ്കിലും 10 വയസ്സിനു മുകളിൽ പ്രായമുള്ള കുട്ടികളിലും കണ്ടുവരുന്നുണ്ടെന്ന് ചില പഠനങ്ങൾ സൂചിപ്പിക്കുന്നു. ഒരു കാരണവുമില്ലെങ്കിലും ഇടയ്ക്കിടെ സ്മാർട്ട്ഫോൺ നോക്കുക, വാട്ട്സാപ്പിൽ പുതിയ മെസ്സേജ് വന്നിട്ടുണ്ടോ എന്ന് ഇടയ്ക്കിടെ പരിശോധിക്കുക, പുതിയ സന്ദേശങ്ങളൊന്നും കണ്ടില്ലെങ്കിലും വെറുതെ ഗ്രൂപ്പുകളിലൂടെ ഒന്ന് ഓടിച്ചുനോക്കുക, സാമൂഹിക മാധ്യമങ്ങളിൽ പങ്കിട്ട പോസ്റ്റിന് കിട്ടിയ ലൈക്കും ഷെയറും കമന്റും ഇടയ്ക്കിടെ പരിശോധിക്കുക എന്നിവയെല്ലാം നോമോഫോബി

പ്ലസ്പോയിന്റ്

# എന്തു ചെയ്യും?

സ്ക്രീൻ അഡിക്ഷനിൽ നിന്ന് കുട്ടികളെ രക്ഷിക്കണമെങ്കിൽ സമൂഹം, പ്രത്യേകിച്ചും രക്ഷിതാക്കൾ ചില തീരുമാനങ്ങൾ എടുക്കേണ്ടിയിരിക്കുന്നു. ഒന്നാമതായി, രണ്ടു വയസ്സിന് താഴെയുള്ള കുട്ടികൾക്ക് ഒരു തരത്തിലുള്ള സ്ക്രീനും കാണിക്കേണ്ടതില്ല എന്നാണ് ആധുനിക പഠനങ്ങൾ പറയുന്നത്. 2-5 വയസ്സിനിടയിൽ പ്രായമുള്ള കുട്ടികൾക്ക് അത്യാവശ്യമെങ്കിൽ പരമാവധി ഒരു മണിക്കൂർ നൽകാം. അതുതന്നെ രക്ഷിതാക്കളുടെ മേൽനോട്ടത്തിലാകണം. പഠനാവശ്യത്തിന് വേണ്ടി വിവിധതരം സ്ക്രീനുകൾ

**രക്ഷിതാക്കൾ ഇരുപത്തിനാലു മണിക്കൂറും ഫോൺ ഉപയോഗിക്കുകയും കുട്ടികളെ ഉപദേശിക്കുകയും ചെയ്യുന്നതിൽ അർത്ഥമില്ല. അവരുടെ മുന്നിൽ നല്ല റോൾമോഡലാകാൻ രക്ഷിതാക്കൾക്കു കഴിയണം.**

ഉപയോഗിക്കേണ്ടി വരുന്നവരാണ് 5 വയസ്സിനു മുകളിൽ പ്രായമുള്ള കുട്ടികൾ. രക്ഷിതാക്കളുടെ മേൽനോട്ടത്തിൽ അവർക്ക് ഫോൺ അനുവദിച്ചു കൊടുക്കാം. എന്നാൽ അതവരുടെ പഠനം, സാമൂഹിക ഇടപെടൽ എന്നിവയെ ബാധിക്കാത്ത രൂപത്തിലാകണമെന്നു മാത്രം.

ഫോണിലോ ടാബിലോ കിടന്നുറങ്ങുന്ന കുട്ടികളുടെ കയ്യിൽ നിന്ന് അത് പിടിച്ചുവാങ്ങിയതുകൊണ്ട് കാര്യമില്ല. മറിച്ച് അമിതോപയോഗത്തിന്റെ അപകടങ്ങൾ അവരെ പറഞ്ഞുമനസ്സിലാക്കണം. രക്ഷിതാക്കൾ ഇരുപത്തിനാലു മണിക്കൂറും ഫോൺ ഉപയോഗിക്കുകയും കുട്ടികളെ ഉപദേശിക്കുകയും ചെയ്യുന്നതിൽ അർത്ഥമില്ല. അവരുടെ മുന്നിൽ നല്ല റോൾ മോഡലാകാൻ രക്ഷിതാക്കൾക്കു കഴിയണം. കിച്ചൺ, യാത്ര, ഡൈനിംഗ് ഹാളിലെ ഒരുമിച്ചിരുത്തം തുടങ്ങിയ ഫാമിലിടൈമിൽ കുടുംബത്തിലെ ആരും ഫോൺ ഉപയോ



ഗിക്കാതിരിക്കുക എന്നത് പ്രധാനമാണ്. അതുപോലെ കുട്ടികളെ കൂടുതൽ ഫിസിക്കൽ ആക്ടിവിറ്റികളിൽ വ്യാപൃതരാക്കാൻ കഴിഞ്ഞാലും ഒരു പരിധി വരെ സ്ക്രീനിൽ നിന്ന് അവരെ രക്ഷിച്ചെടുക്കാം. പറഞ്ഞുമനസ്സിലാക്കാവുന്ന അവസ്ഥയിൽ നിന്ന് കുട്ടി ഏറെ അകലെയാണെന്ന് തിരിച്ചറിയുന്ന ആദ്യഘട്ടത്തിൽ തന്നെ മികച്ച ക്ലിനിക്കൽ സൈക്കോളജിസ്റ്റിനെ കാണലും ആവശ്യമായ ചികിത്സ തേടലും അനിവാര്യമാണ്. അതില്ലാതെ കുട്ടികളോട് ദേഷ്യപ്പെട്ടതുകൊണ്ടോ അവരെ അടിച്ചതുകൊണ്ടോ വീട്ടുതടങ്കലിലിട്ടതുകൊണ്ടോ കാര്യമില്ല.

യയുടെ ചെറിയ ലക്ഷണങ്ങളാണ്. സ്മാർട്ട്ഫോൺ അടുത്തില്ലെങ്കിൽ വർധിച്ച ഹൃദയമിടിപ്പ്, ഉത്കണ്ഠ, രക്തസമ്മർദ്ദം എന്നിവയെല്ലാം നോമോഫോബിയയുള്ളവർക്ക് അനുഭവപ്പെട്ടേക്കാം.

രാജ്യത്ത് സ്മാർട്ട്ഫോൺ ഉപയോഗിക്കുന്ന നാലിൽ മൂന്നു പേർക്കും നോമോഫോബിയയുണ്ടെന്ന പഠനം കഴിഞ്ഞ വർഷം പുറത്തുവന്നിരുന്നു. മാർക്കറ്റ് റിസർച്ച് സ്ഥാപനമായ കൗണ്ടർ പോയിന്റും സ്മാർട്ട്ഫോൺ നിർമാതാക്കളായ ഒപ്പോയും ചേർന്നു നടത്തിയ സർവേയിലാണ് ഈ കണ്ടെത്തൽ.

ഇന്ന് മുതിർന്നവരിലും കുട്ടികളിലും ഒരുപോലെ കണ്ടുവരുന്ന നോമോഫോബിയക്ക് പരിഹാരമായി മനശ്ശാസ്ത്ര വിദഗ്ധർ അടക്കമുള്ളവരുടെ സഹായം തേടാവുന്നതാണ്. കോഗ്നിറ്റീവ് ബിഹേവിയറൽ തെറാപ്പി അടക്കമുള്ള മനശ്ശാസ്ത്ര ചികിത്സകൾ ഇതിന് ഫലപ്രദമാകാറുണ്ട്.



കവർസ്റ്റോറി

സിയാദ് സഖാഫി പാറന്നൂർ

# സ്ത്രീ ഉടയാടയും ഉത്തരവാദിത്തവും

സ്ത്രീസമൂഹത്തിന്റെ സുരക്ഷിതത്വത്തിനും സംരക്ഷണത്തിനും ഇസ്‌ലാം പ്രാമുഖ്യം നൽകുന്നു.

സ്ത്രീകൾക്കും പുരുഷന്മാർക്കും അനുയോജ്യമായ വ്യത്യസ്ത ജീവിതക്രമങ്ങളാണ് ഇസ്‌ലാം നിർദ്ദേശിക്കുന്നത്. സ്ത്രീകളുടെ അവകാശങ്ങൾ പരാമർശിച്ചുകൊണ്ട് 'സൂറത്തുന്നിസാഅ്' എന്ന ഒരു അധ്യായം ഖുർആനിലുണ്ട്. പിറന്നുവീണത് പെൺകുഞ്ഞാണെങ്കിൽ ജീവനോടെ മണ്ണിട്ടുമൂടുന്ന കാലഘട്ടത്തിൽ അവർക്ക് ജീവിക്കാനുള്ള അവകാശമുണ്ടെന്നും അവർ ആദരണീയരാണെന്നും പഠിപ്പിച്ചു, ഇസ്‌ലാം. സ്ത്രീകളുടെ ശാരീരിക, മാനസിക ദൗർബല്യങ്ങൾ കണക്കിലെടുത്ത് വിശുദ്ധ ഇസ്‌ലാം അവരെ പ്രത്യേകം പരിഗണിച്ചിട്ടുണ്ട്. അനന്തരാവകാശം സ്ത്രീകൾക്കും നൽകണമെന്ന് പ്രഖ്യാപിച്ചു. ഇസ്‌ലാം മുന്നോട്ടുവെക്കുന്ന നിയമങ്ങൾ പൂർണ്ണമായും പാലിച്ച് ദൈവഭക്തിയോടെ ജീവിക്കുന്ന സ്ത്രീകൾ സുരക്ഷിതരും സന്തുഷ്ടരുമായിരിക്കും. ഈ അതിർവരമ്പുകൾ ഭേദിച്ച് പുരുഷന്മാരെപ്പോലെ പൊതുരംഗം കയ്യടക്കണമെന്നും മുഖ്യധാരയിലേക്കിറങ്ങണമെന്നും വാദിച്ച് സ്ത്രീകളെ പൊതുരംഗത്തേക്കിറക്കിയതിന്റെ ഭവിഷ്യത്തുകൾ നാം ഇന്നു കണ്ടുകൊണ്ടിരിക്കുകയാണല്ലോ.

സ്ത്രീപീഡനങ്ങൾക്കും ചൂഷണങ്ങൾക്കും പ്രധാന കാരണം സ്ത്രീകളുടെ പൊതുരംഗപ്രവേശനവും തെറ്റായ വസ്ത്രധാരണവുമാണെന്നത് നിസ്തർക്കമാണ്. ഈ സന്ദർഭത്തിൽ ഇസ്‌ലാം നിഷ്കർഷിക്കുന്ന വിധിവിലക്കുകൾ ചർച്ച ചെയ്യപ്പെടേണ്ടതും ആവർത്തിച്ച് വായിക്കപ്പെടേണ്ടതുമാണ്.

## ഹിജാബും നിഖാബും

സ്ത്രീകളുടെ സുരക്ഷയ്ക്കും സംരക്ഷണത്തിനും വേണ്ടി ഇസ്‌ലാം മുന്നോട്ടുവെക്കുന്ന പ്രധാന നിയമമാണ് ഹിജാബ്. അന്യരായ സ്ത്രീ പുരുഷന്മാർ പരസ്പരം കാണേണ്ടിവരുന്ന സാഹചര്യങ്ങളിൽ പാലിക്കേണ്ട പെരുമാറ്റചട്ടങ്ങളിലൊന്നാണ് ഹിജാബ്. അന്യ സ്ത്രീ പുരുഷന്മാർ പരസ്പരം കാണുന്നതിന് ഇസ്‌ലാം വിലക്കേർപ്പെടുത്തിയിട്ടുണ്ട്. സ്ത്രീകളുടെ സുരക്ഷ മുന്നിൽ കണ്ടുകൊണ്ടാണ് ഇത്തരം ഒരു നിയമം ഇസ്‌ലാം അനുശാസിക്കുന്നത്. കാമക്കണ്ണുകളുടെ കെണികളിൽ നിന്നുള്ള മോചനമാണതിന്റെ ലക്ഷ്യം. പൊതുസ്ഥലങ്ങളിൽ ഹിജാബ് ഒരു കവചമാണെന്നർത്ഥം.

ഹിജാബ് നിയമത്തിലെ ഒരു ഭാഗം മാത്രമാണ് നിഖാബ്

പ്ലസ്പോയിന്റ്

# അന്തസ്സുള്ള വസ്ത്രം

ഒരു വ്യക്തിയുടെ അന്തസ്സും അഭിമാനവും കാത്തുസൂക്ഷിക്കുന്നതിൽ വേഷവിധാനത്തിന് വലിയ പങ്കുണ്ട്.

അത്യുഷ്ണ കാലാവസ്ഥയിൽ ജീവിച്ചിരുന്ന പ്രാകൃത സമൂഹത്തിലെ മനുഷ്യർ ലിംഗഭേദമന്യേ നഗ്നത പൂർണ്ണമായും മറയ്ക്കാറില്ലായിരുന്നു. ഇലകളും പുല്ലുകളും മൃഗങ്ങളുടെ തോലുകളും രോമങ്ങളുമെല്ലാം ഉപയോഗിച്ചാണ് അവർ നഗ്നത മറച്ചിരുന്നത്. എന്നാൽ, സാംസ്കാരികമായും സാമൂഹികമായും പുരോഗതി പ്രാപിച്ചപ്പോൾ മനുഷ്യരുടെ വസ്ത്രധാരണ രീതിയിൽ സമൂലമായ മാറ്റം വന്നു. പുരുഷന്മാർക്കും സ്ത്രീകൾക്കും, കുട്ടികൾക്കും മുതിർന്നവർക്കുമെല്ലാം വ്യത്യസ്ത വസ്ത്രങ്ങൾ പ്രചാരത്തിൽ വന്നു. വസ്ത്രങ്ങളിൽ പ്രാദേശികമായ വൈവിധ്യങ്ങൾ ദൃശ്യമായി.

ആദ്യം ക്രിസ്ത്യാനിറ്റിയും ഏകദേശം 600 വർഷങ്ങൾക്കു ശേഷം ഇസ്‌ലാമും സ്ത്രീകൾ ശിരസ്സു മുതൽ പാദം വരെയുള്ള വസ്ത്രം ധരിക്കണമെന്ന് ആഹ്വാനം ചെയ്തു. (ബ്രിട്ടാനിക്ക എൻസൈക്ലോപീഡിയ)

മതം അനുശാസിക്കുന്ന, മാന്യമായ വസ്ത്രം ധരിക്കുന്നതാണ് അന്തസ്സ്. വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു: 'മനുഷ്യരേ, ഗോപ്യസ്ഥാനങ്ങൾ മറയ്ക്കാനുതകുന്ന വസ്ത്രവും അലങ്കാരവസ്ത്രവും നിങ്ങൾക്കു നാം നൽകിയിരിക്കുന്നു. തഖ്‌വ(ധർമനിഷ്ഠ)യുടെ വസ്ത്രമാണ് കൂടുതൽ ഉത്തമം. അവർ ശ്രദ്ധിച്ചു മനസ്സിലാക്കുവാൻ വേണ്ടി അല്ലാഹു അവതരിപ്പിക്കുന്ന തെളിവുകളിൽപ്പെട്ടതാണത്.' (അഅ്റാഫ് 26)

സ്ത്രീകളുടെ അഭിമാനവും സ്വകാര്യതയും സംരക്ഷിക്കുന്ന പർദ്ദ, ഹിജാബ്, നിഖാബ് തുടങ്ങിയ വസ്ത്രങ്ങൾ അന്തസ്സാണെന്നും പ്രാകൃത ജനവിഭാഗങ്ങളുടെ അൽപ വസ്ത്രധാരണത്തോട് സാമ്യമുള്ള ഫാഷൻ വസ്ത്രങ്ങൾ മാന്യതക്ക് നിരക്കാത്തതാണെന്നും വിവേകമുള്ളവർക്ക് മനസ്സിലാകും.

(മുഖാവരണം). മനുഷ്യശരീരത്തിലെ ഏറ്റവും മഹത്വമേറിയ ഭാഗമാണ് മുഖം. മുസ്‌ലിം സ്ത്രീകൾ അന്യർക്കു മുമ്പിൽ മുഖം മറയ്ക്കണമെന്നും മൂടുപടം താഴ്ത്തിയിടണമെന്നും ഖുർആൻ വ്യക്തമാക്കുന്നു.

'നബിയേ, അങ്ങയുടെ പത്നിമാരോടും പുത്രിമാരോടും സത്യവിശ്വാസികളായ സ്ത്രീകളോടും തങ്ങളുടെ മൂടുപടങ്ങൾ താഴ്ത്തിയിടാൻ പറയൂ. അവർ തിരിച്ചറിയപ്പെടുവാനും അതുവഴി ശല്യം ചെയ്യപ്പെടാതിരിക്കാനും അതാണ് ഏറ്റവും അനുയോജ്യം. അല്ലാഹു ഏറെ പൊറുക്കുന്നവനും അനുഗ്രഹം ചെയ്യുന്നവനുമാകുന്നു.' (സൂറത്തുൽ അഹ്സാബ്-59)

പ്രസ്തുത ആയത്തിൽ പരാമർശിച്ച 'ജലാബീബ്' എന്ന പദത്തിന് രണ്ടു വ്യാഖ്യാനങ്ങൾ കാണാം. ഒന്നാമത്തേത് ശരീരമാകെ ചുറ്റിപ്പൊതിയുന്ന വസ്ത്രങ്ങളെന്നും രണ്ടാമത്തേത് തലയും കഴുത്തും മാറിടവും മറയ്ക്കുന്ന വസ്ത്രങ്ങളെന്നുമാണത്.

ആദ്യ വ്യാഖ്യാന പ്രകാരം ശരീരം മുഴുവനും രണ്ടാം വ്യാഖ്യാന പ്രകാരം ആകർഷിക്കപ്പെടുന്ന ഭാഗങ്ങളും നിർബന്ധമായും മറയ്ക്കണം. ഇതിനർത്ഥം മറ്റു ഭാഗങ്ങൾ പ്രദർശിപ്പിക്കൽ അനുവദനീയമാണെന്നല്ല. അതുകൂടി മറയ്ക്കേണ്ടതാണെന്ന് മറ്റു പ്രമാണങ്ങളിൽ നിന്നു വ്യക്തമാണ്.

## അന്യരെന്നാൽ

അന്യരുടെ മുന്നിലാണ് സ്ത്രീ പരിപൂർണ്ണമായ ഹിജാബ് പാലിക്കേണ്ടത്. പരസ്പരം വിവാഹബന്ധം അനുവദനീയമായ വരാണ് കർമ്മശാസ്ത്രപരമായി അന്യർ. വിവാഹബന്ധം അനുവദനീയമല്ലാത്ത ബന്ധുക്കൾക്കാണ് മഹ്റം എന്നു പറയുക. രക്തബന്ധം, മുലകുടിബന്ധം, വിവാഹബന്ധം എന്നിവയിലൂടെയാണ് സ്ത്രീപുരുഷന്മാർക്കിടയിൽ മഹ്റമിയ്യത്ത് (വിവാഹം നിഷിദ്ധമാകൽ) സ്ഥിരപ്പെടുന്നത്. ഈ വകുപ്പിൽ പെടാത്ത പുരുഷന്മാർ സ്ത്രീകൾക്ക് അന്യരാണ്. ഭർത്താവിന്റെ ജ്യേഷ്ഠാനുജന്മാർ അന്യരാണ്. പിതൃ മാതൃ സഹോദര സഹോദരിമാരുടെ മക്കളും അന്യരുടെ ഗണത്തിൽ തന്നെയാണുൾപ്പെടുന്നത്.

ഇവരുടെയെല്ലാം സാന്നിദ്ധ്യത്തിലും പൊതുസ്ഥലങ്ങളിലും പരിപൂർണ്ണ ഹിജാബ് പാലിക്കണം. ഭക്തിയോടെ ഹിജാബ് പാലിക്കുന്ന മുസ്‌ലിം സ്ത്രീകൾക്ക് അതൊരു സ്വാതന്ത്ര്യനിഷേധമായോ അസ്വസ്ഥതയായോ അനുഭവപ്പെടില്ല.

## സ്ത്രീകളുടെ ഔറത്ത്

സ്ത്രീകളുടെ ഔറത്ത് എല്ലാ അവസ്ഥയിലും ഒരുപോലെയല്ല. ഒന്നാമതായി നിസ്കാരത്തിൽ പാലിക്കേണ്ട മറ ഏതാണെന്ന് സൈനുദ്ദീൻ മഖ്ദൂം(റ) പറയുന്നു:

'സ്വതന്ത്രയായ സ്ത്രീ (ബാലികയാണെങ്കിലും) നിസ്കാരത്തിൽ മുഖവും മുൻകൈകളുമൊഴികെ ദേഹം മുഴുവനും മറയ്ക്കൽ നിർബന്ധമാണ്. അഭിമുഖമായി സംസാരിക്കുമ്പോൾ തൊലിയുടെ നിറം കാണാത്ത വിധത്തിലുള്ള വസ്ത്രമാണ് ധരിക്കേണ്ടത്. വസ്ത്രം ഏതുവിധമാകണമെന്നതിനു അഹ്മദുബ്നുമൂസബ്നു ഉജൈൽ(റ) നൽകിയ വിശദീകരണമാണിത്. അവയവങ്ങളുടെ ആകാരം പ്രകടമാകുന്ന വസ്ത്രം (ഇടുങ്ങിയ പാന്റ് പോലുള്ളവ) ആകാമെങ്കിലും അത്

ഉത്തമവിരുദ്ധമാണ്.' (ഫത്ഹുൽ മുഈൻ)

ഔറത്ത് മറയ്ക്കാൻ ഉപയോഗിക്കുന്ന വസ്ത്രം കട്ടിയുള്ളതാവണമെന്നും നെറ്റ് പോലുള്ളതാവരുതെന്നും ഇതിൽനിന്ന് സുവ്യക്തമാണ്.

രണ്ടാമത്തേത് അന്യപുരുഷന്മാരുടെ സാന്നിധ്യത്തിലുള്ള ഔറത്താണ്. മുഖവും മുൻകൈയ്യും ഉൾപ്പെടെയുള്ള ശരീരത്തിന്റെ മുഴുവൻ ഭാഗങ്ങളും മറയ്ക്കണം. ശരീരത്തിന്റെ ഒരു ഭാഗം പോലും അന്യർക്കു മുന്നിൽ പ്രദർശിപ്പിക്കരുത്.

മൂന്നാമത്തേത് വിവാഹബന്ധം നിഷിദ്ധമായവരുടെ സാന്നിധ്യത്തിലാകുമ്പോഴുള്ള ഔറത്താണ്. അത് കാൽമുട്ടിനും പൊക്കിളിനുമിടയിലുള്ള സ്ഥലമാണ്.

നാലാമത്തേത് അമുസ്‌ലിംസ്ത്രീകളുടെ സാന്നിധ്യത്തിലുള്ള ഔറതാണ്. ജോലിസമയത്ത് സാധാരണ വെളിവാകുന്ന ഭാഗങ്ങൾ ഒഴികെയുള്ള ശരീരഭാഗങ്ങളാണത്. (ശർവാനി-2:112)

ഭർത്താവിനു ഭാര്യയുടെ ശരീരം മുഴുവൻ കാണലും സ്പർശിക്കലും മറ്റു ആസ്വാദനങ്ങളും അനുവദനീയമാണെന്ന് പറയേണ്ടതില്ലല്ലോ. എങ്കിലും ഗുഹ്യസ്ഥാനങ്ങളിലേക്ക് നോക്കാതിരിക്കലാണ് നല്ലത്. അതാണ് തിരുചര്യ. പ്രവാചകപത്നി ആഇശബീവി(റ) പറയുന്നു: 'ഞാൻ മുത്തുനബി(സ)യുടെയോ മുത്തുനബി(സ) എന്റെയോ (രഹസ്യഭാഗം) കണ്ടിട്ടില്ല.'

## സ്ത്രീപുരുഷ ദർശനം

അന്യരായ സ്ത്രീപുരുഷന്മാർ പരസ്പരം ദർശിക്കൽ വിശുദ്ധ ഇസ്‌ലാം കർശനമായി വിലക്കിയിട്ടുണ്ട്. എല്ലാ കുഴപ്പങ്ങളുടെയും പ്രഥമഹേതുവാണല്ലോ പരസ്പര ദർശനം. 'സത്യവിശ്വാസികളോട് അവരുടെ ദൃഷ്ടികൾ താഴ്ത്താനും ഗുഹ്യാവയവങ്ങൾ കാത്തുസൂക്ഷിക്കാനും താങ്കൾ പറയുക. അതാണവർക്ക് ഏറെ പരിശുദ്ധമായിട്ടുള്ളത്. നിശ്ചയം, അവർ പ്രവർത്തിക്കുന്നതിനെപ്പറ്റി അല്ലാഹു സൂക്ഷ്മമായി അറിയുന്നവനാകുന്നു. സത്യവിശ്വാസിനികളോടും അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും അവരുടെ ഗുഹ്യാവയവങ്ങൾ സൂക്ഷിക്കുവാനും അവരുടെ ഭംഗിയിൽ നിന്ന് പ്രത്യക്ഷമായതൊഴിച്ച് മറ്റൊന്നും വെളിപ്പെടുത്താതിരിക്കുവാനും താങ്കൾ പറയുക. അവരുടെ മുഖമക്കനകൾ കുപ്പായമാറിനു മീതെ താഴ്ത്തിയിട്ടുക്കൊള്ളട്ടെ.' (സൂറത്തുന്നൂർ 30-31)

പിശാചിന്റെ അസ്ത്രമാണ് നോട്ടം. നോട്ടത്തെ തുടർന്ന് അനാവശ്യ ചിന്തകൾ പിശാച് മനുഷ്യമനസ്സുകളിൽ സൃഷ്ടി



**രക്തബന്ധം, മുലകുടിബന്ധം, വിവാഹബന്ധം എന്നിവയിലൂടെയാണ് സ്ത്രീപുരുഷന്മാർക്കിടയിൽ മഹ്റമിയ്യത്ത് (വിവാഹം നിഷിദ്ധമാകൽ) സ്ഥിരപ്പെടുന്നത്. ഈ വകുപ്പിൽ പെടാത്ത പുരുഷന്മാർ സ്ത്രീകൾക്ക് അന്യരാണ്. ഭർത്താവിന്റെ ജ്യേഷ്ഠാനുജന്മാർ അന്യരാണ്. പിതൃ മാതൃ സഹോദര സഹോദരിമാരുടെ മക്കളും അന്യരുടെ ഗണത്തിൽ തന്നെയാണുൾപ്പെടുന്നത്.**

പ്ലസ്പോയിന്റ്

# സ്ത്രീ സംരക്ഷണ നിയമങ്ങൾ

കേരള വനിതാ കമ്മീഷൻ 2021 ജനുവരി 30ന് പരിഷ്കരിച്ച് പുറത്തിറക്കിയ സ്ത്രീ സംരക്ഷണ നിയമങ്ങൾ എന്ന പുസ്തകത്തിന്റെ ആമുഖത്തിൽ ഇങ്ങനെ വിശദീകരിക്കുന്നു: 'നിയമപരമായി തന്റെ രാജ്യം തനിക്ക് തരുന്ന അവകാശങ്ങളെയും ആനുകൂല്യങ്ങളെയും പറ്റി ഓരോ സ്ത്രീയും അറിഞ്ഞിരിക്കേണ്ടതുണ്ട്. ഇത്തരത്തിൽ നിയമത്തെക്കുറിച്ച് അവബോധമുണ്ടായാൽ മാത്രമേ ചൂഷണത്തിൽ നിന്നും പീഡനങ്ങളിൽ നിന്നുമൊക്കെ സ്ത്രീകൾ മോചിതരാവുകയുള്ളൂ.'

കേരള സമൂഹത്തിന് പൊതുവെയും സ്ത്രീകൾക്ക് പ്രത്യേകമായും സമർപ്പിക്കുന്ന ഈ പുസ്തകം 1986 ലെ സ്ത്രീകളെ അസഭ്യമായി ചിത്രീകരിക്കുന്നത് (നിരോധിക്കൽ) ആക്ട് വിശദീകരിക്കുന്നുണ്ട്. പരസ്യം, പ്രസിദ്ധീകരണങ്ങൾ, ലഘുലേഖ, വർണ്ണചിത്രം എന്നിവയിലൂടെയും മറ്റു മാർഗ്ഗങ്ങളിലൂടെയും സ്ത്രീകളെ നിന്ദ്യമായും അശ്ലീലമായും ചിത്രീകരിക്കുന്നത് തടയുന്നതിനും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കും വേണ്ടി ഇന്ത്യൻ പാർലമെന്റ് പാസാക്കിയ ഈ ആക്ട് 1987 ഒക്ടോബർ മാസം രണ്ടാം തീയതിയാണ് പ്രാബല്യത്തിൽ വന്നത്.

സ്ത്രീകളെ നിന്ദ്യരായി ചിത്രീകരിക്കുന്നതിനെ പുസ്തകം (പേജ് 42) വിശദമാക്കുന്നു: 'സ്ത്രീകളുടെ രൂപമോ ആകാരമോ ശരീരമോ ഏതെങ്കിലും അവയവ ഭാഗമോ അശ്ലീലമായോ നിന്ദ്യമായോ അപകീർത്തികരമായവിധത്തിലോ പൊതുജനത്തിന്റെ സാൻമാർഗികതയെ ഹനിപ്പിക്കുന്ന തരത്തിലോ ദൂഷിപ്പിക്കുന്ന രീതിയിലോ ചിത്രീകരിക്കുന്നതിനെ സ്ത്രീകളുടെ നിന്ദ്യമായ ചിത്രീകരണമെന്ന് അർഥമാക്കുന്നു.

യാതൊരാളും സ്ത്രീകളെ അപകീർത്തിപ്പെടുത്തുന്ന തരത്തിലുള്ള പരസ്യം പ്രസിദ്ധീകരിക്കുകയോ പ്രസിദ്ധീകരിക്കുവാൻ ഇടയാക്കുകയോ അതിനു ഭാഗഭാക്കാവുകയോ ചെയ്യുവാൻ പാടില്ല.'

ഈ നിയമങ്ങളുടെ പ്രായോഗികതയും കാര്യക്ഷമതയും ഇന്ന് എത്രത്തോളമുണ്ടെന്ന് നമുക്കറിയാമല്ലോ.

**ശാരീരിക ദൗർബല്യവും പുരുഷന്മാരോട് ഇടകലർന്ന് ജീവിക്കുമ്പോഴുണ്ടാകുന്ന സാമൂഹിക അരക്ഷിതാവസ്ഥയും കണക്കിലെടുത്ത് വലിയ ഇളവാണ് ഇസ്‌ലാം സ്ത്രീകൾക്ക് നൽകിയിട്ടുള്ളത്. മാത്രമല്ല, വീട് പരിചരണം, സന്താനപരിപാലനം തുടങ്ങിയ കാര്യങ്ങളിൽ ശ്രദ്ധപതിപ്പിക്കാൻ പൊതുരംഗപ്രവേശം തടസ്സവുമാണല്ലോ.**

ക്കും. ഒരു ഹദീസിൽ കാണാം:

'നോട്ടം ഇബ്‌ലീസിന്റെ അസ്ത്രങ്ങളിൽ ഒരു അസ്ത്രമാണ്. അല്ലാഹുവിനെ ഭയന്ന് ആരെങ്കിലും അതുപേക്ഷിച്ചാൽ അല്ലാഹു അവന് ഈമാൻ നൽകും. അതിന്റെ മാധുര്യം ഹൃദയത്തിൽ അവന് ലഭിക്കും.' (കശ്ഫുൽ ഖഫാഅ്)

നോട്ടം വ്യഭിചാരത്തിനു വരെ പ്രേരകമാവും. ഇമാം മുസ്‌ലിം ഉദ്ധരിച്ച ഒരു ഹദീസ് ഇതിന്റെ ഗൗരവം വ്യക്തമാക്കുന്നുണ്ട്, നബി(സ) പറഞ്ഞു: 'കണ്ണുകളുടെ നോട്ടം വ്യഭിചാരമാണ്.' (മുസ്‌ലിം:4802)

പുരുഷന്മാർ അന്യ സ്ത്രീകളെ നോക്കുന്നതു മാത്രമല്ല. സ്ത്രീകൾ അന്യപുരുഷന്മാരെ നോക്കുന്നതും ഹറാമാണ്. ഇമാം തുർമുദി(റ) ഉദ്ധരിച്ച ഹദീസിൽ കാണാം:

ഉമ്മുസലമ(റ) പറഞ്ഞു: 'ഞാനും മൈമൂന(റ)യും പ്രവാചകസന്നിധിയിലിരിക്കവെ, അന്ധനായ ഇബ്നുഉമ്മിമക്തൂം(റ) അവിടേക്ക് കടന്നുവന്നു. അദ്ദേഹത്തിൽ നിന്ന് ഹിജാബ് പാലിക്കാൻ നബി(സ) ഞങ്ങളോട് കൽപ്പിച്ചു. അപ്പോൾ ഞങ്ങൾ ചോദിച്ചു: 'അദ്ദേഹം അന്ധനല്ലേ റസൂലേ... ഞങ്ങളെ കാണുകയില്ലല്ലോ?'

അപ്പോൾ നബി(സ) പറഞ്ഞു: 'നിങ്ങളും അന്ധരാണോ? നിങ്ങൾ അദ്ദേഹത്തെ കാണുന്നില്ലേ?' (തിർമുദി)

സ്ത്രീകൾ വീടുഭരിക്കുകയും പുരുഷന്മാർ പൊതുകാര്യങ്ങളിൽ ഇടപെടുകയും ചെയ്യുന്നതാണ് നീതിയും സുരക്ഷയും. പുരുഷന്മാരെപ്പോലെ സ്ത്രീകൾക്കും പൊതുകാര്യങ്ങളിലിടപെടാൻ സ്വാതന്ത്ര്യം നൽകിയിട്ടുണ്ടെങ്കിൽ പിന്നെ പരസ്പരം കാണുവാനോ സംസാരിക്കാനോ പാടില്ലെന്ന് പറയുന്നതിൽ അർത്ഥമില്ലല്ലോ.

## സ്ത്രീ പൊതുരംഗപ്രവേശം

സ്ത്രീകൾ പൊതുരംഗത്തേക്കു പ്രവേശിക്കുന്നത് ഇസ്‌ലാം അംഗീകരിക്കുന്നില്ലെന്നത് വ്യക്തമാണ്. ഭരണരംഗത്തേക്ക് വരുന്നതും പൊതുവിഷയങ്ങളിൽ ഇടപെടുന്നതും അവർക്ക് യോജിച്ചതല്ലെന്നർത്ഥം.

ഒരു നാട്ടിൽ സാമൂഹ്യമായി ചെയ്യേണ്ട നിർബന്ധകർമ്മങ്ങളാണ് മയ്യിത്ത് നിസ്കാരം, സംസ്കരണം, ഇസ്‌ലാമിക ശിആർ വെളിവാകുന്ന രൂപത്തിൽ ജുമുഅ,

സ്ത്രീക്ക് ചെലവ് കൊടുക്കാൻ ആരുമില്ലാതെ വരികയോ ഉള്ളവർക്കതിനു കഴിയാതെ വരികയോ ചെയ്യുമ്പോൾ തന്റെ ചെലവിനും തന്റെ മക്കളെ പോറ്റാനും വേറെ ഗതിയില്ലാത്ത അവസ്ഥയിൽ അവർക്കു പുറത്ത് ജോലിക്കു പോകാം. ഭർത്താവ് അതിന് സൗകര്യം ചെയ്തു കൊടുക്കണമെന്നും ആവശ്യമെങ്കിൽ ഭർത്താവ് കൂടെ പോകണമെന്നും കർമശാസ്ത്രം പറയുന്നു.

ജമാഅത്തുകൾ നടത്തൽ തുടങ്ങിയവ. സാമൂഹ്യസേവനങ്ങളും അഗതികളെയും അശരണരെയും സംരക്ഷിക്കലും പൊതുനന്മയ്ക്കാവശ്യമായ മറ്റു കാര്യങ്ങളുമെല്ലാം ഇതിൽ പെടും. ഇത്തരം കാര്യങ്ങൾ നിർവഹിക്കാൻ പുരുഷന്മാരുണ്ടെങ്കിൽ സ്ത്രീകളോട് കൽപ്പനയില്ല. ശാരീരിക ദൗർബല്യവും പുരുഷന്മാരോട് ഇടകലർന്ന് ജീവിക്കുമ്പോഴുണ്ടാകുന്ന സാമൂഹിക അരക്ഷിതാവസ്ഥയും കണക്കിലെടുത്ത് വലിയ ഇളവാണ് ഇസ്‌ലാം സ്ത്രീകൾക്ക് നൽകിയിട്ടുള്ളത്. മാത്രമല്ല, വീട് പരിചരണം, സന്താനപരിപാലനം തുടങ്ങിയ കാര്യങ്ങളിൽ ശ്രദ്ധപതിപ്പിക്കാൻ പൊതുരംഗപ്രവേശം തടസ്സവുമാണല്ലോ.

## സ്ത്രീകൾക്ക് ജോലിക്ക് പോകാമോ?

തൊഴിലിലേർപ്പെടുന്നത് സാധാരണഗതിയിൽ സ്വന്തം ആവശ്യങ്ങൾ നിറവേറ്റാനും ആശ്രിതരുടെ ചെലവിനുള്ള വക കണ്ടെത്താനുമാണല്ലോ. ഇസ്‌ലാമിക വീക്ഷണത്തിൽ ഒരു സ്ത്രീയെ സംബന്ധിച്ചിടത്തോളം ഈ ഉത്തരവാദിത്തം ഉണ്ടാകുന്നില്ല. മാതാപിതാക്കളുടെ സംരക്ഷണത്തിൽ കഴിയുന്ന പെൺകുട്ടിയുടെ ചെലവുകൾ വഹിക്കേണ്ടത് പിതാവിന്റെ ബാധ്യതയാണ്. ഭർതൃമതിയായ സ്ത്രീക്ക് ചെലവ് നൽകാൻ ഭർത്താവും ബാധ്യസ്ഥനാണ്. വളരെ കൃത്യമായ നിയമങ്ങൾ ഇക്കാര്യത്തിൽ ഇസ്‌ലാമിലുണ്ട്.

ഭാര്യക്കു നൽകേണ്ട ചെലവുകൾ സംബന്ധമായ വിവരണത്തിന് മാത്രം കർമശാസ്ത്ര പണ്ഡിതർ ഓരോ അധ്യായം തന്നെ അവരുടെ ഗ്രന്ഥങ്ങളിൽ ചേർത്തതായി കാണാം.

സൈനുദ്ദീൻ മഖ്ദൂം (റ) പറയുന്നു: 'അവൾക്ക് ആവശ്യമായ ഭക്ഷണം പ്രതിദിനം ഭർത്താവ് കൊടുക്കണം. ദരിദ്രനാണെങ്കിൽ ഒരു മുദ്ദ് (ഏകദേശം 800 ഗ്രാം) പണക്കാരാണെങ്കിൽ രണ്ടു മുദ്ദ്, ഇടത്തരക്കാരനാണെങ്കിൽ ഒന്നര മുദ്ദ് എന്നീ തോതിൽ കൊടുക്കണം. ഭക്ഷണത്തോടൊപ്പം സാധാരണ നിലയിലുള്ള കൂട്ടുവഹകളും (നെയ്യ്, ഒലിവണ്ണ, കാരക്ക മുതലായവ) നൽകൽ നിർബന്ധമാണ്. സാമ്പത്തിക നിലയനുസരിച്ചും നാട്ടുരീതിയനുസരിച്ചും മാംസവും നൽകണം. ആഴ്ചയിൽ ഒരു ദിവസം പതിവായി മാംസം കഴിക്കുന്നവരാണെങ്കിൽ വെള്ളിയാഴ്ചയും രണ്ടുദിവസം പതിവുണ്ടെങ്കിൽ വെള്ളി, ചൊവ്വ ദിവസങ്ങളിലുമാണ് ഉത്തമം. നാട്ടിലെ സമ്പ്രദായവും ആവശ്യകതയുമനുസരിച്ച് മാംസവിഹിതം വർദ്ധിപ്പിക്കേണ്ടതാണ്. കൂടാതെ പാചകച്ചെലവുകളും പാത്രങ്ങളും ധാന്യങ്ങൾ പൊടിക്കാനാവശ്യമായ ചെലവുകളും പുരുഷന്മാർ നൽകണം. ഓരോ ആറുമാസത്തിലും പാകമൊത്ത വസ്ത്രങ്ങൾ (കുപ്പായം അരയുടുപ്പ്, പൈജാമ, മുഖമക്കന, പാദരക്ഷ തുടങ്ങിയവ) നൽകണം. ശുചീകരണ സാമഗ്രികളും ഇതോടൊപ്പം നൽകേണ്ടതാണ്. കൂടാതെ പാർപ്പിടം, പരിചാരക, പരിചാരികയുടെ ചെലവ് എന്നിവയും ഭർത്താവ് നൽകേണ്ടതാണ്.' (ഫത്ഹുൽ മുഈൻ) സ്ത്രീകളെ ഇത്രയേറെ പരിഗണിച്ച മറ്റേതു മതമാണുള്ളത്!

സ്ത്രീക്ക് ചെലവ് കൊടുക്കാൻ ആരുമില്ലാതെ വരികയോ ഉള്ളവർക്കതിനു കഴിയാതെ വരികയോ ചെയ്യുമ്പോൾ തന്റെ ചെലവിനും തന്റെ മക്കളെ പോറ്റാനും വേറെ ഗതിയില്ലാത്ത അവസ്ഥയിൽ അവർക്കു പുറത്ത് ജോലിക്കു പോകാം. ഭർത്താവ് അതിന് സൗകര്യം ചെയ്തു കൊടുക്കണമെന്നും ആവശ്യമെങ്കിൽ ഭർത്താവ് കൂടെ പോകണമെന്നും കർമശാസ്ത്രം പറയുന്നു. ഈ ആവശ്യത്തിനു പുറത്തിറങ്ങുമ്പോഴും ഇസ്‌ലാം നിർദ്ദേശിച്ച മുഴുവൻ നിയമങ്ങളും പാലിക്കേണ്ടതാണ്.

## പരിപൂർണ്ണ ഹിജാബ് പാലിക്കണം

അന്യരെ ആകർഷിക്കുന്ന രൂപത്തിൽ പുറത്തിറങ്ങരുത്. തനിച്ചു പോവാനും പാടില്ല. പുറത്തിറങ്ങുമ്പോൾ വിവാഹബന്ധം നിഷിദ്ധമായ പുരുഷന്മാരോ ഭർത്താവോ സുരക്ഷയ്ക്കു സഹായകമാകുന്ന സ്ത്രീകളോ കൂടെ വേണം. നിർബന്ധമല്ലാത്ത കാര്യങ്ങൾക്ക് വേണ്ടിയാണ് പുറത്തിറങ്ങുന്നതെങ്കിൽ ഭർത്താവോ മഹ്റമായ പുരുഷന്മാരോ കൂടെയുണ്ടാകൽ അനിവാര്യമാണ്.

വീട് പൂർണമായോ ഭാഗികമായോ തകർന്നുവീഴാറാകൽ, തെമ്മാടികളെയും മോഷ്ടാക്കളെയും കുറിച്ചുള്ള ഭയം, ഭർത്താവിൽ നിന്ന് ലഭിക്കാനുള്ള അവകാശങ്ങൾ നേടിയെടുക്കൽ, ഫർള് ഐനായ കാര്യങ്ങൾ പഠിക്കൽ, ഫത്‌വ ചോദിക്കൽ എന്നീ സാഹചര്യങ്ങളിൽ ഭർത്താവോ രക്തബന്ധമുള്ളവരോ ഇക്കാര്യം പരിഹരിച്ചു കൊടുത്തില്ലെങ്കിൽ മാത്രം സ്ത്രീകൾക്ക് പുറത്തിറങ്ങാം. ഈ നിയമങ്ങളെല്ലാം സ്ത്രീകളുടെ സുരക്ഷിതത്വത്തിനു വേണ്ടിയുള്ളതാണ്.

സ്മരണ


ഉമ്മു ആഇശ കുട്ടിപ്പാറ

# ശൈഖ് ജീലാനി(റ) ഔലിയാക്കളുടെ സുൽത്വാൻ

ലോകത്ത് അധ്യാത്മിക ദർശനത്തിന്റെ പ്രഭ പരത്തിയ അതുല്യ ജ്യോതിസ്സായിരുന്നു ഖുതുബുൽ അഖ്താബ് ശൈഖ് അബ്ദുൽഖാദിർ ജീലാനി(റ). പന്ത്രണ്ടാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ബാഗ്ദാദിൽ ജീവിച്ച ആ മഹാമനീഷിയെക്കുറിച്ചുള്ള ഓർമ്മകളും ശൈഖിന്റെ പേരിൽ അറിയപ്പെട്ട ഖാദിരിയ്യ ത്വരീഖത്തും ആധുനിക നൂറ്റാണ്ടിലും ജ്വലിച്ചു നിൽക്കുന്നു. ഉത്തമ സ്വഭാവത്തിനുടമായിരുന്നു മഹാനവർകൾ. വിനയത്തോടെയുള്ള പെരുമാറ്റവും ഭക്തിസാന്ദ്രമായ ജീവിരീതിയും അസാമാന്യ ധൈര്യവും നിരവധി കറാമതുകളും ശൈഖവർകളെ ശ്രദ്ധേയനാക്കി.

ഒരിക്കൽ ശൈഖ് ജീലാനി(റ)യുടെ പിതാവ് അബൂസ്വാലിഹ്(റ) നബി(സ)യെ സ്വപ്നത്തിൽ ദർശിച്ചു. സ്വഹാബികളും ഔലിയാക്കളും പ്രമുഖ ഇമാമുകളും അപ്പോൾ തിരുസന്നിധിയിലുണ്ടായിരുന്നു. നബി(സ) അബൂസ്വാലിഹ്(റ)വിനോട് പറഞ്ഞു: 'മോനേ, നിങ്ങൾക്ക് അല്ലാഹു മഹത്വമേറെയുള്ള ഒരു കുഞ്ഞിനെ തന്നിരിക്കുന്നു. എന്റെ മകനും സ്നേഹിതനും അല്ലാഹുവിന്റെ മഹ്ബൂബുമാണവർ. അമ്പിയാ മുർസലുകൾക്കിടയിൽ എനിക്കുള്ള സ്ഥാനം പോലെ അഖ്താബുകൾക്കിടയിൽ ഉന്നത സ്ഥാനത്തായിരിക്കുമവർ.'

സയ്യിദ് അബൂസ്വാലിഹ് മൂസ(റ), ഉമ്മുൽഖൈർ ഫാത്വിമ(റ) ദമ്പതികളുടെ പൊന്നോമനയായി ഹിജ്റ 470ൽ പേർഷ്യയിലെ ജീലാൻ പ്രവശ്യയിലാണ് മഹാനായ ശൈഖ് ജീലാനി(റ) ജനിച്ചത്. പിതാവ് വഴി ഹസൻ(റ)വിലേക്കും മാതാവ് വഴി ഹുസൈൻ(റ)വിലേക്കുമാണ് ശൈഖവർകളുടെ വംശപരമ്പര ചെന്നെത്തുന്നത്. അൽബാസുൽ അശ്ഹബ്, ഖുതുബുൽ അഖ്താബ്, അശൈഖുൽ ഇമാം, ശൈഖുൽ ഇസ്ലാം, അലമുൽ ഔലിയാഅ്, മുഹ്‌യിദ്ദീൻ, ശൈഖുൽ അസ്ർ, ഖുദ്‌വത്തുൽ ആരിഫീൻ, സുൽത്താനുൽ മശാഇഖ്, ഗൗസുൽ അഅ്ളം തുടങ്ങിയ അപരനാമങ്ങളിൽ അറിയപ്പെട്ട ശൈഖ് ജീലാനി(റ)യുടെ യഥാർത്ഥ നാമം അസ്സയ്യിദ് അബ്ദുൽഖാദിറുബ്നു അബൂസ്വാലിഹ് മൂസാ(റ) എന്നാണ്.



**ബഗ്ദാദിലെത്തിയ ശൈഖ് ജീലാനി(റ) വിശ്രുത പണ്ഡിതന്മാരായ അബൂസഈദ് അൽമുബാറക്(റ), അബൂവഫാഇബ്നു അഖീൽ(റ), അബൂസകരിയ്യാ തിബ്രീസി(റ), മുഹമ്മദുബ്നു ഹസൻ അൽബാഖില്ലാനി(റ), അബൂമുഹമ്മദുബ്നു ജഅ്ഫർ(റ) തുടങ്ങിയ ഉന്നത പണ്ഡിതരിൽ നിന്ന് അറിവു നുകർന്നു. കഠിന സപര്യയിലൂടെ ആർജ്ജിച്ചെടുത്ത ആ ജ്ഞാനങ്ങൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് ഒഴുകിപ്പരന്നു.**

മഹാനവർകൾ ജനിച്ച് അധികം വൈകാതെ പിതാവ് വഫാത്തായി. മാതാവിന്റെ തണലിലാണ് പിന്നീട് വളർന്നത്. കുട്ടിക്കാലത്തു തന്നെ അസാധാരണ സംഭവങ്ങൾ പലതും മഹാനവർകളുടെ ജീവിതത്തിൽ ദൃശ്യമായി. റമളാനിലെ പകലിൽ മുല കുടിച്ചിരുന്നില്ലെന്ന് അവിടുത്തെ മാതാവ് സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഒരിക്കൽ റമളാൻ മാസപ്പിറവിയെക്കുറിച്ച് അനിശ്ചിതത്വമുണ്ടായപ്പോൾ ശൈഖവർകൾ മുല കുടിക്കുന്നുണ്ടോ എന്ന് അന്വേഷിക്കുകയും കുടിക്കുന്നില്ലെന്നറിഞ്ഞപ്പോൾ റമളാൻ പിറന്നതായി സ്ഥിരീകരിക്കുകയും ചെയ്തതായി ചരിത്രത്തിൽ കാണാം.

സമപ്രായക്കാരോടൊത്തുള്ള വിനോദങ്ങളിലൊന്നും ബാല്യകാലത്ത് മഹാനവർകൾ താൽപര്യം കാണിച്ചിരുന്നില്ല. മഹാൻ വിശദീകരിക്കുന്നു: 'കുട്ടിക്കാലത്ത് ഞാൻ നാട്ടിൽ താമസിച്ചുകൊണ്ടിരുന്നപ്പോൾ കുട്ടികളോടൊപ്പം കളിക്കാൻ ഒരുങ്ങുമ്പോഴെല്ലാം ഒരു അശരീരി കേൾക്കും: 'അനുഗൃഹീതരേ, എന്നിലേക്ക് വരൂ.' ഉടനെ ഞാൻ പേടിച്ച് അവിടെ നിന്നോടിപ്പോയി ഉമ്മയുടെ മടിയിൽ അഭയം പ്രാപിക്കുമായിരുന്നു.'

പത്താം വയസ്സിൽ ശൈഖവർകൾ മതപാഠശാലയിൽ ചേർന്ന് പഠനമാരംഭിച്ചു. ശൈഖവർകളുടെ പക്വതയും പഠനസാമർത്ഥ്യവും കണ്ട് ഉസ്താദുമാർ അത്ഭുതപ്പെട്ടു. പിന്നീട് ഉപരിപഠനത്തിനായി ബഗ്ദാദിലേക്ക് പുറപ്പെട്ടു. അബ്ബാസിയ്യ ഭരണകാലത്ത് നിരവധി മഹാപണ്ഡിതന്മാരുടെ സംഗമസ്ഥാനമായിരുന്നു ബഗ്ദാദ്.

ബഗ്ദാദിലേക്ക് പോകുന്ന വഴിയിൽ യാത്രാസംഘത്തെ കൊള്ളക്കാർ പിടികൂടിയതും മഹാനവർകളുടെ വസ്ത്രത്തിൽ ഉമ്മ ഭദ്രമായി തുന്നിപ്പിടിപ്പിച്ച സ്വർണ്ണം അവർക്ക് കാണിച്ചുകൊടുത്തതും അവരെ മനം മാറ്റത്തിനു പ്രേരിപ്പിച്ചതുമായ സംഭവം സുവിദിതമാണല്ലോ.

ബഗ്ദാദിലെത്തിയ ശൈഖ് ജീലാനി(റ) അക്കാലത്തെ വിശ്രുത പണ്ഡിതന്മാരായ അബൂസഈദ് അൽമുബാറക്(റ), അബൂവഫാഇബ്നു അഖീൽ(റ), അബൂസകരിയ്യാ തിബ്രീസി(റ), മുഹമ്മദുബ്നു ഹസൻ അൽബാഖില്ലാനി(റ), അബൂമുഹമ്മദുബ്നു ജഅ്ഫർ(റ) തുടങ്ങിയ ഉന്നത പണ്ഡിതരിൽ നിന്ന് അറിവു നുകർന്നു.

കഠിന സപര്യയിലൂടെ ആർജ്ജിച്ചെടുത്ത ആ ജ്ഞാനങ്ങൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് ഒഴുകിപ്പരന്നു. ശരീഅതും ത്വരീഖതും ഹഖീഖതും സമം ചേർത്തുള്ള സുന്ദരമായ ഇസ്‌ലാമിനെ ആ മഹാഗുരു ലോകത്തിനു മുമ്പിൽ ജീവിച്ചു കാണിച്ചു. പ്രഭാഷണവും രചനയും പ്രബോധനമാർഗമായി സ്വീകരിച്ച മഹാനവർകൾ നിരവധി പേരെ സത്യവഴിയിലേക്കാനയിച്ചു. ഗുരുവിന്റെ ജീവിതം നേരിട്ടനുഭവിച്ചവർ ആ ആത്മീയാനുഭൂതിയിൽ നിർവൃതി നേടി. അറിവുകൊണ്ടും അധ്യാപനം കൊണ്ടും മഹാനവർകൾ പണ്ഡിതരുടെ നേതൃപദത്തിലേക്കുയർന്നു.

ശൈഖ് ജീലാനി(റ) പറഞ്ഞു: '25 വർഷം ഞാൻ ഇറാഖിലെ മരുഭൂമികളിലൂടെയും തരിശുനിരങ്ങളിലൂടെയും ഏകാന്തയാത്ര ചെയ്തു. ഇശാഅ് നിസ്കാരത്തിന് എടുത്ത വുളൂഅ് കൊണ്ടാണ് നാല്പതു വർഷം സുബ്ഹ് നിസ്കരിച്ചത്. രാത്രികളിൽ ഉറക്കം വരാതിരിക്കാൻ ഒരു കാലിൽ നിന്നുകൊണ്ട് വർഷങ്ങളോളം ഖുർആൻ പാരായണം ചെയ്തു.'

പരീക്ഷണങ്ങളും വ്യാധികളും വന്നപ്പോഴെല്ലാം മഹാനവർകൾ അവയെ ആത്മവിശ്വാസത്തോടെ നേരിട്ടു വിജയിച്ചു. പിശാചിന്റെ കെണിവലകളിൽ നിന്ന് മോചനം നേടി.

ശൈഖ് അബൂസഈദുൽ ഖൈലവി പറയുന്നു: 'തിരുനബി(സ)യുടെയും മറ്റു അമ്പിയാക്കളുടെയും സാന്നിധ്യം നിരവധി തവണ ശൈഖ് ജീലാനി(റ)വിന്റെ വിജ്ഞാന സദസ്സുകളിൽ എനിക്ക് അനുഭവിക്കാൻ കഴിഞ്ഞു. കാറ്റ് വീശിയടിക്കുന്നതു പോലെ അർവാഹുകൾ ആ സദസ്സിൽ ചുറ്റി നടക്കാറുണ്ട്. മലകുകളും ജിന്നുകളും ആ സദസ്സിൽ പങ്കെടുക്കാറുണ്ട്. ഖിള്ർ(അ) പലപ്പോഴും ആ മജ്‌ലിസിൽ വരാറുണ്ട്. ഒരിക്കൽ ഖിള്ർ(അ) എന്നോട് പറഞ്ഞു: 'വിജയം ആഗ്രഹിക്കുന്നുവർ ഈ മജ്‌ലിസിൽ പങ്കെടുക്കട്ടെ.' (ഖുലാസത്തുൽ മഫാഖിർ)

ഇമാം നവവി(റ) പറഞ്ഞു: 'ബഗ്ദാദിലെ ശൈഖ് മുഹ്‌യിദ്ദീൻ അബ്ദുൽ ഖാദിർ ജീലാനി(റ)വിൽ നിന്നുള്ളതിനെക്കാൾ കൂടുതൽ കറാമത്തുകൾ മറ്റൊരു വലിയ്യിൽ നിന്നും ഉദ്ധരിക്കപ്പെട്ടിട്ടില്ല. ബാഗ്ദാദിലെ ശാഫിഈ, ഹനഫീ പണ്ഡിതന്മാരുടെ ശൈഖും അക്കാലത്തെ വിജ്ഞാനത്തിന്റെ കേന്ദ്രവുമായിരുന്നു മഹാനവർകൾ. സമുന്നതരായ നിരവധി പണ്ഡിതന്മാർ ശൈഖ് ജീലാനി(റ)വിന്റെ ശിഷ്യഗണങ്ങളാണ്. അറിവിന്റെ അഹ്‌ലുകാരെയും ദീനീ സ്നേഹികളെയും



**ധാർമികമായും ആത്മീയമായും ഏറെ അധഃപതിച്ച ഒരു സമൂഹത്തിന് നവജീവൻ നൽകിയ ശൈഖ് ജീലാനി(റ) 'മുഹ്‌യിദ്ദീൻ' അഥവാ മതത്തിന്റെ പുനരുദ്ധാരകൻ എന്നറിയപ്പെട്ടു. നിരവധി ഗ്രന്ഥങ്ങൾ മഹാനവർകൾ രചിച്ചു. കിതാബുൽ ഗുൻയ, അൽഫത്ഹുറബ്ബാനി, ഫുതൂഹുൽ ഗൈബ്, അൽഫുയൂളാതു റബ്ബാനിയ്യ, ബശാഇറുൽ ഖൈറാത് എന്നിവ ശൈഖ് ജീലാനി(റ)വിന്റെ പ്രധാന രചനകളാണ്.**

ആദരിച്ച മഹാനവർകൾ ബിദ്അത്തിനെയും തിന്മകളുടെ വക്താക്കളെയും ശക്തമായി എതിർത്തു.' (ഖലാഇദുൽ ജവാഹർ)

ഇമാം ഇബ്നു ഹജറുൽ അസ്ഖലാനി(റ) പറഞ്ഞു: 'ശൈഖ് അബ്ദുൽഖാദിർ ജീലാനി(റ) ശരീഅത്തിന്റെ നിയമങ്ങൾ കർശനമായി പാലിക്കുകയും അതിലേക്ക് ജനങ്ങളെ ക്ഷണിക്കുകയും ശരീഅത്തിന് വിരുദ്ധമായ കാര്യങ്ങളിൽ നിന്ന് ജനങ്ങളെ അകറ്റുകയും ചെയ്തിരുന്നു. ആരാധനകളിൽ മുഴുകുമ്പോഴും മഹാൻ ജനങ്ങളെ ശരീഅത്തിൽ വ്യാപൃതരാക്കാൻ ഉത്സാഹിച്ചിരുന്നു.'

ഇബ്നുഖുദാമത്തുൽ മഖ്ദിസി(റ) പറഞ്ഞു: 'ഞങ്ങൾ ഹിജ്റ 561 ൽ ബാഗ്ദാദിലെത്തി. അപ്പോൾ അവിടെ അറിവിന്റെയും ഫത്‌വയുടെയും കേന്ദ്രമായി ശൈഖ് ജീലാനി(റ)യുണ്ടായിരുന്നു. വിജ്ഞാനദാഹികളുടെ ശമനകേന്ദ്രമായി മഹാനവർകളുടെ സദസ്സ് മാറിക്കഴിഞ്ഞിരുന്നു. ശൈഖ് ജീലാനി(റ)വിനെപ്പോലെ മറ്റൊരാളെ ദീനിന്റെ കാര്യത്തിൽ ജനങ്ങൾ ആദരിക്കുന്നതായി ഞാൻ കണ്ടിട്ടില്ല.'

ശൈഖ് രിഫാഈ(റ) പറഞ്ഞു: 'ശൈഖ് അബ്ദുൽഖാദിർ ജീലാനി(റ)വിന്റെ പോരിശകൾ ആർക്കാണ് വർണ്ണിച്ചു തീർക്കാനാവുക? അവിടുത്തെ പദവിയിൽ ആർക്കാണ് എത്തിച്ചേരാനാവുക? ശൈഖവർകളുടെ വലതുഭാഗത്ത് ശരീഅത്തിന്റെ സമുദ്രവും ഇടതുഭാഗത്ത് ഹഖീഖത്തിന്റെ സമുദ്രവുമാണുള്ളത്. ഇഷ്ടാനുസരണം അവയിൽ നിന്ന് മഹാൻ കോരിയെടുക്കുന്നു. ഇക്കാലത്ത് ശൈഖവർകൾക്ക് സമാനരായ ഒരാളുമില്ല.' (ത്വബഖാത്തുൽ ഔലിയാഅ്)

ധാർമികമായും ആത്മീയമായും ഏറെ അധഃപതിച്ച ഒരു സമൂഹത്തിന് നവജീവൻ നൽകിയ ശൈഖ് ജീലാനി(റ) 'മുഹ്‌യിദ്ദീൻ' (മതത്തിന്റെ പുനരുദ്ധാരകൻ) എന്നറിയപ്പെട്ടു. നിരവധി ഗ്രന്ഥങ്ങൾ മഹാനവർകൾ രചിച്ചു. കിതാബുൽ ഗുൻയ, അൽഫത്ഹുറബ്ബാനി, ഫുതൂഹുൽ ഗൈബ്, അൽഫുയൂളാതു റബ്ബാനിയ്യ, ബശാഇറുൽ ഖൈറാത് എന്നിവ ശൈഖ് ജീലാനി(റ)വിന്റെ പ്രധാന രചനകളാണ്.

നാലു ഭാര്യമാരിലായി 49 സന്താനങ്ങൾ ശൈഖവർകൾക്കുണ്ടായി. അതിൽ 35 കുട്ടികൾ ചെറുപ്പത്തിലേ മരണപ്പെട്ടു.

ശൈഖ് ജീലാനി(റ)വിന്റെ ജീവിതചരിത്രം കോർത്തിണക്കി നിരവധിഗ്രന്ഥങ്ങൾ വിവിധ ഭാഷകളിൽ വിരചിതമായിട്ടുണ്ട്. സ്വദഖത്തുല്ലാഹിൽ ഖാഹിരി(റ) രചിച്ച 'ഖസീദത്തുൽ ഖുതുബിയ്യത്ത്', അഞ്ഞൂറിലധികം ഗ്രന്ഥങ്ങളുടെ കർത്താവും ചരിത്രപണ്ഡിതനുമായിരുന്ന കോഴിക്കോട് ഖാളി മുഹമ്മദ് രചിച്ച 'മുഹ്‌യിദ്ദീൻ മാല' എന്നിവ ഉദാഹരണങ്ങൾ.

ഹിജ്റ 561 റബീഉൽആഖിർ പത്തിനാണ് ശൈഖ് ജീലാനി(റ) വഫാത്തായത്. ഇന്ന് പ്രസിദ്ധ തീർഥാടന കേന്ദ്രമാണ് ബഗ്ദാദിലെ ശൈഖ് അബ്ദുൽ ഖാദിർ ജീലാനി(റ)വിന്റെ മഖ്ബറ.

ആരോഗ്യം

ഫവാസ് പട്ടുവം

# കാൻസർ: രോഗനിർണ്ണയമാണ് പ്രതിരോധം

സമൂഹത്തിൽ ഇന്ന് ധാരാളമായി കണ്ടു വരുന്ന മാരകമായ രോഗങ്ങളി ലൊന്നാണ് കാൻസർ. വ്യത്യസ്ത തരങ്ങളായ കാൻസറുകളുണ്ട്. മരണകാരണമാകുന്ന രോഗങ്ങളു ടെ പട്ടികയിൽ ലോകാടിസ്ഥാന ത്തിൽ തന്നെ മുൻപന്തിയിലാണ് കാൻസർ.

## എന്താണ് കാൻസർ?

ശരീരത്തിലടങ്ങിയിട്ടുള്ള കോശങ്ങൾ പെരുകുന്ന അവസ്ഥ യാണ് കാൻസർ. എല്ലാ മനുഷ്യ ശരീരത്തിലും ചെറിയ അളവിൽ കാൻസർ കോശങ്ങൾ കാണാമെ ങ്കിലും പ്രതിരോധവ്യൂഹം നിഷ് ക്രിയമാകുന്ന ഘട്ടത്തിലേക്കിത് വളരുമ്പോഴാണ് രോഗമാകുന്നത്. ശരീരത്തിന്റെ ജനിതകഘടനക്ക നുയോജ്യമായ രീതിയിലാണ് ശരീരത്തിലെ മറ്റുകോശങ്ങൾ വളരുന്നതെങ്കിൽ കാൻസർ കോ ശങ്ങൾ ജനിതക ഘടനക്കെതിരാ യാണ് പെരുകുന്നത്.


2018 ലെ കണക്കുകൾ പ്രകാ രം രാജ്യത്ത് ശരാശരി ആറിൽ ഒരാളുടെ ജീവനെടുക്കുന്നത് കാൻസറാണ്. 2019 ൽ ഇന്ത്യയിൽ മാത്രം പന്ത്രണ്ട് ലക്ഷത്തിലധി കം ആളുകളിലാണ് പുതുതായി കാൻസറിന്റെ സാന്നിധ്യം കണ്ടെ ത്തിയത്. 9.3 ലക്ഷം കാൻസർ മര ണവും അതേ വർഷം ഇന്ത്യയിൽ സംഭവിച്ചിട്ടുണ്ട്. കൃത്യ സമയത്ത് രോഗനിർണയം നടത്തി ചികിത്സ തേടലാണ് കാൻസർ ഗുരുതരമാ കാതിരിക്കാൻ വേണ്ടത്.

**ശരീരത്തിൽ കാൻസർ കോശങ്ങൾ ക്രമാതീതമായി പെരുകുമ്പോൾ പ്രകടമാകുന്ന ലക്ഷണങ്ങൾ ശ്രദ്ധിക്കുക:**

## ശരീരഭാരം കുറയുക

ഭക്ഷണ നിയന്ത്രണം, കൃത്യ മായ വ്യായാമം എന്നിവയില്ലാതെ ശരീരഭാരം പെട്ടെന്ന് ഗണ്യമായ അളവിൽ കുറയുന്നത് കാൻസ റിന്റെ ലക്ഷണങ്ങളിലൊന്നാണ്. ഒരു മാസത്തിനിടയിൽ നാലു മുതൽ അഞ്ച് കിലോ ഭാരം വരെ കുറയുന്നുണ്ടെങ്കിൽ, പ്രമേഹം പോലുള്ള ഭാരക്കുറവുണ്ടാക്കുന്ന പ്രത്യേക കാരണങ്ങളൊന്നുമില്ലെ ങ്കിൽ പരിശോധനയ്ക്ക് വിധേയ മാകുന്നത് രോഗനിർണയത്തിനും കൃത്യമായ ചികിത്സക്കും സഹാ യകമാകും.

ശരീരത്തിന്റെ വളർച്ചക്കാവ ശ്യമായ പോഷകഘടകങ്ങൾ കാൻസർകോശങ്ങൾ അവയുടെ വളർച്ചയ്ക്ക് ഉപയോഗിക്കുന്നതാ ണ് പെട്ടെന്നുള്ള ഭാരക്കുറവിന് കാരണമാകുന്നത്.



## അമിതക്ഷീണം

കാൻസർരോഗികളിൽ കാണപ്പെടുന്ന മറ്റൊരു ലക്ഷണമാണ് അമിതക്ഷീണം. ചെറിയ രോഗങ്ങൾ പിടിപെടുമ്പോഴേക്കും ക്ഷീണവും ഉന്മേഷക്കുറവും അനുഭവപ്പെടുന്നത് ഇന്ന് സാധാരണമാണല്ലോ. മറ്റു രോഗങ്ങളോ കാരണങ്ങളോ ഇല്ലാത്ത സാഹചര്യത്തിൽ ശരീരത്തിന് അമിതമായ ക്ഷീണവും ഉന്മേഷക്കുറവും അനുഭവപ്പെടുന്നത് കാൻസറിന്റെ ലക്ഷണമായേക്കാം.

കാൻസർകോശങ്ങളുടെ ക്രമാതീതമായ വളർച്ചയാണിതിന് കാരണമാകുന്നത്. മനുഷ്യശരീരത്തിലെ സാധാരണ കോശങ്ങൾ പെരുകുന്നത് കൃത്യതയോടെയും സുതാര്യതയോടെയുമാണ്. ഒന്നിൽ നിന്ന് രണ്ടിലേക്ക്, രണ്ടിൽ നിന്ന് നാലിലേക്ക് എന്നിങ്ങനെയാണതിന്റെ വളർച്ച. എന്നാൽ, കാൻസർ കോശങ്ങൾ പെരുകുന്നത് ഒന്നിൽ നിന്ന് പത്തിലേക്ക്, പത്തിൽ നിന്ന് ആയിരങ്ങളിലേക്ക് എന്നിങ്ങനെയാണ്. ഇങ്ങനെ പെരുകുന്ന കോശങ്ങളുടെ വളർച്ചയ്ക്ക് ധാരാളമായി ഊർജ്ജം ആവശ്യം വരുന്നു. സാധാരണ കോശങ്ങൾ വളർച്ചക്കുള്ള ഊർജ്ജം കണ്ടെത്തുന്നത് നാം കഴിക്കുന്ന ആഹാരങ്ങളിൽ നിന്നാണെങ്കിൽ കാൻസർ കോശങ്ങൾ ഊർജ്ജം ശേഖരിക്കുന്നത് ശരീരത്തിൽ സംഭരിച്ചു വെച്ചതിൽ നിന്നാണ്. ഇങ്ങനെ ഊർജ്ജം ചോർന്നുപോകുമ്പോൾ തലച്ചോറിനും മറ്റു ആന്തരികാവയവങ്ങളുടെ പ്രവർത്തനങ്ങൾക്കും ആവശ്യമായ ഊർജത്തിന് ക്ഷാമം നേരിടുകയും അമിതമായ ക്ഷീണം അനുഭവപ്പെടുകയും ചെയ്യുന്നു.

## വിട്ടുമാറാത്ത പനി

ജലദോഷം, തൊണ്ട വേദന, മൂത്രത്തിൽ പഴുപ്പ് തുടങ്ങിയ പനിയുടെ കാരണങ്ങൾ ഏതുമില്ലാതെ രണ്ടാഴ്ചയിൽ കൂടുതൽ വിട്ടുമാറാത്ത പനിയുണ്ടെങ്കിൽ കാൻസർ സംശയിക്കണം. ഇൻഫക്ഷൻ ഒന്നുമില്ലാത്ത പനിയോടൊപ്പം അമിത വിയർപ്പു കൂടി അനുഭവപ്പെടുന്നുണ്ടെങ്കിൽ ഉടനെ പ്രഗത്ഭരായ ഡോക്ടർമാരുടെ സഹായം തേടണം. കാലാവസ്ഥാപ്രശ്നങ്ങളാൽ ഉണ്ടാകുന്ന പനികളിൽ ചിലത് രണ്ടാഴ്ചയോളം നീണ്ടുനിൽക്കുകയും ഇടവിട്ട് വരികയും ചെയ്തേക്കാം. ഇത്തരം പനിയോടൊപ്പം മറ്റു ലക്ഷണങ്ങളുമുണ്ടാകും.

## വിട്ടുമാറാത്ത വേദന

ജോയിന്റ് ഇൻഫെക്ഷൻ പോലെയുള്ള രോഗങ്ങളോ വേദനയുണ്ടാക്കുന്ന മറ്റു കാരണങ്ങളോ ഇല്ലാതെ ചില ഭാഗങ്ങളിൽ ശക്തമായ വേദന അനുഭവപ്പെടുന്നത് കാൻസറിന്റെ ലക്ഷണമാണ്. വേദനസംഹാരികൾ ഉപയോഗിക്കുകയാണെങ്കിൽ തൊട്ടടുത്ത ദിവസങ്ങളിലും രാത്രികാലങ്ങളിലും വേദനയുടെ കാഠിന്യം വർധിക്കുന്നത് ഇതിന്റെ ഭാഗമാണ്.

ശരീരത്തിൽ പെറ്റുപെരുകുന്ന കാൻസർ കോശങ്ങൾ അടുത്തുള്ള നാഡികളെ ബാധിക്കുന്നതാണ് വേദനയുടെ കാരണങ്ങളിലൊന്ന്. ചില ഘട്ടങ്ങളിൽ പെരുകിയ കാൻസർകോശങ്ങൾ ആ ഭാഗത്ത് സമ്മർദ്ദം ചെലുത്തുകയും അവയവത്തെ ഞെരുക്കുകയും കാൻസർകോശങ്ങൾ ഉൽപാദിപ്പിക്കുന്ന രാസവസ്തുക്കൾ രക്തത്തിൽ കൂടിച്ചേരുകയും ചെയ്തേക്കാം. ശരീരത്തിന്റെ ഒരു ഭാഗത്തു നിന്നും കാൻസർ കോശങ്ങൾ മറ്റു ഭാഗങ്ങളിലേക്ക് പടരുന്നതു കാരണമായും വേദന അനുഭവപ്പെടാറുണ്ട്. വേദനയുടെ കാരണങ്ങൾ തിരിച്ചറിയാൻ സാധിക്കാത്ത ഘട്ടങ്ങളിൽ കൃത്യമായ ചികിത്സയിലൂടെ രോഗനിർണ്ണയം നടത്തൽ അനിവാര്യമാണ്.

ചെറിയ മുറിവുകൾ ഉണങ്ങാൻ വളരെയധികം കാലതാമസമുണ്ടാകുന്നതും മുറിവുകൾ ക്രമേണ വലുതാവുന്നതും അസഹ്യമായ വേദനയനുഭവപ്പെടുന്നതും സ്പർശനമേറ്റാൽ പോലും രക്തമൊലിച്ചിറങ്ങുന്നതും ഇതിന്റെ ലക്ഷണങ്ങളിൽപ്പെട്ടതാണ്.

## ദഹനപ്രവർത്തനത്തിലെ മാറ്റങ്ങൾ

കാൻസർകോശങ്ങൾ ആമാശയത്തിനെയോ കുടലിനെയോ ബാധിക്കുകയാണെങ്കിൽ ദഹനപ്രവർത്തനത്തിൽ മാറ്റങ്ങളുണ്ടാകാം. വിശപ്പില്ലായ്മയാണ് അതിൽ പ്രധാനം. നീണ്ട സമയം ഭക്ഷണം കഴിച്ചില്ലെങ്കിലും വിശപ്പനുഭവപ്പെടുന്നില്ലെങ്കിൽ പരിശോധനക്ക് വിധേയമാകേണ്ടതാണ്.

മലത്തിൽ നിറവ്യത്യാസമോ രക്തത്തിന്റെ സാന്നിധ്യമോ കാണപ്പെടുന്നതും കാൻസറിന്റെ അടയാളങ്ങളാകാം. ഈ ഘട്ടങ്ങളിൽ പരിശോധന നടത്തി ചികിത്സ തേടേണ്ടതാണ്. പൈൽസ്, കുടലിനെ ബാധിക്കുന്ന അൾസർ തുടങ്ങിയ രോഗങ്ങളുടെ കാരണമായും ചിലപ്പോൾ മലത്തിൽ രക്തത്തിന്റെ സാന്നിധ്യം കണ്ടെന്നു വരാം. ഇത്തരം രോഗങ്ങളൊന്നുമില്ലാതെ മലത്തിൽ തുടർച്ചയായി രക്തത്തിന്റെ സാന്നിധ്യമുണ്ടാവുകയാണെ

### ത്വക്കിലെ മാറ്റങ്ങൾ

കാൻസറിന്റെ ലക്ഷണങ്ങൾ ത്വക്കിലും പ്രത്യക്ഷപ്പെടാറുണ്ട്. വിദേശ രാജ്യങ്ങളിൽ വ്യാപകമായി കാണപ്പെടുന്ന ത്വക്ക് കാൻസർ കേരളത്തിൽ അത്ര പരിചിതമല്ലെങ്കിലും ഈയടുത്തായി ചില കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. തൊലിപ്പുറത്ത് കാണപ്പെടുന്ന മറുകുകൾ പെട്ടെന്ന് വലുതായി അതിന്റെ ചുറ്റുഭാഗങ്ങളിൽ ചൊറിച്ചിൽ അനുഭവപ്പെടും. അതിൽ നിന്ന് ഇടയ്ക്കിടെ നീരൊലിക്കുന്നതും രക്തം പുറപ്പെടുന്നതും ത്വക്ക് കാൻസറിന്റെ ലക്ഷണമാണ്. മറുകുകൾക്ക് കട്ടി കൂടുന്നതും (തൊലിപ്പുറത്ത് നിന്ന് അകത്തേക്കിറങ്ങുന്നതു കാരണം) ത്വക്ക് കാൻസറിന്റെ ലക്ഷണമായി കണക്കാക്കപ്പെടുന്നു.

## ബ്രെസ്റ്റ് കാൻസർ

സ്ത്രീകളിലിന്ന് ധാരാളമായി കണ്ടുവരുന്നുണ്ട് ബ്രെസ്റ്റ് കാൻസർ. സ്തനങ്ങളിൽ മുഴകൾ കാണപ്പെടുന്നതാണ് ബ്രെസ്റ്റ് കാൻസറിന്റെ ലക്ഷണങ്ങളിൽ പ്രധാനം. ചെറുപ്രായക്കാരായ പെൺകുട്ടികളിൽ വരെ ഇങ്ങനെയുള്ള മുഴകൾ കാണപ്പെടാറുണ്ട്. പതിമൂന്ന് വയസ്സുമുതൽ കാണപ്പെടാവുന്ന മുഴകൾ ഫൈബ്രോഅഡ്നോമ എന്നറിയപ്പെടുന്നു. 25-35 വയസ്സു വരെ ഇത് കാണപ്പെട്ടേക്കാം. എല്ലാവർക്കും ചികിത്സ ആവശ്യമില്ലാത്ത ഫൈബ്രോഅഡ്നോമയുടെയും ചികിത്സയും പരിചരണവും ഏറെ ആവശ്യമായ സ്തനാർബുദത്തിന്റെയും ലക്ഷണങ്ങൾ ഒരു പോലെയായതു കൊണ്ട് കൃത്യമായ രോഗനിർണയം അത്യാവശ്യമാണ്.

മുലക്കണ്ണിൽ വരുന്ന കല്ലിപ്പ്, മുലക്കണ്ണിൽ നിന്ന് രക്തം പുറപ്പെടൽ, മുലക്കണ്ണ് ഉള്ളിലേക്ക് വലിഞ്ഞ് പോകുന്ന അവസ്ഥ, ബ്രെസ്റ്റിന്റെ ഭാഗത്ത് വരുന്ന തടിപ്പ്, രാത്രികളിൽ കഠിന വേദന, മുറിവുകൾ കാണപ്പെടുക, തൊലിയിളകുന്ന തരത്തിലുള്ള ചൊറി തുടങ്ങിയവയും കാൻസറിന്റെ ലക്ഷണങ്ങളാണ്. എന്നാൽ, കുട്ടികൾ പാൽ കുടിച്ചില്ലെങ്കിലും ബ്രെസ്റ്റിൽ നീർവീക്കം അനുഭവപ്പെടാറുണ്ട്. മുറിവ്, വിണ്ടുകീറൽ തുടങ്ങിയവ ഫംഗസിന്റെ കാരണമായും കണ്ടുവരുന്നു. എങ്കിലും ഇത്തരത്തിലുള്ള ലക്ഷണങ്ങൾ പ്രത്യക്ഷമാവുകയാണെങ്കിൽ ഡോക്ടർമാരുടെ സഹായം തേടാൻ വൈകരുത്.



ങ്കിൽ രോഗനിർണ്ണയം നടത്താൻ വൈകരുത്. മലത്തിലെ നിറവ്യത്യാസം, രക്തസാന്നിധ്യം എന്നിവയോടൊപ്പം ശക്തമായ അടിവയർ വേദനയും അനുഭവപ്പെട്ടേക്കാം. മലത്തിൽ കാണുന്നതുപോലെ ശരീരത്തിലെ മറ്റു സ്രവങ്ങളിൽ തുടർച്ചയായി രക്തത്തിന്റെ സാന്നിധ്യം കണ്ടാലും പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

## വിട്ടുമാറാത്ത ചുമ

ആസ്തമ, അലർജി, തൊണ്ട വേദന തുടങ്ങിയ കാരണങ്ങളില്ലാതെ വിട്ടുമാറാത്ത ചുമ അനുഭവപ്പെടുകയാണെങ്കിൽ കാൻസർ സംശയിക്കണം. പ്രത്യേകിച്ച് പ്രായം കൂടിയവരിലും സ്ഥിരമായി പുകവലിക്കുന്നവരിലും ഇത്തരം ലക്ഷണങ്ങൾ കാണപ്പെട്ടേക്കാം. ശക്തമായ ചുമയോടൊപ്പം കഫത്തിൽ രക്തത്തിന്റെ സാന്നിധ്യം, ഉറങ്ങാൻ പോലും കഴിയാത്ത വിധം രാത്രികാലങ്ങളിൽ ശക്തമാകുന്ന ചുമ എന്നിവ ഇതിന്റെ ലക്ഷണമാകാം.

## കയല വീക്കങ്ങൾ

ലിൻഫിനോകളിൽ കാണപ്പെടുന്ന വീക്കങ്ങൾ കാൻസർ രോഗത്തിന്റെ ലക്ഷണങ്ങളിലൊന്നാണ്. എന്നാൽ കുളി കഴിഞ്ഞ ഉടനെ വിയർക്കൽ, പല്ല് വേദന, കഴുത്ത് വേദന തുടങ്ങിയവ അനുഭവപ്പെട്ടാലും കുട്ടികളുടെ തലയിൽ പേൻ അധികമായാലും കഴുത്തിന്റെ ഭാഗത്തെ കയലകളിൽ വീക്കമുണ്ടാവാറുണ്ട്. ഈ പറയപ്പെട്ട കാരണങ്ങളൊന്നുമില്ലാതെ കക്ഷം, കഴുത്ത്, തുടയിടുക്ക് തുടങ്ങിയ ശരീരഭാഗങ്ങളിൽ കയലകൾ വീർത്തു വരികയോ ആ ഭാഗങ്ങളിൽ വേദന അനുഭവപ്പെടുകയോ ചെയ്യുന്നുണ്ടെങ്കിൽ നിർബന്ധമായും രോഗനിർണയം നടത്തേണ്ടതാണ്.

ലിൻഫിനോകളെ ബാധിക്കുന്ന ലുക്കീമിയ (ബ്ലഡ് കാൻസർ), ലിംഫോമ പോലെയുള്ള രോഗങ്ങൾക്കും കയലകളിൽ കാണപ്പെടുന്ന വീക്കം പ്രധാനലക്ഷണമാണ്. കാൻസർ ഒരു ഭാഗത്ത് നിന്ന് മറ്റു ഭാഗങ്ങളിലേക്ക് വ്യാപിക്കുമ്പോഴും വീക്കം കണ്ടുവരാറുണ്ട്.

ആത്മികം

സൈനുദ്ദീൻ ശാമിൽ ഇർഫാനി മാണൂർ

# സൽസ്വഭാവം വിശ്വാസിയുടെ മുഖമുദ്ര



മനുഷ്യന്റെ വ്യക്തിത്വം നിർണ്ണയിക്കുന്ന പ്രധാന ഭാവങ്ങളിലൊന്നാണ് സ്വഭാവം. മനുഷ്യമനസ്സാണ് സ്വഭാവത്തിന്റെ ഉറവിടം. മനസ്സ് നന്നായാൽ സ്വഭാവം നന്നാവും. സ്വഭാവം നന്നാവുമ്പോൾ ജീവിതം മുഴുക്കെ നന്നാവും. ജീവിതനന്മയുടെ പ്രകാശനമാണ് സൽസ്വഭാവം.

മനുഷ്യപ്രകൃതി അടിസ്ഥാനപരമായി സംശുദ്ധമാണ്. ശുദ്ധപ്രകൃതത്തിലാണ് മനുഷ്യൻ ജനിക്കുന്നതെന്നും പിന്നീട് സാഹചര്യങ്ങൾ അവനെ വ്യതിചലിപ്പിക്കുകയാണെന്നും നബി(സ) സൂചിപ്പിച്ചിട്ടുണ്ട്. മനുഷ്യരുടെ തൃപ്തിയോടൊപ്പം പ്രപഞ്ചനാഥന്റെ മഹാപ്രതിഫലത്തിനും സൽസ്വഭാവി അർഹനായിത്തീരുന്നു.

നല്ല സ്വഭാവം പരലോക വിജയത്തിന് നിദാനമാകുന്ന വലിയ സുകൃതമായാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. ഉത്തമ സ്വഭാവ മൂല്യങ്ങളുള്ള വ്യക്തികളെ വാർത്തെടുക്കുക വഴി സാമൂഹിക സംസ്കരണമാണ് ഇസ്‌ലാം ലക്ഷ്യമാക്കുന്നത്. മറ്റുള്ളവർ നമ്മോട് എങ്ങനെ പെരുമാറണമെന്നാണോ നാം ആഗ്രഹിക്കുന്നത് അതുപോലെയാണ് നാം അവരോടും പെരുമാറേണ്ടത്. 'തനിക്ക് ഇഷ്ടപ്പെടുന്നത് തന്റെ സഹോദരനും ഇഷ്ടപ്പെടുന്നതു വരെ നിങ്ങൾ പൂർണ വിശ്വാസിയാവുകയില്ല'(ബുഖാരി) എന്ന ഹദീസ് ഇസ്‌ലാമിക ധർമ ശാസ്ത്രത്തിലെ അടിസ്ഥാനശിലയാണ്.

സ്രഷ്ടാവിനോടുള്ള ബന്ധം മെച്ചപ്പെടുത്താൻ പരിശ്രമിക്കുന്നതു പോലെ സൃഷ്ടികളോടുള്ള സമീപനങ്ങളും നാം മെച്ചപ്പെടുത്തണം. സ്രഷ്ടാവിനോട് മാത്രം നല്ല ബന്ധം പുലർത്തി സൃഷ്ടികളെ അവഗണിക്കുന്നതും സൃഷ്ടികളെ മാത്രം പരിഗണിച്ച് സ്രഷ്ടാവിനെ അവഗണിക്കുന്നതും ശരിയല്ല. ഇരുവശവും പരിഗണിക്കപ്പെടേണ്ടതാണ്.

വ്യക്തിജീവിതത്തിലുള്ളതു പോലെ സാ

മൂഹിക ജീവിതത്തിലും സൽസ്വ ഭാവത്തിനു വലിയ പ്രാധാന്യമുണ്ട്. സൽസ്വഭാവിയായി ജീവിക്കാൻ നബി(സ) പ്രത്യേകം പ്രചോദനം നൽകിയത് ഹദീസുകളിൽ കാണാം.

അവിടുന്ന് പറയുന്നു: 'എവിടെയായിരുന്നാലും നീ അല്ലാഹുവിനെ സൂക്ഷിക്കുക. തിന്മയെ നന്മ കൊണ്ട് അനുഗമിക്കുക. കാരണം, നന്മ തിന്മയെ മായ്ച്ചുകളയുന്നതാണ്. സൽസ്വഭാവത്തോടെ ജനങ്ങളോട് പെരുമാറുക.' (തിർമുദി 1987)

ഇസ്‌ലാമിൽ ഏറ്റവും നല്ലവർ സൽസ്വഭാവമുള്ളവരാണെന്ന്



അവിടുന്ന് അരുൾ ചെയ്തു. ജാബിറുബ്നു സമുറ(റ) നിവേദനം: നബി(സ) പറഞ്ഞു: 'തീർച്ചയായും നീചവൃത്തിയും അസഭ്യവും ഇസ്‌ലാമിൽ പെട്ടതല്ല. ഇസ്‌ലാമിൽ ഏറ്റവും നല്ലവർ സൽസ്വഭാവികളാണ്.' (അഹ്മദ് 20831)

ഇബ്നുഉമർ(റ) പറഞ്ഞു:

> **അന്ത്യനാളിൽ സത്യവിശ്വാസിയുടെ തുലാസിൽ കൂടുതൽ ഭാരം തൂങ്ങുന്നതും സ്വർഗ്ഗലബ്ധിക്കു നിദാനമാകുന്നതുമായ കർമമാണ് സൽസ്വഭാവമെന്ന് നബി(സ) പഠിപ്പിച്ചിട്ടുണ്ട്. അബുദ്ദർദാഅ്(റ) നിവേദനം. നബി(സ) പറഞ്ഞു: 'അന്ത്യനാളിൽ ഒരു സത്യവിശ്വാസിയുടെ തുലാസിൽ സൽസ്വഭാവത്തെക്കാൾ കനമുള്ള മറ്റൊരു കാര്യവുമില്ല. അശ്ലീലം പറയുന്ന ദുസ്വഭാവിയെ അല്ലാഹു വെറുക്കുന്നു.' (തിർമുദി 2002)**

ഞാൻ നബിയോടൊപ്പമായിരുന്നപ്പോൾ ഒരു അൻസ്വാരി വന്നു നബി(സ)യോട് സലാം പറഞ്ഞു. ശേഷം ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ, സത്യവിശ്വാസികളിൽ ഏറ്റവും ശ്രേഷ്ഠർ ആരാണ്?' നബി(സ) മറുപടി നൽകി: 'നല്ല സ്വഭാവമുള്ളവർ.' (ഇബ്നു മാജ)

സൽസ്വഭാവത്തിന് ഏറ്റവും ശ്രേഷ്ഠമായ ആരാധനകളുടെ പദവിയാണ് തിരുനബി(സ) വാഗ്ദത്തം ചെയ്തത്. നോമ്പനുഷ്ഠിക്കുന്നവരുടെയും നിസ്കരിക്കുന്നവരുടെയും പദവി സൽസ്വഭാവിക്ക് ലഭിക്കുമെന്ന് ഒരു ഹദീസിൽ കാണാം. ആഇശ(റ)യിൽ നിന്ന് നിവേദനം: നബി(സ) പറയുന്നതു ഞാൻ കേട്ടു: 'ഒരു സത്യവിശ്വാസി സൽസ്വഭാവം മുഖേന, നോമ്പനുഷ്ഠിക്കുന്നവരുടെയും നിസ്കരിക്കുന്നവരുടെയും പദവി നേടിയെടുക്കുന്നതാണ്.' (അബൂദാവൂദ് 4798)

അന്ത്യനാളിൽ സത്യവിശ്വാസിയുടെ തുലാസിൽ കൂടുതൽ ഭാരം തൂങ്ങുന്നതും സ്വർഗ്ഗലബ്ധിക്കു നിദാനമാകുന്നതുമായ കർമമാണ് സൽസ്വഭാവമെന്ന് നബി(സ) പഠിപ്പിച്ചിട്ടുണ്ട്. അബുദ്ദർദാഅ്(റ) നിവേദനം. നബി(സ) പറഞ്ഞു: 'അന്ത്യനാളിൽ ഒരു സത്യവിശ്വാസിയുടെ തുലാസിൽ സൽസ്വഭാവത്തെക്കാൾ കനമുള്ള മറ്റൊരു കാര്യവുമില്ല. അശ്ലീലം പറയുന്ന ദുസ്വഭാവിയെ അല്ലാഹു വെറുക്കുന്നു.' (തിർമുദി 2002)

നബി(സ) പറഞ്ഞു: 'മനുഷ്യരെ കൂടുതലായി സ്വർഗ്ഗപ്രവേശനത്തിനർഹരാക്കുന്നത് അല്ലാഹുവിലുള്ള തഖ്‌വയും സൽസ്വഭാവവുമാകുന്നു.' (തിർമുദി 2004) അബൂഉമാമ(റ) നിവേദനം: നബി(സ) പറഞ്ഞു: 'സൽസ്വഭാവിക്ക് സ്വർഗ്ഗത്തിന്റെ ഉന്നതമായ സ്ഥാനത്ത് ഒരു വീട് ഞാൻ ഉറപ്പുനൽകുന്നു.' (അബൂദാവൂദ് 4800)

വിശ്വാസികളിൽ ഏറ്റവും ഉത്തമരും വിശ്വാസം സമ്പൂർണ്ണമായവരും അല്ലാഹുവിനും റസൂലിനും കൂടുതൽ പ്രിയപ്പെട്ടവരും സൽസ്വഭാവികളാണ്. 'സൽസ്വഭാവികളാണ് നിങ്ങളിൽ കൂടുതൽ ഉത്തമർ.' (ബുഖാരി 3559) എന്നാണ് നബി(സ) പറഞ്ഞത്. അബൂഹുറയ്റ(റ) നിവേദനം. നബി(സ) പറഞ്ഞു: 'സത്യവിശ്വാസികളിൽ വിശ്വാസം സമ്പൂർണ്ണമായവർ സൽസ്വഭാവികളാണ്.' (അബൂദാവൂദ് 4682)

ഉസാമതുബ്നു ശരീക്(റ) പറഞ്ഞു: ഞങ്ങൾ നബിസന്നിധിയിൽ ഇരിക്കുകയായിരുന്നു. അപ്പോൾ ഏതാനും പേർ അവിടെ വന്നു. അവർ ചോദിച്ചു: 'അല്ലാഹുവിന് ഏറ്റവും ഇഷ്ടമുള്ള അടിമകൾ ആരാണ്?' നബി(സ) പറഞ്ഞു: 'അവരിൽ നല്ല സ്വഭാവമുള്ളവർ.' (ത്വബ്റാനി).

ജാബിർ(റ) നിവേദനം. നബി(സ) പറഞ്ഞു: 'നിശ്ചയം, എനിക്ക് നിങ്ങളിൽ ഏറ്റവും പ്രിയപ്പെട്ടവരും അന്ത്യനാളിൽ എന്നോട് ഏറ്റവും അടുത്തിരിക്കുന്നവരും നിങ്ങളിലെ സൽസ്വഭാവികളായിരിക്കും. (തിർമുദി 2018)

തിരുനബി(സ)യുടെ സ്വഭാവം അങ്ങേയറ്റം ഉൽകൃഷ്ടവും മാതൃകാപരവുമായിരുന്നു. ഖുർആനിന്റെ പ്രസ്താവന കാണുക: 'തീർച്ചയായും അങ്ങ് മഹത്തായ സ്വഭാവത്തിനുടമയാകുന്നു.' (ഖുർആൻ 68/4)

നബി(സ) പറഞ്ഞു: 'എല്ലാ ഉത്തമ സ്വഭാവങ്ങളുടെയും പൂർത്തീകരണത്തിനു വേണ്ടിയാണ് ഞാൻ നിയോഗിതനായിട്ടുള്ളത്.' (അഹ്മദ്)

ദീർഘകാലം തിരുനബി(സ)ക്ക് സേവനം ചെയ്ത അനസ്(റ) പറഞ്ഞു: ജനങ്ങളിൽ ഏറ്റവും ഉത്തമ സ്വഭാവത്തിന്റെ ഉടമയായിരുന്നു തിരുനബി(സ). (ബുഖാരി 6203, മുസ്‌ലിം 2150)

ആഇശ(റ) പറഞ്ഞു: 'തിരുനബി(സ)യുടെ സ്വഭാവം ഖുർആനാകുന്നു.' (മുസ്‌ലിം 746)

അവിടുത്തെ സ്വഭാവമഹിമ പകർത്താനും വിശ്വാസികളോട് ഖുർആൻ നിർദ്ദേശിക്കുന്നു. 'തീർച്ചയായും നിങ്ങൾക്ക് അല്ലാഹുവിന്റെ ദൂതരിൽ ഉത്തമ മാതൃകയുണ്ട്; അതായത് അല്ലാഹുവിനെയും അന്ത്യദിനത്തെയും പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയും, അല്ലാഹുവിനെ ധാരാളമായി സ്മരിക്കുകയും ചെയ്യുന്നവർക്ക്.' (ഖുർആൻ 33/21)

സൽസ്വഭാവത്തിന്റെ പ്രകടനങ്ങൾ വിശുദ്ധഖുർആൻ പരിചയപ്പെടുത്തിയിട്ടുണ്ട്:

'സംസാരിക്കുമ്പോൾ നിങ്ങൾ നീതി പാലിക്കുക; അതൊരു ബന്ധുവിന്റെ കാര്യത്തിലായിരുന്നാൽ പോലും.' (ഖുർആൻ 6/152)

'തന്നെയല്ലാതെ ആരാധിക്കരുതെന്നും മാതാപിതാക്കൾക്ക് നന്മ ചെയ്യണമെന്നും (നബിയേ) അങ്ങയുടെ രക്ഷിതാവ് വിധിച്ചിരിക്കുന്നു. അവരിൽ (മാതാപിതാക്കളിൽ) ഒരാളോ അവർ രണ്ടുപേരും തന്നെയോ നിന്റെയടുക്കൽ വാർദ്ധക്യാവസ്ഥയിലായുണ്ടെങ്കിൽ അവരോട് നീ 'ച്ഛെ' എന്ന് പോലും പറയുകയോ, അവരോട് കയർക്കുകയോ ചെയ്യരുത്. അവരോട് നീ മാന്യമായ വാക്ക് മാത്രം പറയുക. വിനയത്തിന്റെ ചിറക് നീ അവർക്കു താഴ്ത്തിക്കൊടുക്കുകയും ചെയ്യുക. 'എന്റെ രക്ഷിതാവേ, ചെറുപ്പത്തിൽ എന്നെ പോറ്റി വളർത്തിയതിനു പകരം അവരിരുവരോടും നീ കരുണ കാണിക്കണമേ' എന്ന് പറയുകയും ചെയ്യുക.' (ഖുർആൻ 17/23,24)

'നിങ്ങൾ അളന്നുകൊടുക്കുമ്പോൾ അളവ് തികച്ചു കൊടുക്കുക. ശരിയായ ത്രാസ് കൊണ്ട് തൂക്കിക്കൊടുക്കുകയും ചെയ്യുക. അതാണ് ഉത്തമവും അന്ത്യഫലത്തിൽ ഏറ്റവും ഗുണകരമായതും.' (ഖുർആൻ 17/35)

ദുഃസ്വഭാവങ്ങളുടെ സർവ്വ കവാടങ്ങളും അടയ്ക്കാനും വിശുദ്ധ ഖുർആൻ ആഹ്വാനം ചെയ്തിട്ടുണ്ട്:

'പ്രത്യക്ഷവും പരോക്ഷവുമായ നീചവൃത്തികളെ നിങ്ങൾ സമീപിക്കുക പോലുമരുത്.' (ഖുർആൻ 6/151)

'നടത്തത്തിൽ നീ മിതത്വം പാലിക്കുക. നിന്റെ ശബ്ദം താഴ്ത്തുകയും ചെയ്യുക. തീർച്ചയായും ശബ്ദങ്ങളുടെ കൂട്ടത്തിൽ ഏറ്റവും വെറുപ്പുണ്ടാക്കുന്നത് കഴുതയുടെ ശബ്ദമാണ്.' (ഖുർആൻ 31/19)

'ഭൂമിയിലൂടെ നീ പൊങ്ങച്ചം കാട്ടി നടക്കരുത്. ദുരഭിമാനിയെയും പൊങ്ങച്ചക്കാരനെയും അല്ലാഹു ഇഷ്ടപ്പെടുകയില്ല.' (ഖുർആൻ 31/18) 'നിങ്ങൾ ആത്മപ്രശംസ നടത്താതിരിക്കുക.' (ഖുർആൻ 53/32)

സൽസ്വഭാവം വിശ്വാസിയുടെ വ്യക്തിമുദ്രയായതിനാൽ അത് സ്വായത്തമാക്കാൻ തിരുനബി(സ) സ്വഹാബികളോട് ഉപദേശിക്കാറുണ്ടായിരുന്നു.

ഒരിക്കൽ അബൂഹുറയ്റ(റ)വിന് നബി(സ) ഉപദേശം നൽകി: 'ഓ അബൂഹുറയ്റാ, താങ്കൾ സൽസ്വഭാവിയാവുക.' അബൂഹുറയ്റ(റ) ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ, എന്തെല്ലാമാണ് സൽസ്വഭാവങ്ങൾ?' നബി(സ) പറഞ്ഞു: 'നിന്നോട് ബന്ധം വിച്ഛേദിച്ചവനോട് നീ ബന്ധം ചേർക്കുക, നിന്നെ ആക്രമിച്ചവർക്ക് മാപ്പ് കൊടുക്കുക, നിനക്ക് ദാനം നൽകാത്തവർക്ക് ദാനം നൽകുക.' (ബൈഹഖി)

നബി(സ)യുടെ ജീവിതത്തിലെ സൽസ്വഭാവ മാതൃക ശിഷ്യഗണങ്ങൾ വിവരിച്ചിട്ടുണ്ട്. അനസ്(റ) പറഞ്ഞു: 'ഞാൻ നബി(സ)ക്ക് പത്ത് വർഷം സേവനം ചെയ്തു. അതിനിടയ്ക്ക് ഒരിക്കൽ പോലും അവിടുന്നെന്നോട് 'ച്ഛെ' എന്നോ, നീ എന്തിനിങ്ങനെ ചെയ്തു, എന്തുകൊണ്ടിങ്ങനെ ചെയ്തില്ല എന്നോ പറഞ്ഞിരുന്നില്ല.' (ബുഖാരി 6038)

ജാബിർ(റ) പറഞ്ഞു: നബിയോട്(സ) എന്തെങ്കിലും സാധനം ആവശ്യപ്പെട്ടാൽ 'ഇല്ല' എന്ന് അവിടുന്ന് ഒരിക്കലും പറഞ്ഞിട്ടില്ല. (ബുഖാരി 78)

അസ്‌വദ്(റ) പറഞ്ഞു: 'ഞാൻ ആഇശ(റ)യോട് ചോദിച്ചു: 'നബി(സ) വീട്ടിൽ എന്തെല്ലാമാ

**ഒരിക്കൽ അബൂഹുറയ്റ(റ)വിന് നബി(സ) ഉപദേശം നൽകി: 'ഓ അബൂഹുറയ്റാ, താങ്കൾ സൽസ്വഭാവിയാവുക.' അബൂഹുറയ്റ(റ) ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ, എന്തെല്ലാമാണ് സൽസ്വഭാവങ്ങൾ?' നബി(സ) പറഞ്ഞു: 'നിന്നോട് ബന്ധം വിച്ഛേദിച്ചവനോട് നീ ബന്ധം ചേർക്കുക, നിന്നെ ആക്രമിച്ചവർക്ക് മാപ്പ് കൊടുക്കുക, നിനക്ക് ദാനം നൽകാത്തവർക്ക് ദാനം നൽകുക.' (ബൈഹഖി)**

ണ് ചെയ്യാറുള്ളത്?' ആഇശ(റ) പറഞ്ഞു: 'നബി(സ) ജോലികളിൽ പത്നിമാരെ സഹായിക്കാറുണ്ടായിരുന്നു. നിസ്കാരത്തിന്റെ സമയമായാൽ നിസ്കാരത്തിന് പുറപ്പെടും.' (ബുഖാരി 676) അബൂഹുറയ്റ(റ) നിവേദനം ചെയ്ത ഒരു ഹദീസിൽ കാണാം: 'നബി(സ) ഒരു ആഹാരത്തെയും ആക്ഷേപിക്കാറില്ല. ആഗ്രഹമുണ്ടെങ്കിൽ ഭക്ഷിക്കും. ആഗ്രഹമില്ലെങ്കിൽ ഉപേക്ഷിക്കും.' (ബുഖാരി 5409)

ഒരിക്കൽ ഒരു ജനാസ കൊണ്ടുപോകുന്നതു കണ്ട് നബി(സ) എഴുന്നേറ്റു നിന്നു. അതു കണ്ട് സ്വഹാബികളും എഴുന്നേറ്റു. അപ്പോൾ അവരിലൊരാൾ ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ, ഇതൊരു ജൂതന്റെ ജനാസയാണല്ലോ?' അപ്പോൾ നബി(സ) തിരിച്ചുചോദിച്ചു: 'അതൊരു മനുഷ്യനല്ലേ?' (മുസ്‌ലിം 961)

അബൂഖതാദ(റ) നിവേദനം: നബി(സ) പറഞ്ഞു: 'ഞാൻ ചിലപ്പോൾ നിസ്കാരം ദീർഘിപ്പിക്കണമെന്നു കരുതും. അപ്പോഴാകും കുട്ടികളുടെ കരച്ചിൽ കേൾക്കുന്നത്. ആ കുട്ടിയുടെ ഉമ്മയ്ക്ക് പ്രയാസമാകുമെന്നു കരുതി ഞാൻ നിസ്കാരം ലഘൂകരിക്കും.' (ബുഖാരി 707)

നിർമലമായ സ്വഭാവം കൊണ്ട് ആരുടെയും മനസ്സ് മാറ്റാൻ സാധിക്കുമെന്ന പാഠം പ്രവാചകജീവിതം നമുക്ക് നൽകുന്നുണ്ട്. ഇരുപത്തിമൂന്നു വർഷത്തിനുള്ളിൽ ഒരു ജനതയെ മുഴുവൻ സൽസ്വഭാവം കൊണ്ട് കീഴടക്കിയവരായിരുന്നു മുഹമ്മദ് നബി(സ). ശിലാഹൃദയരായിരുന്നവരെ പോലും തന്റെ വശ്യമായ പെരുമാറ്റത്തിലൂടെ ഇസ്‌ലാമിലേക്ക് ആകർഷിക്കാൻ റസൂൽ(സ)ക്കു കഴിഞ്ഞിട്ടുണ്ട്. നബി(സ)യുടെ ജീവിതത്തിലെ ഏതു മേഖലയിലും സൽസ്വഭാവത്തിന്റെ മഹനീയ മാതൃകകൾ കാണാവുന്നതാണ്.

സമൂഹത്തിന്റെ സമൂല മാറ്റത്തിന് നേതൃത്വത്തിന്റെ സൽസ്വഭാവത്തിലൂടെ സാധിക്കുമെന്നതിന് നബിജീവിതം മികച്ച സാക്ഷ്യമാണ്.

ഫിഖ്ഹ്

ഉവൈസ് ബുഖാരി നടുവട്ടം

# ശുദ്ധീകരണത്തിനുള്ള വെള്ളമേത്?

കുളി, വുളൂഅ് എന്നീ നിർബന്ധ ശുദ്ധീകരണ കർമ്മങ്ങൾക്കു മാത്രമല്ല, നജസ് വൃത്തിയാക്കുന്നതിനും ത്വഹൂറായ വെള്ളം വേണമെന്ന നിയമം പലർക്കുമറിയാം. എന്നാൽ, ശുദ്ധീകരണ ശേഷിയുള്ള വെള്ളം ഏതെന്ന് കൃത്യമായി അറിയുന്നവർ വളരെ കുറവാണ്. അനിവാര്യമായ ശുദ്ധീകരണത്തിന് ഉപയോഗിച്ച വെള്ളം രണ്ട് ഖുല്ലത്തിൽ (ഏകദേശം 191 ലിറ്റർ) താഴെയാണെങ്കിൽ ശുദ്ധീകരണയോഗ്യമല്ലാത്ത വെള്ളമായിത്തീരും. ഉദാഹരണമായി, നിർബന്ധമായ കുളിക്ക് ഉപയോഗിച്ച വെള്ളം കൊണ്ട് വസ്ത്രത്തിലെ നജസ് നീക്കിയാൽ പ്രത്യക്ഷത്തിൽ നജസ് നീങ്ങിയിട്ടുണ്ടെങ്കിലും വസ്ത്രം ശുദ്ധിയാകുന്നതല്ല. അവയവങ്ങളിൽ സ്പർശിച്ച ശേഷം ഉതിർന്നു വീണ, തയമ്മുമിന് ഉപയോഗിച്ച മണ്ണും രണ്ടാമത് ശുദ്ധീകരണത്തിനു വേണ്ടി ഉപയോഗിച്ചുകൂടാ.

വെള്ളത്തിൽ വീഴുന്നത് തടയാൻ ബുദ്ധിമുട്ടില്ലാത്തതും വെള്ളത്തിൽ നമുക്ക് വേർതിരിച്ച് കാണാനാവാത്തതും ശുദ്ധിയുള്ളതുമായ വസ്തുവാണല്ലോ മഷി. ഇത്തരം വസ്തുക്കൾ കലർന്ന് നിറമോ രുചിയോ മണമോ മാറി വെള്ളമെന്ന പേരു നഷ്ടപ്പെടും വിധം പകർച്ച വന്നാൽ രണ്ട് ഖുല്ലത്ത് വെള്ളത്തിന്റെ ശുദ്ധീകരണ യോഗ്യത നഷ്ടപ്പെടും. ഇവിടെ മണ്ണും കടലുപ്പുമാണെങ്കിൽ ശുദ്ധീകരണ യോഗ്യത നഷ്ടപ്പെടുകയില്ലെന്ന് പണ്ഡിതന്മാർ പ്രത്യേകം പറഞ്ഞിട്ടുണ്ട്. എന്നാൽ വീണത് എണ്ണ, മരച്ചില്ലകൾ പോലെയുള്ള, നമുക്ക് വെള്ളത്തിൽ നിന്നും വേർതിരിച്ചറിയാവുന്ന വസ്തുവാണെങ്കിൽ ശുദ്ധീകരണ യോഗ്യത നഷ്ടപ്പെടില്ല. എന്നാൽ വേർതിരിച്ചറിയാവുന്ന വസ്തുവായി ഗണിക്കപ്പെടുന്ന വല്ലതും വെള്ളത്തിൽ വീണ് വെള്ളമെന്ന പേര് നഷ്ടപ്പെടും വിധം കലർന്നാൽ ആ വെള്ളം ഉപയോഗശൂന്യമാകും. ഉദാഹരണത്തിന്, വെള്ളത്തിൽ അരിയിട്ട് തിളപ്പിച്ചാലും ആ വെള്ളത്തിന്റെ ശുദ്ധീകരണ യോഗ്യത നിലനിൽക്കും. എന്നാൽ, അരി കലർന്ന് വെള്ളമെന്ന് പറയാൻ പറ്റാത്ത വിധം മാറിയാൽ ആ വെള്ളത്തിനു ശുദ്ധീകരണ ശേഷിയുണ്ടാവില്ല.

വെള്ളവുമായി കലരുന്നത് തടയാൻ ബുദ്ധിമുട്ടുള്ള, ഒഴുകുന്ന സ്ഥലത്തുള്ള കുളച്ചണ്ടി കാരണം പകർച്ചയായ വെള്ളം ശുദ്ധീകരണത്തിന് പര്യാപ്തമാണ്. മണ്ണ്, കടലുപ്പ് കലങ്ങിയ വെള്ളവും കെട്ടിക്കിടന്ന് പകർച്ച വന്ന വെള്ളവും ശുദ്ധീകരണയോഗ്യമാണ്.

നജസ് കലർന്നാൽ ചെറിയ പകർച്ചകൊണ്ടു തന്നെ രണ്ട് ഖുല്ലത്തിലധികമുള്ള വെള്ളം ശുദ്ധീകരണത്തിന് പറ്റാതാകും. അത് പകർച്ച നീങ്ങി പൂർവ്വസ്ഥിതി കൈവരിച്ചാൽ യോഗ്യമാവുകയും ചെയ്യും. രണ്ട് ഖുല്ലത്തിൽ കുറഞ്ഞ വെള്ളത്തിൽ നജസ് സ്പർശിച്ചാൽ തന്നെ ശുദ്ധീകരണയോഗ്യമല്ലാതാകും. നജസായ വെള്ളവും ഫർളിൽ ഉപയോഗിച്ച വെള്ളവും പ്രകൃത്യാ യാതൊരു വ്യത്യാസവുമില്ലാത്ത വിധം രണ്ടു ഖുല്ലത്തായി വർധിച്ചാൽ ശുദ്ധീകരണയോഗ്യമാകും.

ചുരുക്കത്തിൽ, നിർബന്ധമായ ശുദ്ധീകരണത്തിന് ശുദ്ധീകരണയോഗ്യമായ വെള്ളം ഉപയോഗിക്കൽ അനിവാര്യമാണ്. ശുദ്ധീകരണയോഗ്യത നഷ്ടപ്പെടുത്തുന്ന സാഹചര്യങ്ങൾ മനസ്സിലാക്കി കുറ്റമറ്റ ശുദ്ധീകരണം നടത്തിയാലേ ശുദ്ധി അനിവാര്യമായ ആരാധനകൾ സ്വീകാര്യമാകൂ.

നോവൽ

മുജ്തബ നസ്വീഹ്

# ഇരുട്ടും വെളിച്ചവും വഴിപിരിയും നേരം

24

ഡോർ തുറന്നു. മാനേജറാണ് വന്നിരിക്കുന്നത്. ഭവ്യതയോടെ അകത്തേക്ക് ക്ഷണിച്ചപ്പോൾ പറഞ്ഞു: 'ബാദ്ഷാ, ഇരിക്കാൻ സമയമില്ല. അല്പം ധൃതിയുണ്ട്. ഒരു കാര്യം പറയാനാണിപ്പോൾ വന്നത്.'

'എന്താണാവോ?' ആകാംക്ഷയോടെ ആരാഞ്ഞു.

'ടീച്ചർ മഹ്ബൂബിന്റെ കാര്യങ്ങളൊക്കെ പറഞ്ഞിട്ടുണ്ടാവുമല്ലോ. നിർബന്ധമായും മകനെ മത്സരത്തിൽ പങ്കെടുപ്പിക്കണം. അവനൊരു പ്രൈസ് കിട്ടിയാൽ അത് നമ്മുടെ സ്ഥാപനത്തിന് അഭിമാനമാണല്ലോ. അഖിലേന്ത്യാതലത്തിൽ ശ്രദ്ധിക്കപ്പെടുന്ന മത്സരമാണ്. നമുക്കൊന്നിച്ചു പോകാം. നമുക്കെല്ലാവർക്കുമുള്ള ടിക്കറ്റ് ബുക്ക് ചെയ്താണ് ഞാൻ വരുന്നത്. പതിനഞ്ചാം തീയതി പുറപ്പെടണം. ഒ.കെ?'

## വെളിച്ചം... വെളിച്ചം....

ഒറ്റ വീർപ്പിൽ പറഞ്ഞു തീർത്ത് മാനേജർ കാറിനു നേരെ തിരിഞ്ഞപ്പോൾ ഒ.കെ എന്ന് പറയാനേ കഴിഞ്ഞുള്ളൂ. കാർ സ്റ്റാർട്ട് ചെയ്ത് അകന്നുപോയെങ്കിലും കണ്ണിലും മനസ്സിലും ആ വലിയ മനുഷ്യൻ നിറഞ്ഞുനിൽക്കുന്നു. മറ്റുള്ളവർക്ക് വേണ്ടി ജീവിതം ഉഴിഞ്ഞുവെച്ച പൊതുപ്രവർത്തകൻ.

അദ്ദേഹത്തിന് ഞങ്ങളാരാണ്? കുടുംബപരമായി ആരുമല്ല; എങ്കിലും മൂത്ത സഹോദരനെപ്പോലെയാണ് കാര്യങ്ങളെല്ലാം ശ്രദ്ധിക്കുന്നത്. അന്ന് ട്രെയിനിൽ വച്ച് അദ്ദേഹവുമായി കണ്ടുമുട്ടിയില്ലായിരുന്നുവെങ്കിൽ എന്റെയും മകന്റെയും ഗതിയെന്താകുമായിരുന്നു? അതോർക്കുമ്പോൾ അത്ഭുതപ്പെട്ടുപോകുന്നു; പടച്ചവൻ നേരത്തെ നിർണയിച്ചു വച്ച ഓരോ മുഹൂർത്തങ്ങൾ! നമുക്ക് അപ്രതീക്ഷിതമെന്ന് തോന്നുമെങ്കിലും എല്ലാം അവന്റെ മുൻനിശ്ചയമാണല്ലോ.

'എന്താണിങ്ങനെ ഇവിടെത്തന്നെ നിന്നു പോയത്? മാനേജരെന്താ പറഞ്ഞത്?' പിന്നിൽ നിന്ന് ഹബീബയുടെ ശബ്ദം കേട്ടപ്പോഴാണ് വിചാരങ്ങളിൽ നിന്നുണർന്നത്.'

'പതിനഞ്ചാം തീയതി ഡൽഹി



ക്ക് പുറപ്പെടണമെന്ന്.'

'അൽഹംദുലില്ലാഹ്... അങ്ങനെ അതൊരു ഉറച്ച തീരുമാനമായിക്കഴിഞ്ഞു, അല്ലേ?' അവളുടെ സന്തോഷത്തോടെയുള്ള പ്രതികരണം കേട്ടപ്പോൾ 'അതേ' എന്ന് ഉറപ്പിച്ചു തന്നെ പറഞ്ഞു. മറ്റെന്തു പ്രതിബന്ധങ്ങളുണ്ടായാലും അതെല്ലാം മാറ്റിവെച്ചും പോകണമെന്നാണല്ലോ മാനേജരുടെ വാക്കുകൾ സൂചിപ്പിക്കുന്നത്. സ്ഥാപനത്തിന്റെ അഭിമാനം എടുത്തു പറഞ്ഞത് അതിനുവേണ്ടിയാണല്ലോ. ഈ സ്ഥാപനമാണല്ലോ ഞങ്ങളുടെ ജീവിതത്തിലെ എല്ലാ നേട്ടങ്ങൾക്കും നിദാനം.

*** *** ***

ട്രെയിനിറങ്ങി ചുറ്റുമൊന്ന് കണ്ണോടിച്ചു. റെയിൽവേ സ്റ്റേഷനും പരിസരത്തിനും മാറ്റമൊന്നും വന്നിട്ടില്ല. വർഷങ്ങൾക്കു മുമ്പ് മഹ്ബൂബിനെയുമെടുത്ത് ധൃതിയിൽ ട്രെയിൻ കയറിയ അതേ അന്തരീക്ഷം തന്നെ. പണ്ടു കണ്ട മുഖങ്ങൾ പലതും മുന്നിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. അവർക്കൊന്നും മുഖം കൊടുക്കാതെ മുന്നോട്ടു നടക്കുമ്പോൾ പഴയ സുഹൃത്തുക്കളെയാരെയും ഇപ്പോൾ കണ്ടുമുട്ടരുതേ എന്നായിരുന്നു പ്രാർത്ഥന. എല്ലാവരെയും കാണുകയും സംസാരിക്കുകയും വേണം; ഇപ്പോഴല്ല, പപ്പയെയും മമ്മിയെയും കണ്ട ശേഷം മാത്രം. അതുവരെ ഈ നഗരത്തിൽ അപരിചിതന്റെ പരിവേഷം കാത്തുസൂക്ഷിക്കാൻ കഴിഞ്ഞെങ്കിൽ..!

**'എന്താണിങ്ങനെ ഇവിടെത്തന്നെ നിന്നു പോയത്? മാനേജറെന്താ പറഞ്ഞത്?' പിന്നിൽ നിന്ന് ഹബീബയുടെ ശബ്ദം കേട്ടപ്പോഴാണ് വിചാരങ്ങളിൽ നിന്നുണർന്നത്.**



അഞ്ചുകൊല്ലം പഠിച്ച കോളേജിനു മുമ്പിലൂടെ ടാക്സി നീങ്ങുമ്പോൾ മെല്ലെ അവളുടെ ചെവിയിൽ മന്ത്രിച്ചു: 'ഞാൻ പഠിച്ച കോളേജാണത്.'

കൗതുകത്തോടെ പുറത്തേക്കു കണ്ണയച്ച് അവൾ ചോദിച്ചു: 'പരിചയക്കാർ ആരെങ്കിലുമുണ്ടോന്ന് നോക്കണ്ടേ?'

'വേണ്ട' എന്നു തീർത്തു പറഞ്ഞപ്പോൾ അവൾ മുഖത്തേക്കൊന്നു പകച്ചു നോക്കി. 'ഇയാളെന്തൊരു മനുഷ്യൻ' എന്നാണാ നോട്ടത്തിന്റെ സൂചനയെന്നു തോന്നി. പഠിച്ച സ്ഥാപനവും പരിസരവും കാണുമ്പോൾ ആരുടെ മനസ്സിലും ഗൃഹാതുര സ്മരണകൾ ഉണരേണ്ടതാണല്ലോ.

ഇരമ്പിക്കയറുന്നുണ്ട് ഓർമകൾ! കൂട്ടുകാരോടൊത്ത് ചുറ്റിനടന്ന തെരുവ്, ഉസ്താദിനോടും മാലിക് സാറിനോടുമൊപ്പം സേവനത്തിനിറങ്ങിയ ചേരിപ്രദേശങ്ങൾ! ഗല്ലികൾ! രോഗികളുടെയും അവശതയനുഭവിക്കുന്നവരുടെയും ദൈന്യത മുറ്റിയ മുഖങ്ങൾ! കൂട്ടുകാരുടെ തമാശകൾ....!

ഒന്നും മറന്നിട്ടില്ല. പക്ഷേ, ഇപ്പോൾ അവരിലാരെയും അഭിമുഖീകരിക്കാൻ ധൈര്യമില്ലാത്തപോലെ. ഞാനൊരു അപരാധിയാണല്ലോ; ബന്ധങ്ങൾ മുറിച്ചെറിഞ്ഞ് ഒളിച്ചോടിയ അപരാധി!

*** *** ***

ഗംഭീരമായ മത്സര പരിപാടി

യാണ്. വിശാലമായ മൈതാനത്ത് കമനീയമായ വേദി. നിരയൊപ്പിച്ച് നിരത്തിയിട്ട ഇരിപ്പിടങ്ങൾ. മനോഹരമായ കൊടിതോരണങ്ങൾ. തൊപ്പിയും തലപ്പാവുമണിഞ്ഞ ശുഭ്ര വസ്ത്രധാരികളാണെങ്ങും. മത്സരാർത്ഥികൾക്കും അതിഥികൾക്കും സേവന സന്നദ്ധരായി ഓടി നടക്കുന്ന വളണ്ടിയർമാർ! കേരളത്തിൽ നിന്നെന്നു കേട്ടപ്പോൾ ഗംഭീരമായ സ്വീകരണം!

നിറഞ്ഞ മനസ്സുമായി എല്ലാം വീക്ഷിക്കുമ്പോഴും അസ്വസ്ഥത വല്ലാതെ അലോസരപ്പെടുത്തുന്നുണ്ടായിരുന്നു. ഇവിടെ നിന്നു നാല് കിലോമീറ്റർ അകലെയാണല്ലോ ജനിച്ചു വളർന്ന വീട്. അവിടെ പപ്പയും മമ്മിയുമുണ്ടല്ലോ. എന്തായിരിക്കും അവരുടെ അവസ്ഥ? അവർ സുഖമായിരിക്കുന്നോ? അതോ...? പെട്ടെന്ന് മനസ്സൊന്നു പിടഞ്ഞു. ദുഷ്ടൻ! അവരെക്കുറിച്ച് അന്വേഷിക്കാൻ പോലും തയ്യാറാവാത്ത മകൻ. ദുഷ്ടനെന്നല്ലാതെ ഈ മകനെക്കുറിച്ചെന്തു പറയാൻ?

ഞാൻ കൂടുതൽ അസ്വസ്ഥനാകുന്നതു മനസ്സിലാക്കിയാവാം, ഹബീബ ഇടയ്ക്കിടെ തമാശകൾ പറയുന്നുണ്ടായിരുന്നു. ശ്രദ്ധ തിരിച്ചുവിടാൻ പലതും ചോദിക്കുന്നുണ്ടായിരുന്നു. വേദിയിലെ വർണ്ണാഭമായ കാഴ്ചകൾ ചൂണ്ടിക്കാട്ടുന്നുണ്ടായിരുന്നു. പക്ഷേ അതെല്ലാം ഈ എരിയുന്ന മനസ്സിൽ എണ്ണയൊഴിക്കലായിപ്പോകുന്നെന്ന് ആരും മനസ്സിലാക്കുന്നില്ലല്ലോ.


മത്സരപരിപാടികളിലൊന്നും ശ്രദ്ധിക്കാൻ കഴിയുന്നില്ല. മനസ്സാകെ പതറിയ മട്ടാണ്. മഹ്ബൂബിന്റെ പ്രകടനം പോലും മനസ്സിരുത്തി വിലയിരുത്താനായില്ല. പരിപാടി കഴിഞ്ഞപ്പോൾ അവൾ പറഞ്ഞല്ലോ: 'ഇക്കാ, നമ്മുടെ മോന്റെ പ്രകടനം ഗംഭീരമായിരിക്കുന്നു. അത്രയും ഭംഗിയായി മറ്റാരും പാരായണം ചെയ്തിട്ടില്ല. ഹിഫ്ളിലും അവനൊരു തെറ്റും പറ്റിയിട്ടില്ല. എന്നാലും തീർത്തു പറയാനാവില്ലല്ലോ.'

നെഞ്ചിടിപ്പോടെയുള്ള അവളുടെ വാക്കുകൾ കേട്ടപ്പോഴും സമാധാനിപ്പിക്കും വിധം ഒന്നും പറയാൻ തോന്നിയില്ല. നിസ്സഹായതയോടെ എല്ലാം കേട്ടെന്നു മാത്രം. അവൾക്കെന്തു തോന്നിയിരിക്കും? ആലോചനയിലമർന്നങ്ങനെ ഇരിക്കുമ്പോഴാണ് അവളുടെ ഉയർന്ന ശബ്ദം കേട്ടത്: 'അല്ലാഹു അക്ബർ, ഇക്കാ.. നമ്മുടെ മോനാണ് ഫസ്റ്റ്.... ഹിഫ്ളിലും ഖിറാഅത്തിലും.... അനൗൺസ്മെന്റ് കേട്ടില്ലേ?'

ഒരു ഞെട്ടലോടെ ചാടി എണീറ്റ് പരിസരം മറന്ന് അവളെ അണച്ചുകൂട്ടിപ്പോയി. അപ്പോൾ കണ്ണുകൾ നിറഞ്ഞൊഴുകുന്നുണ്ടായിരുന്നു. അപ്പോഴേക്കും സന്തോഷം പങ്കിടാൻ മാനേജറും അവിടെ ഓടിയെത്തിക്കഴിഞ്ഞിരുന്നു. മഹ്ബൂബിന്റെ കണ്ണുകളിലും അസാധാരണമായ കണ്ണുനീർ!

*** *** ***

രാത്രിയിൽ നടക്കുന്ന പൊതുസമ്മേളനത്തിലാണ് സർട്ടിഫിക്കറ്റ് വിതരണവും അവാർഡ് ദാനവും നടക്കുന്നത്. ആ പരിപാടിയിൽ മക



**നിറഞ്ഞ മനസ്സുമായി എല്ലാം വീക്ഷിക്കുമ്പോഴും അസ്വസ്ഥത വല്ലാതെ അലോസരപ്പെടുത്തുന്നുണ്ടായിരുന്നു. ഇവിടെ നിന്നു നാല് കിലോമീറ്റർ അകലെയാണല്ലോ ജനിച്ചു വളർന്ന വീട്. അവിടെ പപ്പയും മമ്മിയുമുണ്ടല്ലോ. എന്തായിരിക്കും അവരുടെ അവസ്ഥ? അവർ സുഖമായിരിക്കുന്നോ? അതോ...?**

നോടൊപ്പം പങ്കെടുക്കണമെന്ന് പ്രത്യേക ക്ഷണം കിട്ടിയിട്ടുണ്ട്. ആനന്ദവും അഭിമാനവും തുടിച്ചു നിൽക്കുന്ന നിമിഷങ്ങൾ; ഒപ്പം ആശങ്കയും. എന്തിനാണ് ആശങ്ക യെന്നറിയില്ല. നിമിഷങ്ങൾ പിന്നി ടുമ്പോൾ നെഞ്ചിടിപ്പ് കൂടിക്കൂടി വരുന്നു. പടപടാ മിടിക്കുന്ന ഹൃദയം!

സ്റ്റേജിൽ പിൻനിരയിയിലിരി ക്കുമ്പോൾ മഹ്ബൂബ് ചോദിക്കു ന്നുണ്ട്; സ്റ്റേജിൽ അണിനിരന്ന നേതാക്കളെക്കുറിച്ച്, പണ്ഡിത രെക്കുറിച്ച്, വിശാലമായ സദ സ്സിനെക്കുറിച്ച്... അവനറിയണം ചുറ്റും നടക്കുന്നതെല്ലാം. പക്ഷേ വേണ്ടവിധത്തിൽ വിവരിച്ചു കൊ ടുക്കാൻ ആശങ്കകളും പരിഭ്രമവും എന്നെ അനുവദിക്കുന്നില്ലല്ലോ. ഇടയ്ക്കിടെ വാക്കുകൾ മുറിഞ്ഞു പോകുന്നല്ലോ. എന്റെ പ്രതികര ണം തൃപ്തികരമാവാത്തതിന്റെ ഭാവം അവന്റെ മുഖത്ത് പ്രകടമാ ണ്. ഇടയ്ക്കവൻ സ്വയം പറയു ന്നു; എനിക്കിതൊക്കെ ഒന്നു കാണാൻ കഴിഞ്ഞെങ്കിൽ....!

ഗംഭീരമായ ഉദ്ഘാടന പ്രഭാഷണത്തിനു ശേഷം അനൗൺസ്മെന്റ് കേട്ടു: 'ഇനി ജേതാക്കൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണവും സമ്മാനദാനവുമാ ണ് നടക്കാൻ പോകുന്നത്. ജൂനി യർ വിഭാഗത്തിൽ ഖിറാഅത്തിലും ഹിഫ്ളിലും ഒന്നാം സ്ഥാനം നേ ടിയ മഹ്ബൂബ് എന്ന മിടുക്കനെ ആദ്യസമ്മാനം സ്വീകരിക്കാനാ യി ക്ഷണിക്കുന്നു. കേരളത്തിലെ അംഗപരിമിതിയുള്ളവർക്കായുള്ള ഒരു വിദ്യാലയത്തിലെ വിദ്യാർ ത്ഥിയാണ് കാഴ്ചശക്തിയില്ലാത്ത മഹ്ബൂബ്. അതേ സ്ഥാപനത്തി ലെ ഉദ്യോഗസ്ഥനായ ബാദ് ഷായുടെയും അധ്യാപികയായ ഹബീബയുടെയും മകൻ. ഈ കുട്ടിയുടെ പ്രായത്തിൽ കവിഞ്ഞ പാകതയും പക്വതയും ശേഷിയും വൈഭവവും ജൂറിയെ അത്ഭുത പ്പെടുത്തിയിരിക്കുന്നു. സർട്ടി ഫിക്കറ്റും പാരിതോഷികങ്ങളും സ്വീകരിക്കാനായി മഹ്ബൂബിനെ ക്ഷണിക്കുന്നു.....'

'അബ്ബാ.... എന്നെയല്ലേ വിളിച്ച ത്?' മഹ്ബൂബ് കൈ കടന്നുപിടി ച്ചു ചോദിക്കുന്നു.

'അതേ മോനേ, നമുക്ക് മുന്നോട്ടു പോകാം.' പറയുന്ന തിനുമുമ്പേ അവൻ എഴുന്നേറ്റു നടക്കാൻ തുടങ്ങിയിരുന്നു.

അവന്റെ കൈ പിടിച്ച് മുന്നോ ട്ടു നടത്തിക്കുമ്പോൾ സ്റ്റേജിൽ ഒരു ഭാഗത്തുനിന്ന് എന്തോ ശബ്ദം കേട്ടു; ആരോ ഉറക്കെ സം സാരിക്കുന്നു. ആരാണ്? എന്താ ണ്?

'എന്നെ വിടൂ, ഒന്നു വഴി മാറിത്തരൂ.....' ഒരു വൃദ്ധന്റെ ക്ഷീണിത സ്വരം.

'നിങ്ങളൊന്നിരിക്ക്. പരിപാടി നടക്കട്ടെ.' ആരൊക്കെയോ അയാ ളെ പിടിച്ചിരുത്തുന്നു.

പക്ഷേ, 'അതവൻ തന്നെയാ ണ്; എന്റെ മോൻ' എന്നുപറഞ്ഞ് അയാൾ മുന്നോട്ടു കുതിക്കുക യാണ്.

മഹ്ബൂബ് സർട്ടിഫിക്കറ്റ് സ്വീകരിച്ചു കഴിഞ്ഞപ്പോഴേക്കും അയാൾ മറ്റുള്ളവരെ തട്ടിമാറ്റി മുന്നിലെത്തിക്കഴിഞ്ഞിരുന്നു. ഒറ്റക്കുതിപ്പിന് മുന്നോട്ടു ചാടി അയാളുടെ കൈകൾ ബാദ്ഷാ യെ വരിഞ്ഞു മുറുക്കി. 'മോനേ... എന്റെ മോനേ...' ദയനീയമായ ഒരു തേങ്ങൽ മൈക്കിലൂടെ സദ സ്സിലെങ്ങും മുഴങ്ങി. എന്താണ് സംഭവിക്കുന്നതെന്നറിയാതെ സ്റ്റേ ജിലും സദസ്സിലുമുള്ളവർ ഒരു നിമിഷം സ്തബ്ധരായി. അപ്പോ ഴേക്കും ആരൊക്കെയോ വന്ന് അയാളെ പിടിച്ചുമാറ്റാൻ ശ്രമിക്കു ന്നുണ്ടായിരുന്നു.

പക്ഷേ, അല്പനേരം പകച്ചു പോയെങ്കിലും തിരിച്ചറിവിന്റെ ബലത്തിൽ ആ പിതാവും മകനും ഗാഢമായ ആലിംഗനത്തിലമർ ന്നു. പപ്പാ.... എന്നോടു പൊറുക്ക ണേ.... ബാദ്ഷായുടെ ശബ്ദവും മൈക്കിലൂടെ മുഴങ്ങിക്കേട്ടു.

ബാദ്ഷായോടൊപ്പം മഹ്ബൂ ബിനെക്കൂടി അദ്ദേഹം ആലിംഗന ത്തിലേക്ക് വലിച്ചടുപ്പിച്ചുകൊണ്ട് മോനേ... എന്റെ കുഞ്ഞുമോനേ... എന്ന് വിളിച്ചു ചുംബനങ്ങൾ തുടർന്നപ്പോൾ മഹ്ബൂബിന്റെ ഉച്ചത്തിലുള്ള സ്വരം: 'അബ്ബാ... വെളിച്ചം... വെളിച്ചം...! അബ്ബാ... ഉമ്മീ... ഹായ്... ഞാൻ കാണുന്ന ല്ലോ... എല്ലാം കാണുന്നല്ലോ...!'

എന്താണവൻ പറയുന്നതിന്റെ പൊരുളെന്നറിയാതെ വലിച്ചെ ടുപ്പിക്കുമ്പോൾ അവൻ കുതറി മാറി കൗതുകത്തോടെ ചുറ്റും നോക്കുകയായിരുന്നു.

അവന്റെ മുഖം അത്യാഹ്ലാദ ത്താൽ പ്രശോഭിതമായിരുന്നു. 'ഹായ്...! വെളിച്ചം... വെളിച്ചം...!' അവനുറക്കെ പറഞ്ഞുകൊണ്ടി രുന്നു.

സദസ്സിലാകെ ആരവം... സം ഘാടകർക്ക് നിയന്ത്രണം വിട്ട പോലെ...

പെട്ടെന്ന് വളണ്ടിയർമാർ രം ഗത്തു വന്നു. അവരെ പിടിച്ചു സ്റ്റേജിന് പിറകിലേക്ക് നയിച്ചു. അവിടെ കാത്തു നിൽക്കുന്നു ണ്ടായിരുന്നല്ലോ ബാദ്ഷായുടെ മമ്മിയും മഹ്ബൂബിന്റെ ഉമ്മിയും. വാക്കുകളിലൂടെ കേട്ട് മാത്രം പരിചയമുണ്ടായിരുന്ന അവരെയാ രെയും കാഴ്ചയിലൂടെ തിരിച്ചറി യാൻ മഹ്ബൂബിന് പ്രയാസമു

**ബാദ്ഷായോടൊപ്പം മഹ്ബൂബിനെക്കൂടി അദ്ദേഹം ആലിംഗനത്തിലേക്ക് വലിച്ചടുപ്പിച്ചുകൊണ്ട് മോനേ... എന്റെ കുഞ്ഞുമോനേ... എന്ന് വിളിച്ചു ചുംബനങ്ങൾ തുടർന്നപ്പോൾ മഹ്ബൂബിന്റെ ഉച്ചത്തിലുള്ള സ്വരം: 'അബ്ബാ... വെളിച്ചം... വെളിച്ചം...! അബ്ബാ... ഉമ്മീ... ഹായ്... ഞാൻ കാണുന്നല്ലോ... എല്ലാം കാണുന്നല്ലോ...!'**

ണ്ടായില്ല. അത്യാഹ്ലാദത്തിന്റെ മധുരിമയിൽ ആ കുടുംബം നിർവൃതികൊണ്ടിരിക്കെ സ്റ്റേജിൽ നിന്ന് കേൾക്കുന്ന വാക്കുകളിൽ ശ്രദ്ധ പതിഞ്ഞു:

'ജനങ്ങളേ, ശാന്തരാവുക. നമ്മുടെ മഹത്തായ ഈ പരിപാടിയുടെ വേദിയിൽ ഒരു മഹാത്ഭുതം സംഭവിച്ചിരിക്കുന്നു. ജൂനിയർ വിഭാഗത്തിൽ ഖിറാഅത്തിലും ഹിഫ്‌ളിലും ഒന്നാം സ്ഥാനം നേടിയ മഹ്ബൂബ് കാഴ്ചശക്തിയില്ലാത്ത കുട്ടിയാണെന്ന് ഞാൻ നേരത്തെ പറഞ്ഞിരുന്നല്ലോ. ഇതാ, ഈ സ്റ്റേജിൽ വെച്ച് ആ കുട്ടിക്ക് അല്ലാഹുവിന്റെ അനുഗ്രഹത്താൽ കാഴ്ചശക്തി ലഭിച്ചിരിക്കുന്നു!'

സദസ്സിൽ നിന്ന് അന്തരീക്ഷം പ്രകമ്പനം കൊള്ളിക്കുന്ന തക്ബീറുകൾ മുഴങ്ങവെ പ്രഭാഷകൻ തുടർന്നു: 'ജനങ്ങളേ, മറ്റൊരു വിശേഷം കൂടിയുണ്ട്. ഈ കുട്ടി നമ്മുടെ ഈ പരിപാടിയുടെ സംഘാടകരിൽ പ്രമുഖനായ നൂറുല്ലാഖാന്റെ ചെറുമകനാണെന്ന് ഇപ്പോൾ തിരിച്ചറിഞ്ഞിരിക്കുന്നു. വർഷങ്ങൾക്കു മുമ്പ് നാടുവിട്ടുപോയ ബാദ്ഷയുടെ പുത്രനാണ് നമ്മുടെ ഹീറോ മഹ്ബൂബ്.....!'

സദസ്സിൽ നിന്ന് വീണ്ടും തക്ബീർധ്വനികളുയരുന്നു. യാദൃച്ഛികമായ ഒത്തുചേരലിന്റെ ആഹ്ലാദത്തിൽ വർത്തമാനങ്ങൾ പങ്കിട്ടുകൊണ്ടിരിക്കവെ പെട്ടെന്ന് മാലിക് സാറും ഉസ്താദും വന്നു സലാം പറഞ്ഞു കെട്ടിപ്പിടിച്ചപ്പോൾ പൊട്ടിക്കരഞ്ഞുപോയി; ആ പൊട്ടിത്തെറിയിൽ മനസ്സകത്ത് കെട്ടിക്കിടന്ന എല്ലാ പരിഭവങ്ങളും പരാതികളും ദുഃഖങ്ങളും വേവലാതികളും ഒഴുകിപ്പോയ പോലെ, മനസ്സിനെന്തൊരു ശാന്തത!

മഹ്ബൂബ് അപ്പോഴും കൗതുകത്തോടെ ജനങ്ങളുടെ മുഖങ്ങളും പുറംകാഴ്ചകളും നിരീക്ഷിച്ചുകൊണ്ടിരിക്കുകയായിരുന്നു; ഹബീബയാവട്ടെ, മമ്മിയോട് ഗതകാല കഥകൾ പങ്കുവയ്ക്കുകയും! നൂറുല്ലാഖാൻ ഗൗരവമെല്ലാം വിട്ട് ബാദ്ഷായോട് കുശലാന്വേഷണങ്ങളിലും!

(അവസാനിച്ചു)

ലൈഫ്‌സ്റ്റൈൽ

അബൂലിയാന

# ഫാഷൻ ഡയറ്റിംഗ്

ഭക്ഷണത്തിൽ മാത്രമല്ല; ഫാഷനിലും ഡയറ്റിംഗ് ആവശ്യമാണെന്നാണ് പുതിയ കാഴ്ചപ്പാട്. സെലിബ്രിറ്റികളും സിനിമാ കായിക താരങ്ങളും അവതരിപ്പിക്കുന്ന, ധരിക്കുന്ന വസ്ത്രങ്ങൾ, ആഭരണങ്ങൾ, ഷൂകൾ തുടങ്ങിയവ ഫാഷനായി സ്വീകരിക്കുന്ന പ്രവണത ലോകത്ത് നിയന്ത്രണാതീതമായിക്കഴിഞ്ഞിരിക്കുന്നു. വസ്ത്ര ഫാഷനുകൾ ദിനംപ്രതി മാറിക്കൊണ്ടിരിക്കുന്നു. വസ്ത്രത്തിന്റെ ഭംഗിയോ ഉറപ്പോ ചേർച്ചയോ ഗുണമേന്മയോ മാനദണ്ഡമാക്കാതെ അന്ധമായ അനുകരണമാണ് ഇന്നത്തെ ഫാഷൻ ഭ്രമം. ഇത് കാരണമുണ്ടാകുന്ന സാമ്പത്തികമായ നഷ്ടം മാത്രമല്ല, ഒന്നോ രണ്ടോ തവണ ഉപയോഗിച്ച് ഉപേക്ഷിക്കുന്ന വസ്ത്രങ്ങൾ മാലിന്യമായി മാറുമ്പോഴുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങളും ലോകം ചർച്ച ചെയ്തു തുടങ്ങിയിരിക്കുന്നു. ഉൽപാദനത്തിന്റെ വേഗത കുറച്ച് സുസ്ഥിര ഫാഷൻ മാർഗ്ഗങ്ങളിലേക്ക് തിരിയണമെന്നാണ് ആവശ്യം. 'ഓഫർ' എന്നു കേട്ടാൽ എടുത്തുചാടി ആവശ്യമുള്ളതും ഇല്ലാത്തതുമായ വസ്തുക്കൾ വാങ്ങിക്കൂട്ടുന്ന ശീലവും നല്ലതല്ല.

ഈ ഘട്ടത്തിലാണ് ഫാഷൻ ഡയറ്റിംഗ് എന്ന ആശയം ഉരുത്തിരിയുന്നത്. ഫാഷൻ ഡയറ്റിംഗിൽ കർശനമായി പിന്തുടരേണ്ട ചില ചിട്ടകൾ:

1. അലമാരയിലെ തിങ്ങിനിറഞ്ഞ വസ്ത്രങ്ങൾ പരിശോധിക്കുകയാണ് ആദ്യഘട്ടം. വാങ്ങിവെച്ചിട്ടും ധരിക്കാതെയിരിക്കുന്ന വസ്ത്രങ്ങളും ഒരേ സ്റ്റൈലിലുള്ള വസ്ത്രങ്ങളും കണ്ടെത്താൻ ഇത് സഹായിക്കും.

2. ഏതെങ്കിലും വസ്ത്രം വാങ്ങണമെന്ന് തോന്നിയാൽ ഉടൻ ഷോപ്പിംഗിനിറങ്ങുന്ന ശീലം ഒഴിവാക്കുക. തൊട്ടടുത്ത ദിവസങ്ങളിലേക്ക് മാറ്റിവെക്കുക. അതിനു ചെലവഴിക്കുന്ന പണം മറ്റെന്തെങ്കിലും അടിയന്തിര കാര്യങ്ങൾക്ക് വേണ്ടി ചെലവഴിക്കേണ്ടതുണ്ടോ എന്ന് ആലോചിക്കുക. ഇതുവഴി പർച്ചേഴ്സിൽ കൃത്യമായ ധാരണയുണ്ടാക്കാം.

3. റോഡരികിലും ഷോപ്പിംഗ് മാളിലും നോട്ടീസുകളിലുമെല്ലാം ഉള്ളതിനെക്കാൾ ബ്രാൻഡുകളും ഔട്ട്‌ലെറ്റുകളും പ്രത്യക്ഷപ്പെടുന്നത് മൊബൈൽ സ്ക്രീനിലാണ്. സോഷ്യൽമീഡിയകളിൽ ഫീഡുകളായും സന്ദേശങ്ങളായും നോട്ടിഫിക്കേഷനുകളായും ഷോപ്പിങ്ങിനുള്ള ക്ഷണമെത്തും. ഷോപ്പിംഗ് മെയിലുകളും നോട്ടിഫിക്കേഷനുകളും ബ്ലോക്ക് ചെയ്താൽ ഒരു പരിധിവരെ ഓൺലൈൻ പ്രലോഭനങ്ങളിൽ നിന്ന് രക്ഷപ്പെടാം.

4. ക്രെഡിറ്റ് കാർഡുകൾ ഒഴിവാക്കലാണ് ഫാഷൻ ഡയറ്റിങ്ങിന്റെ മുഖ്യഭാഗം. കാർഡുകളും വാലറ്റുകളും ഒഴിവാക്കി നേരിട്ട് പണം നൽകി സാധനങ്ങൾ വാങ്ങുക. മാസാന്ത്യങ്ങളിൽ ഓൺലൈൻ സ്റ്റേറ്റ്മെന്റ് നോക്കി അനാവശ്യമായ പർച്ചേസുകൾ പരിശോധിക്കുക.

5. വസ്ത്രങ്ങൾ കൂട്ടുകാരുമായി പരസ്പരം ഷെയർ ചെയ്ത് ഉപയോഗിക്കുന്ന പഴയകാല രീതിയിലേക്ക് തിരിച്ചുപോകാം. പഴയ വസ്ത്രങ്ങൾക്ക് മേക്കോവർ നൽകി ഉപയോഗിക്കാം. ഉപയോഗിക്കാതെ കിടക്കുന്ന വസ്ത്രങ്ങൾ രൂപമാറ്റം വരുത്തി പുതിയ ക്രിയേറ്റിവിറ്റി ഫാഷനുകൾ ആവിഷ്കരിക്കാം.

ചോദ്യോത്തരം/ ശാഫിഈ

ചെറുശ്ശോല അബ്ദുൽ ജലീൽ സഖാഫി

# കഫൻതുണി ഒരുക്കിവെക്കൽ

***ചോദ്യം: മരണത്തിനു മുമ്പ് കഫൻ തുണി ഒരുക്കിവെക്കുന്നതിന്റെ വിധിയെന്താണ്? ചിലർ ഹജ്ജ് - ഉംറക്ക് ഇഹ്റാം ചെയ്ത വസ്ത്രങ്ങൾ, സംസം മുക്കിയ തുണികൾ, മഹാന്മാർ ഉപയോഗിച്ച വസ്ത്രങ്ങൾ തുടങ്ങിയവ കഫൻ തുണിയായി എടുത്തുവെക്കാറുണ്ട്. ഇത് നല്ലതാണോ? അതിനും കൂടി ഹിസാബ് പറയേണ്ടതായി വരുന്നതിനാൽ അത് ഒഴിവാക്കലാണ് നല്ലതെന്ന് ചിലർ പറയുന്നതായി കേട്ടു. ശരിയാണോ?***
***ശമീർ ആലപ്പുഴ***

**ഉത്തരം:** മരണത്തിനു മുമ്പ് കഫൻ തുണി ഒരുക്കി വെക്കുന്നത് നല്ലതാണെന്നോ അല്ലെന്നോ നിരുപാധികം പറഞ്ഞുകൂടാ. അക്കാര്യത്തിൽ വിശദീകരണമുണ്ട്.

ഹലാലാണെന്ന് നൂറു ശതമാനം ഉറപ്പുള്ളത് അഥവാ, ശുബ്ഹ(ഹറാമിന്റെ സാധ്യത) ഇല്ലാത്തത്/ താരതമ്യേന ശുബ്ഹ കുറവുള്ളത്/ ബറകത്ത് എടുക്കപ്പെടുന്ന സജ്ജനങ്ങളുടെ ആസാറുകൾ കഫനിനുവേണ്ടി എടുത്തുവെക്കുന്നത് നല്ലതാണെന്നും അത്തരത്തിലുള്ളതല്ലെങ്കിൽ കഫൻ മുൻകൂട്ടി ഒരുക്കിവെക്കുന്നത് നല്ലതല്ലെന്നും കർമശാസ്ത്ര ഇമാമുകൾ വിശദീകരിച്ചിട്ടുണ്ട്.

സഹ്ൽ(റ) പറയുന്നു: 'ഒരു സഹോദരി ഹദ്‌യയായി നൽകിയ തുണി ധരിച്ചുകൊണ്ട് നബി(സ) ഞങ്ങളിലേക്ക് വന്നപ്പോൾ ഞങ്ങളുടെ കൂട്ടത്തിൽ ഒരാൾ 'വളരെ നല്ല വസ്ത്രമാണല്ലോ, ഇതെനിക്ക് തരുമോ' എന്ന് നബി(സ)യോട് ചോദിച്ചു. നബി(സ) ഇഷ്ടപ്പെട്ട് ധരിച്ച വസ്ത്രം നിങ്ങൾ ചോദിച്ചത് ശരിയായില്ലെന്ന് മറ്റുള്ളവർ അദ്ദേഹത്തെ വിമർശിച്ചപ്പോൾ അദ്ദേഹത്തിന്റെ മറുപടി ഇപ്രകാരമായിരുന്നു: 'എനിക്ക് ധരിക്കാൻ വേണ്ടിയല്ല ഞാൻ അതാവശ്യപ്പെട്ടത്. എന്റെ കഫനായി ഉപയോഗപ്പെടുത്താൻ വേണ്ടി ചോദിച്ചതാണ്. സഹ്ൽ(റ) പറയുന്നു: 'ആ വസ്ത്രത്തിലാണ് പിന്നീട് അദ്ദേഹം കഫൻ ചെയ്യപ്പെട്ടത്.' (സ്വഹീഹുൽ ബുഖാരി 1277)

പ്രസ്തുത ഹദീസിന്റെ വ്യാഖ്യാനത്തിൽ ശൈഖുൽ ഇസ്‌ലാം സകരിയ്യൽ അൻസ്വാരി(റ) ഇമാം ഖസ്ത്വല്ലാനി(റ) തുടങ്ങിയവർ എഴുതുന്നു: 'സജ്ജനങ്ങളുടെ ആസാറുകൾ കൊണ്ട് ബറകത്തെടുക്കലും മരണത്തിനു മുമ്പേ കഫൻതുണി ഒരുക്കിവെക്കൽ അനുവദനീയമാണെന്നതും ഈ ഹദീസ് അറിയിക്കുന്നു. എന്നാൽ കഫൻതുണി ഒരുക്കിവെച്ചതും കൂടി ഹിസാബ് ചെയ്യപ്പെടാതിരിക്കാൻ വേണ്ടി പൊതുവെ കഫൻ ഒരുക്കിവെക്കൽ സുന്നത്തില്ലെന്നും അതേസമയം ഈ ഹദീസിൽ ഉള്ളതുപോലെ സ്വാലിഹീങ്ങളുടെ ആസാർ / ഹലാൽ എന്ന കാരണത്താലാണെങ്കിൽ കഫൻ ഒരുക്കിവെക്കുന്നത് നല്ലതാണെന്നും നമ്മുടെ ഇമാമുകൾ വിശദീകരിച്ചിരിക്കുന്നു. (മിൻഹതുൽ ബാരി 3/347, ഇർശാദുസ്സാരി 2/396)

അബൂബക്ർ(റ) ജീവിതകാലത്ത് ഉപയോഗിച്ചിരുന്ന ഒരു വസ്ത്രം കഴുകിവെക്കാനും അതിൽ അവരെ കഫൻ ചെയ്യാനും നിർദ്ദേശിച്ചത് ആഇശ(റ)യിൽ നിന്ന് ഇമാം ബുഖാരി(റ) ഉദ്ധരിച്ചിട്ടുണ്ട്. (സ്വഹീഹുൽ ബുഖാരി 1387) ഞാൻ നിസ്കരിച്ചിരുന്ന വസ്ത്രങ്ങളിൽ നിങ്ങൾ എന്നെ കഫൻ ചെയ്യണമെന്ന് അബുബക്ർ(റ) പറഞ്ഞുവെന്നാണ് ഇബ്നു സഅ്ദിന്റെ റിപ്പോർട്ടിലുള്ളത്. (ഫത്ഹുൽ ബാരി 3/253)

ഇമാം നവവി(റ) എഴുതി: 'സ്വന്തത്തിനു വേണ്ടി കഫൻതുണി ഒരുക്കിവെക്കൽ സുന്നത്തില്ല. അതിന്റെ പേരിൽ ഹിസാബ് ചെയ്യപ്പെടുന്ന സാഹചര്യം ഒഴിവാക്കാം എന്നതാണ് കാരണം.' എന്നിങ്ങനെ സ്വയ്മുരിയും മറ്റും പറഞ്ഞിരിക്കുന്നു. ഹലാലാണെന്ന് ഉറപ്പുള്ളതോ, ആലിമീങ്ങൾ, ആബിദീങ്ങൾ എന്നിങ്ങനെ ഖൈറിന്റെ അഹ്‌ലുകാരുടെ ആസാറുകളിൽ പെട്ടതോ അല്ലെങ്കിൽ ആ പറഞ്ഞത് തന്നെയാണ് പ്രബലം. അതേസമയം അത്തരം വകുപ്പിൽ പെട്ടതാണെങ്കിൽ, കഫനിനു വേണ്ടി അതൊരുക്കിവെക്കൽ നല്ലതുതന്നെയാണ്. കഫനിനു വേണ്ടി എടുത്തുവെക്കാൻ നബി(സ)യുടെ വസ്ത്രം ആവശ്യപ്പെട്ടതും എടുത്തുവെച്ചതും

**അബൂബക്ർ(റ) ജീവിതകാലത്ത് ഉപയോഗിച്ചിരുന്ന ഒരു വസ്ത്രം കഴുകിവെക്കാനും അതിൽ അവരെ കഫൻ ചെയ്യാനും നിർദ്ദേശിച്ചത് ആഇശ(റ)യിൽ നിന്ന് ഇമാം ബുഖാരി(റ) ഉദ്ധരിച്ചിട്ടുണ്ട്. (സ്വഹീഹുൽ ബുഖാരി 1387) ഞാൻ നിസ്കരിച്ചിരുന്ന വസ്ത്രങ്ങളിൽ നിങ്ങൾ എന്നെ കഫൻ ചെയ്യണമെന്ന് അബുബക്ർ(റ) പറഞ്ഞുവെന്നാണ് ഇബ്നു സഅദിന്റെ റിപ്പോർട്ടിലുള്ളത്. (ഫത്ഹുൽ ബാരി 3/253)**

സ്വഹീഹുൽ ബുഖാരിയിൽ സ്ഥിരപ്പെട്ടിട്ടുള്ളതാണ്. (ശറഹുൽ മുഹദ്ദബ് 5/211)

ഹംബലി മദ്ഹബിലെ കർമ്മ ശാസ്ത്ര പണ്ഡിതനായ ശറഫുദ്ദീനുൽ മഖ്ദസി എഴുതുന്നു: 'ഹലാലാണെന്ന കാരണത്താലോ ഇബാദത്തിന് ഉപയോഗിച്ച വസ്ത്രമായതിനാലോ കഫൻ തയ്യാർ ചെയ്തു വെക്കുകയാണെങ്കിൽ അത് തെറ്റല്ല. ഒരു വ്യക്തി നിസ്കാരത്തിന് ഉപയോഗിച്ച വസ്ത്രം അല്ലെങ്കിൽ ഹജ്ജ് ഉംറയുടെ ഇഹ്റാമിൽ ഉപയോഗിച്ച വസ്ത്രം കഴുകി കഫനിനു വേണ്ടി എടുത്തുവെക്കുന്നതിനെക്കുറിച്ച് ചോദിക്കപ്പെട്ടപ്പോൾ അത് നല്ലതാണെന്ന് ഇമാം അഹ്മദ് മറുപടി നൽകിയിട്ടുണ്ട്. (അൽഇഖ്നാഅ് 1/220)

സംസം മുക്കപ്പെട്ട വസ്ത്രം ഈ ഗണത്തിൽ പെട്ടതാണെന്ന് അല്ലാമ ഇസ്മാഈലുൽ ഹിഖ്ഖി തഫ്സീർ റൂഹുൽബയാനിൽ ഉദ്ധരിച്ചിട്ടുണ്ട്.

ഇമാം ഇബ്നുഹജർ(റ) തുഹ്ഫതുൽ മുഹ്താജിൽ എഴുതിയിട്ടുള്ളത് ഇപ്രകാരമാണ്: 'കഫൻതുണി ഒരുക്കി വെക്കാതിരിക്കലാണ് നല്ലത്. ശുബ്ഹയിൽ നിന്ന് ഒഴിവാകുക അല്ലെങ്കിൽ ശുബ്ഹ താരതമ്യേന കുറയുക എന്നീ കാരണങ്ങളുണ്ടെങ്കിൽ മാത്രം കഫൻ നേരത്തെ തയ്യാറാക്കി വെക്കൽ നല്ലതാണ്. (തുഹ്ഫ 3/127)

അതേസമയം, ഇമാം റംലി(റ) നിഹായയിൽ വിശദീകരിച്ചിട്ടുള്ളത് ഇപ്രകാരമാണ്: 'ഹലാൽ, സജ്ജനങ്ങളുടെ ആസാർ എന്ന നിലയിലാണെങ്കിൽ കഫൻ ഒരുക്കിവെക്കൽ നല്ലതാണ്. അല്ലെങ്കിൽ അത് സുന്നത്തല്ല. (നിഹായ 2/464)

ഹലാൽ, സജ്ജനങ്ങളുടെ ആസാർ എന്ന കാരണത്താലല്ലാതെ കഫൻ ഒരുക്കിവെക്കൽ കറാഹത്താകുന്നു. (ഹാശിയതുൽ ബാജൂരി അലാ ശർഹി ഇബ്നി ഖാസിം 1/368)

***ചോദ്യം: ആണിനെ കഫൻ ചെയ്യുന്നതിൽ നിർബന്ധം ഒരു തുണിയാണെന്നും മൂന്ന് തുണികളാണെന്നും ഒരു ലേഖനത്തിൽ വായിച്ചു. എന്നാൽ ഒരു പണ്ഡിതക്ലാസിൽ കേട്ടത് മൂന്നു തുണികൾ നിർബന്ധമാണെന്നാണ്. ഫത്ഹുൽമുഈനിന്റെ പരിഭാഷയിൽ ഞാൻ കണ്ടതും മൂന്ന് തുണികൾ ഉത്തമമാണെന്നാണ്. ഏതാണ് ശരി? വിശദീകരണം ആവശ്യപ്പെടുന്നു.***

**ഉത്തരം:** ആണിനെ കഫൻ ചെയ്യുന്നതിൽ ഒരു തുണി മാത്രമാണ് നിർബന്ധമെന്ന് നിരുപാധികം പറയുന്നത് ശരിയല്ല. മരണപ്പെട്ട വ്യക്തിക്ക് സമ്പത്തുണ്ടാവുകയും മരണാനന്തരമുള്ള മൊത്തം സമ്പത്തിനോട് തുല്യമായോ അതിലേറെയോ കടം ഇല്ലാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ശരീരം പൂർണ്ണമായും മറയ്ക്കുന്ന മൂന്ന് തുണികൾ നിർബന്ധം തന്നെയാണ്. അത്തരം മൂന്നു തുണികൾ ഉപയോഗിക്കാതെ ഒന്നോ രണ്ടോ തുണികളിൽ മാത്രം കഫൻ ചെയ്യുന്നത് കുറ്റകരമാണ്. ആണിന് മൂന്ന് തുണികൾ ഉത്തമമെന്ന് ഫത്ഹുൽ മുഈൻ ഉൾപ്പെടെയുള്ള ഗ്രന്ഥങ്ങളിൽ പറഞ്ഞിട്ടുള്ളതിന്റെ വിവക്ഷ മൂന്നെണ്ണം ഉത്തമമാണ്, ഒന്നേ നിർബന്ധമുള്ളൂ എന്നല്ല. മറിച്ച് നിർബന്ധമുള്ള മൂന്നു തുണികൾ മാത്രം ഉപയോഗിക്കൽ ഉത്തമവും അതിലേറെ ഉപയോഗിച്ച് കഫൻ ചെയ്യുന്നത് ഉത്തമ വിരുദ്ധവുമാണെന്നാണ് അതിന്റെ വിവക്ഷ.

ഇമാം റംലി(റ) ഇമാം ഖത്വീബുശ്ശിർബീനി(റ) എന്നിവർ എഴുതുന്നു: 'ആണിന് മൂന്നെണ്ണം ഉത്തമമാണെന്നു പറഞ്ഞത് മൂന്നെണ്ണം നിർബന്ധമാണെന്ന വിധിക്ക് വിരുദ്ധമല്ല. കാരണം, നിർബന്ധമുള്ള മൂന്നെണ്ണത്തിൽ ചുരുക്കലാണ് അതിൽ കൂടുതൽ ഉപയോഗിക്കുന്നതിലേറെ ഉത്തമം എന്നതാണ് അതിന്റെ വിവക്ഷ. (തുഹ്ഫ 3/118, 119, നിഹായ 2/459, മുഗ്നി 2/16)

അതേസമയം മരണപ്പെട്ട വ്യക്തിക്ക് സമ്പത്തില്ല, അദ്ദേഹത്തിന്റെ കഫൻ മറ്റുള്ളവർക്ക് ബാധ്യതയാണ്, മൂന്നു വസ്ത്രങ്ങൾ സൗജന്യമായി അവർ നൽകുന്നുമില്ല. എങ്കിൽ ശരീരം പൂർണ്ണമായും മറയ്ക്കുന്ന ഒരു തുണി മാത്രമേ നിർബന്ധമുള്ളൂ. ആ സാഹചര്യത്തിൽ ഒരു തുണിയിൽ മാത്രം കഫൻ ചെയ്യൽ കുറ്റകരമല്ല.

അപ്രകാരം തന്നെ മയ്യിത്തിന്റെ മരണാനന്തര സമ്പത്തിനോട് തുല്യമായോ അതിലേറെയോ കടമുണ്ടെങ്കിൽ രണ്ടും മൂന്നും തുണികൾ ഉപയോഗിക്കുന്നത് തടയാൻ കടക്കാർക്ക് അനുവാദമുണ്ട്. അങ്ങനെ അവർ തടയുകയാണെങ്കിൽ ശരീരം പൂർണ്ണമായി മറയ്ക്കുന്ന ഒരു വസ്ത്രത്തിൽ കഫൻ ചെയ്യലാണ് നിർബന്ധം. അപ്പോഴും ഒരു വസ്ത്രത്തിൽ മാത്രം കഫൻ ചെയ്യൽ കുറ്റകരമല്ല. തുഹ്ഫ, നിഹായ, മുഗ്നി തുടങ്ങിയ ഗ്രന്ഥങ്ങളിലെല്ലാം ഇക്കാര്യം വിശദീകരിച്ചിട്ടുണ്ട്.

? ചോദ്യോത്തരം/ ഹനഫീ

ഡോ. അബ്ദുൽ ഹകീമിൽ കനാഫലി

# സ്ത്രീ സ്വയം നികാഹ് ചെയ്യൽ

***ചോദ്യം: പ്രാവ്, ലൗബേർഡ് പോലെയുള്ള പക്ഷികളെയും അലങ്കാരമത്സ്യങ്ങളെയും വീട്ടിൽ വളർത്തുന്നതിന്റെ വിധിയെന്ത്?***

***ജുനൈഹ സ്വാലിഹ്***
***പെരുമ്പാവൂർ***

**ഉത്തരം:** പൂച്ചയ്ക്ക് അന്നപാനീയങ്ങൾ കൃത്യമായി നൽകുകയാണെങ്കിൽ അതിനെ കൈവശം വെക്കുന്നതും (വളർത്തുന്നതും) കെട്ടിയിടുന്നതും (കൂട്ടിൽ അടച്ച് ഇടുന്നതും) അനുവദനീയമാണ്. പൂച്ചയെപ്പോലുള്ള മറ്റു ജീവികളെയും ഇങ്ങനെ ചെയ്യാവുന്നതാണെന്ന് ഇമാം ബദ്റുദ്ദീനിൽ ഐനി അൽഹനഫി(റ) ഉംദത്തുൽ ഖാരി(15/273)യിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ചോദ്യത്തിൽ പറഞ്ഞ പ്രാവും അലങ്കാരമത്സ്യങ്ങളുമൊക്കെ ഈ ഗണത്തിൽ പെട്ടതാണല്ലോ.

**ചോദ്യം: ഒരു സ്ത്രീ അവളെത്തന്നെ നേരിട്ട് നികാഹ് ചെയ്ത് കൊടുക്കുന്നതിന്റെ വിധിയെന്ത് ?**

**ഉത്തരം:** ബുദ്ധിസ്ഥിരതയുള്ള പ്രായപൂർത്തിയായ സ്വതന്ത്രസ്ത്രീയുടെ നികാഹ് അവളുടെ തൃപ്തിയോടെ മാത്രമേ സാധുവാകുകയുള്ളൂ. അവൾക്ക് നേരിട്ടോ, യോഗ്യനായ ഒരാളെ വകാലത്ത് ഏൽപ്പിച്ച് പ്രസ്തുത വകീൽ മുഖേനയോ നികാഹ് നടത്താവുന്നതാണ്. പിതാവ് അടക്കമുള്ള വലിയ്യ് അവളുടെ നികാഹ് നടത്തണമെന്നില്ല. വലിയ്യിന്റെ സമ്മതം ഇല്ലാതെയും അവൾക്കിങ്ങനെ ചെയ്യാവുന്നതാണ്. (അല്ലുബാബ് പേ: 436) എന്നാൽ അവൾ നേരിട്ട് നികാഹ് നടത്തൽ മുസ്തഹബ്ബിന് വിരുദ്ധമാണ്. (ഫത്ഹുൽ ഖദീർ 3/246) പിതാവുൾപ്പെടെ ആരെയും അവൾക്ക് വകാലത്ത് ഏൽപ്പിക്കാവുന്നതാണ്.

**ചോദ്യം: യാത്രയിൽ ഖസ്റായി ഖളാആയ നിസ്കാരം നാട്ടിൽ തിരിച്ചെത്തിയാൽ രണ്ടാണോ നാലാണോ നിസ്കരിക്കേണ്ടത്?**

***സ്വാലിഹ ജലാൽ***
***താഴെത്തങ്ങാടി***

**ഉത്തരം:** യാത്രയിൽ ഖളാആയ നിസ്കാരം യാത്ര അവസാനിച്ചതിനുശേഷവും രണ്ട് റക്അത്താണ് നിസ്കരിക്കേണ്ടത്. യാത്രയാരംഭിക്കുന്നതിനു മുമ്പ് നാട്ടിൽ വച്ച് ഖളാആയ നിസ്കാരങ്ങൾ യാത്രക്കിടയിൽ വെച്ച് ഖളാഅ് വീട്ടിയാൽ നാല് റക്അത്തായിട്ടാണ് നിസ്കരിക്കേണ്ടത്. (മുഖ്തസ്വറുൽ ഖുദൂരി പേ: 245)

***ചോദ്യം: നാല് റക്അത്തുള്ള നിസ്കാരത്തിൽ രണ്ട് റക്അത്ത് പിന്തിയാണ് ഇമാമിനോടൊപ്പം തുടരുന്നത്. എന്നാൽ ഇമാമിന്റെ ശേഷം നിസ്കരിക്കുന്ന രണ്ട് റക്അത്ത് നിസ്കാരം ആദ്യത്തെ രണ്ട് റക്അത്ത് നിസ്കാരമായിട്ടാണോ അവസാനത്തെ രണ്ട് റക്അത്ത് നിസ്കാരമായിട്ടാണോ പരിഗണിക്കപ്പെടുക?***

***സ്വലാഹുദ്ദീൻ പത്തനംതിട്ട***

**ഉത്തരം:** ജമാഅത്ത് നിസ്കാരത്തിൽ പിന്തിത്തുടർന്ന് നിസ്കരിക്കുന്നയാൾ ഇമാമിനോടൊപ്പം നിസ്കരിക്കുന്നത് അയാളുടെ നിസ്കാരത്തിന്റെ അവസാന ഭാഗവും ഇമാമിന്റെ ശേഷം നിസ്കരിക്കുന്നത് അയാളുടെ നിസ്കാരത്തിന്റെ ആദ്യ ഭാഗവുമാണ്. അതിനാൽ അയാൾ ഇമാമിനോടൊപ്പം നിസ്കരിക്കുന്ന ആദ്യ റക്അത്തിൽ സനാഅ് ഓതരുത്. ഇമാമിന്റെ ശേഷം നിസ്കരിക്കുന്ന റക്അത്തിന്റെ തുടക്കത്തിൽ സനാഉം അഊദുവും ഫാത്തിഹയും സൂറത്തും ഓതുകയും വേണം എന്നതാണ് പ്രബലാഭിപ്രായം. (ബദാഇഉസ്സ്വനാഇഅ് 2/257)

**തിരുത്ത്**

സെപ്റ്റംബർ ലക്കത്തിലെ പുരുഷന്മാർ മോതിരം ധരിക്കുന്നതു സംബന്ധിച്ച ചോദ്യത്തിന്റെ മറുപടിയിൽ 'വലത്, ഇടത് കൈകളുടെ ചൂണ്ടുവിരലിലാണ് മോതിരം ധരിക്കേണ്ടത്' എന്നത് 'ചെറുവിരലിലാണ്'എന്ന് തിരുത്തി വായിക്കേണ്ടതാണ്.

സ്നേഹതീരം

അബ്ദുല്ല ചെമ്പ്ര

# ആ കുരുന്നുകൾ സ്വർഗവാതിലിൽ കാത്തിരിപ്പുണ്ട്



മനുഷ്യജീവിതം സന്തോഷങ്ങളും സന്താപങ്ങളും നിറഞ്ഞതാണ്. സന്തോഷമോ ദുഃഖമോ മാത്രം അനുഭവിക്കുന്ന ഒരു മനുഷ്യനെയും കാണാൻ സാധിക്കില്ല. ജീവിതസാഹചര്യങ്ങൾക്കനുസരിച്ച് അതിൽ ഏറ്റക്കുറച്ചിലുകൾ കാണാമെന്നു മാത്രം. അല്ലാഹുവിന്റെ വിധിയെ സന്തോഷപൂർവ്വം സ്വീകരിക്കുന്നവരാണ് വിശ്വാസികൾ. ദുനിയാവ് വിശ്വാസിയുടെ തടവറയും സത്യനിഷേധിയുടെ സ്വർഗവുമാണെന്ന് മുത്തുനബി(സ) ഉണർത്തിയിട്ടുണ്ടല്ലോ. ഐഹികലോകത്ത് ലഭിക്കുന്ന സുഖങ്ങളുടെയും സന്തോഷങ്ങളുടെയും തോതനുസരിച്ച് ഒരാളുടെ ജീവിത വിജയം കണക്കാക്കുന്നത് വിഡ്ഢിത്തമാണ്. അല്ലാഹുവിന്റെ ഇഷ്ടദാസന്മാർക്ക് തയ്യാറാക്കിയ മനോഹരമായ സമ്മാനങ്ങളെല്ലാം സ്വർഗലോകത്താണുള്ളത്.

സന്തോഷത്തിൽ നിലമറന്ന് ആനന്ദിക്കുകയോ, ദുഃഖത്തിൽ മനം മടുത്ത് ജീവിതം തീർക്കുകയോ ചെയ്യരുത്. സന്തോഷവേളകളിൽ അല്ലാഹുവിന് നന്ദി ചെയ്യുക. പരീക്ഷണങ്ങളിൽ ക്ഷമിക്കുക. ഇതാണ് വിശ്വാസിയുടെ നിലപാട്. പരീക്ഷണങ്ങൾ സ്വാഭാവികമാണ്. അല്ലാഹുവിന് ഏറ്റവും പ്രിയപ്പെട്ടവർക്കാണ് ഏറ്റവും കൂടുതൽ പരീക്ഷണങ്ങൾ നേരിടേണ്ടി വരുക. പ്രവാചകന്മാരുടെ ജീവിതചരിത്രങ്ങൾ ഇതിനു സാക്ഷ്യമാണ്. പരീക്ഷണവേളകളിലെല്ലാം അവർ ക്ഷമിച്ചു. അല്ലാഹു അവർക്ക് അതിനെക്കാൾ ഉത്തമമായത് പകരം നൽകി. അല്ലാഹു ഒരു സമൂഹത്തെ ഇഷ്ടപ്പെട്ടാൽ അവരെ പരീക്ഷിക്കുമെന്ന് നബി(സ) പറഞ്ഞിട്ടുണ്ട്. അതിനാൽ ദുനിയാവിൽ പരീക്ഷണങ്ങൾക്കു വിധേയമാകുന്നത് അല്ലാഹു ഇഷ്ടപ്പെടുന്നുവെന്നതിന്റെ ശുഭസൂചനയായി മനസ്സിലാക്കാം. മാത്രമല്ല,

ക്ഷമിക്കുന്നവർക്ക് അതുല്യമായ പ്രതിഫലവും അല്ലാഹു വാഗ്ദാനം ചെയ്തിട്ടുണ്ട്.

ഇഷ്ടദാസന്മാരെ അല്ലാഹു പരീക്ഷിച്ച ഒരുപാട് സംഭവങ്ങൾ ചരിത്രത്തിൽ കാണാം. അവരിൽ പ്രധാനിയാണ് അയ്യൂബ്നബി(അ). പരീക്ഷണഘട്ടത്തിൽ അയ്യൂബ്നബി(അ) പറഞ്ഞത് 'റബ്ബേ, നീയാണ് എനിക്കെല്ലാം തന്നത്, നീയാണ് അതെല്ലാം തിരിച്ചെടുത്തതും. എന്റെ ശരീരം അവശേഷിക്കുന്ന കാലത്തോളം നിന്റെ പരീക്ഷണങ്ങളുടെ പേരിൽ നിന്നെ ഞാൻ സ്തുതിക്കുന്നു' എന്നായിരുന്നു.

തിരുനബി(സ) പറഞ്ഞു: 'ക്ഷമയെക്കാൾ വലിയ ഒരനുഗ്രഹവും അല്ലാഹു ഒരാൾക്കും നൽകിയിട്ടില്ല.' ക്ഷമിക്കാനുള്ള ശേഷിയാണ് അല്ലാഹു നൽകിയ ഏറ്റവും വലിയ അനുഗ്രഹമെന്ന് സാരം. ചുരുക്കം ചിലർക്ക് മാത്രം അല്ലാഹു നൽകുന്ന അനുഗ്രഹമാണത്. ഇതേ ആശയമുള്ള മറ്റൊരു ഹദീസ് കാണുക: 'പരീക്ഷണത്തിന്റെ കാഠിന്യമനുസരിച്ചാണ് പ്രതിഫലം വർദ്ധിക്കുക.' പരീക്ഷണം കഠിനമാകുന്നതനുസരിച്ച് പദവികൾ കൂടിക്കൊണ്ടിരിക്കുമെന്നർത്ഥം. പാപങ്ങൾ പൊറുക്കാനുള്ള ഹേതുവായി അത് മാറും. പാപങ്ങളിൽ നിന്ന് പൂർണമുക്തനായി അല്ലാഹുവിനെ കണ്ടുമുട്ടുന്നതു വരെ സമ്പത്തിലും സന്താനങ്ങളിലും ശരീരത്തിലും പരീക്ഷണങ്ങൾ വന്നുകൊണ്ടിരിക്കുമെന്നും ഹദീസിൽ കാണാം.

അല്ലാഹുവിന്റെ പരീക്ഷണമാണ് മക്കളുടെ ചെറുപ്രായത്തിലുള്ള മരണം. മനുഷ്യന്റെ ഏറ്റവും വലിയ സമ്പാദ്യങ്ങളിലൊന്നാണ് മക്കൾ. ഒരു കുഞ്ഞിക്കാലു കാണാൻ കണ്ണീരൊഴുക്കി കാത്തിരിക്കുന്ന എത്രയെത്ര പേർ നമുക്ക് ചുറ്റുമുണ്ട്! ജീവിതത്തിൽ പലതരം പ്രയാസങ്ങൾ നേരിടുമ്പോൾ അതിനെയെല്ലാം വകഞ്ഞു മാറ്റി ജീവിതം മുന്നോട്ടു നയിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നത് പലപ്പോഴും പ്രിയപ്പെട്ട സന്താനങ്ങളാണല്ലോ. ഈ കുഞ്ഞുങ്ങളെ അല്ലാഹു തിരിച്ചെടുക്കുമ്പോൾ അല്ലാഹുവിന്റെ

**ഇഷ്ടദാസന്മാരെ അല്ലാഹു പരീക്ഷിച്ച ഒരുപാട് സംഭവങ്ങൾ ചരിത്രത്തിൽ കാണാം. അവരിൽ പ്രധാനിയാണ് അയ്യൂബ്നബി(അ). പരീക്ഷണ ഘട്ടത്തിൽ അയ്യൂബ്നബി(അ) പറഞ്ഞത് 'റബ്ബേ, നീയാണ് എനിക്കെല്ലാം തന്നത്, നീയാണ് അതെല്ലാം തിരിച്ചെടുത്തതും. എന്റെ ശരീരം അവശേഷിക്കുന്ന കാലത്തോളം നിന്റെ പരീക്ഷണങ്ങളുടെ പേരിൽ നിന്നെ ഞാൻ സ്തുതിക്കുന്നു' എന്നായിരുന്നു.**

തീരുമാനങ്ങളെ അനുസരിക്കുകയും പരീക്ഷണങ്ങളിൽ ക്ഷമിക്കുകയും ചെയ്യണം. സമ്പത്തുകൊണ്ടും സന്താനങ്ങൾ കൊണ്ടും പരീക്ഷിക്കുമെന്ന് അല്ലാഹു വിശുദ്ധഖുർആനിൽ പറഞ്ഞിട്ടുണ്ടല്ലോ.

മക്കൾ നഷ്ടപ്പെട്ട മാതാപിതാക്കൾക്ക് സാന്ത്വനം പകരുന്ന ഒത്തിരി സംഭവങ്ങൾ തിരുഹദീസുകളിൽ കാണാം. ആൺമക്കളെയെല്ലാം വളരെ വേഗം തിരിച്ചുവിളിച്ചുകൊണ്ട് തിരുനബി(സ)യെ അല്ലാഹു പരീക്ഷിച്ചിട്ടുണ്ടല്ലോ. മീസാനിൽ കനം തൂങ്ങുന്ന അഞ്ചു കാര്യങ്ങളിലൊന്ന് ബാല്യത്തിൽ വേർപ്പിരിഞ്ഞ നല്ല സന്താനങ്ങളാണെന്ന് ഹദീസിൽ കാണാം. (നസാഈ) ക്ഷമിക്കുകയും പ്രതിഫലം കാംക്ഷിക്കുകയും ചെയ്ത മാതാപിതാക്കൾക്ക് ആ കുഞ്ഞുങ്ങൾ സൂക്ഷിപ്പുസ്വത്തായി മാറുമെന്നർത്ഥം.

മറ്റൊരു ഹദീസിൽ കാണാം: 'മൂന്നു മക്കൾ ചെറുപ്പത്തിൽ നഷ്ടപ്പെട്ടവരെ നരകം സ്പർശിക്കില്ല.' (തുർമുദി, നസാഈ) രണ്ടു മക്കൾ നഷ്ടപ്പെട്ടവരും ഇതുപോലെയാണെന്ന് മറ്റൊരു ഹദീസിലുണ്ട്.

മുസ്‌ലിം റിപ്പോർട്ട് ചെയ്ത ഒരു ഹദീസ് കാണുക: 'ഒരു സ്ത്രീ മുത്തുനബി(സ)യുടെ അരികിൽ വന്നു. കൂടെ ഒരു ചെറിയ കുഞ്ഞുമുണ്ട്. അവർ മുത്തുനബി(സ)യോട് പറഞ്ഞു: 'എന്റെ ഈ മകൻ വളർന്നു വലുതാകാൻ വേണ്ടി അങ്ങ് ദുആ ചെയ്യണം. ഇതുപോലുള്ള മൂന്ന് മക്കളെ ഞാൻ മറമാടിയിട്ടുണ്ട്. എന്റെ അവസാനത്തെ മോനാണിത്.' ഇതുകേട്ട തിരുനബി(സ) ചോദിച്ചു: 'മൂന്നു മക്കളെയോ?' 'അതേ.' ആ സ്ത്രീ മറുപടി നൽകി. 'അവർ നിങ്ങൾക്ക് നരകത്തിൽ നിന്നുള്ള രക്ഷാവലയമാകും.' തിരുനബി(സ) ആ സ്ത്രീയെ സന്തോഷമറിയിച്ചു. മൂന്നുമക്കളെ നഷ്ടപ്പെട്ടവർക്ക് സ്വർഗ്ഗത്തിന്റെ എട്ട് കവാടങ്ങൾ തുറക്കപ്പെടുമെന്നും ഹദീസിൽ കാണാം.

ചെറുപ്പത്തിൽ മരണപ്പെട്ടു പോയ മക്കൾ മാതാപിതാക്കൾക്ക് സ്വർഗ്ഗത്തിലുള്ള ആതിഥേയരും സൂക്ഷിപ്പുസ്വത്തുമാണ്. ചെറിയ മക്കളെ സ്വർഗ്ഗത്തിലേക്ക് പ്രവേശിപ്പിക്കാനൊരുങ്ങുമ്പോൾ അല്ലാഹുവിനോടവർ വാശി പിടിച്ചു പറയും: 'മാതാപിതാക്കളില്ലാതെ ഞങ്ങൾ സ്വർഗ്ഗത്തിലേക്ക് കടക്കുകയില്ല.' അപ്പോൾ ആ മാതാപിതാക്കൾ അവരുടെ കരം പിടിച്ച് സ്വർഗത്തിൽ പ്രവേശിക്കും.

മകൻ നഷ്ടപ്പെട്ട സ്വഹാബിയോട് മുത്തുനബി(സ) പറഞ്ഞു: 'എന്റെ മകൻ ഇബ്റാഹീമിനൊപ്പം നിങ്ങളുടെ മകൻ സ്വർഗ്ഗത്തിൽ കളിച്ചുകൊണ്ടിരിക്കുകയാണ്.' തിരുനബി(സ)യുടെ ആൺമക്കളെല്ലാം (ഖാസിം, അബ്ദുല്ല, ഇബ്റാഹീം) ചെറുപ്രായത്തിൽ തന്നെ മരണപ്പെട്ടതാണല്ലോ.

വിശ്വാസിയായ ഒരാളുടെ കുട്ടി മരണപ്പെടുമ്പോൾ അല്ലാഹുവിനും മലക്കുകൾക്കുമിടയിൽ നടക്കുന്ന ഒരു സംഭാഷണം ഹദീസിൽ വന്നിട്ടുണ്ട്:



അല്ലാഹു ചോദിക്കും: 'നിങ്ങളെന്റെ ദാസന്റെ മകന്റെ ആത്മാവെടുത്തോ?'

മലക്കുകൾ പറയും: 'അതേ.'

'അദ്ദേഹത്തിന്റെ കരളിന്റെ കഷ്ണമായ മകനെ നിങ്ങൾ പിടിച്ചെന്നോ?'

'അതേ.'

'എന്നിട്ടെന്റെ ആ ദാസൻ എങ്ങനെ പ്രതികരിച്ചു?'

'അദ്ദേഹം നിന്നെ സ്തുതിച്ചു. ഇന്നാലില്ലാഹി ചൊല്ലുകയും ചെയ്തു.'

'എന്നാൽ അദ്ദേഹത്തിനു വേണ്ടി സ്വർഗ്ഗത്തിൽ ഒരു ഭവനം പണിയുക. അതിന് ബൈത്തുൽ ഹംദ് എന്ന് പേരിടുക.' (തിർമുദി)

ദീർഘമായ ഒരു ഹദീസിൽ കാണാം. നബി(സ) പറഞ്ഞു: 'ഞാൻ ഇന്നലെ ഒരത്ഭുതം കണ്ടു. ഒരു മനുഷ്യൻ മരണപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിന്റെ മീസാനിൽ നന്മകളെക്കാൾ തിന്മകൾക്കാണ് ഭാരം കൂടുതൽ. ആ സമയത്ത് അദ്ദേഹത്തിന് ചെറുപ്പത്തിൽ മരണപ്പെട്ട മക്കൾ വന്ന് മീസാനിൽ നന്മകളുടെ കനം കൂട്ടുകയും അദ്ദേഹത്തെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുകയും ചെയ്തു.' (ഫൈളുൽഖദീർ)

മറ്റൊരു സംഭവം: തിരുനബി(സ)യുടെ സദസ്സിൽ ഒരു ചെറിയ കുഞ്ഞുമായി സ്ഥിരമായി ഒരാൾ സംബന്ധിക്കാറുണ്ടായിരുന്നു. ഏതാനും ദിവസം അദ്ദേഹത്തെ കാണാതായപ്പോൾ തിരുനബി(സ) സ്വഹാബികളോട് അദ്ദേഹത്തെക്കുറിച്ചന്വേഷിച്ചു. സ്വന്തം മകൻ മരണപ്പെട്ടതിന്റെ വ്യസനത്തിലാണദ്ദേഹമെന്ന് സ്വഹാബികൾ അറിയിച്ചു. തിരുനബി(സ) അദ്ദേഹത്തെ വിളിച്ചുവരുത്തി ആശ്വസിപ്പിച്ചു കൊണ്ട് പറഞ്ഞു: 'ആ മകനെക്കൊണ്ട് ദുനിയാവിൽ ഉപകാരം ലഭിക്കുന്നതാണോ പരലോകത്ത് അവൻ നിനക്ക് സ്വർഗ്ഗവാതിൽ തുറന്നു തരുന്ന സന്തോഷമാണോ നീ ഇഷ്ടപ്പെടുന്നത്?' സ്വർഗ്ഗത്തിൽ നിന്നുള്ള സന്തോഷം മതിയെന്ന് സ്വഹാബി പ്രതിവചിച്ചു. അപ്പോൾ സദസ്സിൽ നിന്നൊരാൾ ചോദിച്ചു: 'ഇത് ഇദ്ദേഹത്തിന് മാത്രമുള്ളതാണോ നബിയേ?' നബി(സ) മറുപടി നൽകി: 'അല്ല, മുഴുവൻ വിശ്വാസികൾക്കുമുള്ളതാണിത്.'

പരീക്ഷണഘട്ടങ്ങളിൽ ചൊല്ലാൻ മുത്തുനബി(സ) പഠിപ്പിച്ചതാണ് 'ഇന്നാലില്ലാഹി...' അടക്കമുള്ള ദിക്റുകൾ. ഉമ്മുൽ മുഅ്മിനീൻ ഉമ്മുസലമ(റ) നിവേദനം. തിരുനബി(സ) പറഞ്ഞു: 'നഷ്ടം സംഭവിക്കുമ്പോൾ 'ഇന്നാലില്ലാഹി ......... വഖ്ലുഫ് ലീ ഖൈറൻ മിൻഹാ' എന്ന ദിക്ർ ചൊല്ലുന്ന വിശ്വാസിക്ക് അല്ലാഹു വിപത്തുകളിൽ നിന്ന് മോചനം നൽകുകയും നഷ്ടപ്പെട്ടതിനെക്കാൾ മികച്ചത് പകരം നൽകുകയും ചെയ്യും.' (മുസ്‌ലിം)

താബിഉകളിൽ പ്രമുഖരായിരുന്നു മുത്വരിഫുബ്നു അബ്ദുല്ലാഹിബ്നുശ്ശഖീർ(റ). മകൻ അബ്ദുല്ല മരണപ്പെട്ടപ്പോൾ അദ്ദേഹം ദുഃഖമൊന്നും പ്രകടിപ്പിച്ചില്ല. നല്ല വസ്ത്രം ധരിച്ച് തലയിൽ എണ്ണയിട്ട് സന്തോഷവാനായി നടന്നു നീങ്ങുന്ന അദ്ദേഹത്തെ ആളുകൾ വിമർശിക്കാൻ തുടങ്ങി: 'മകൻ മരണപ്പെട്ടിട്ടും മനഃപ്രയാസമൊന്നുമില്ലാതെ നല്ല വസ്ത്രം ധരിച്ച് സന്തോഷത്തോടെ നടക്കു

കയാണല്ലോ നിങ്ങൾ.' ഇതുകേട്ട് അദ്ദേഹം ഇങ്ങനെ പ്രതികരിച്ചു: 'ഞാനെന്തിന് ദുഃഖിക്കണം? ഈ ദുനിയാവ് മുഴുവൻ ലഭിക്കുന്ന തിനെക്കാൾ എനിക്കിഷ്ടപ്പെട്ട മൂന്നു കാര്യങ്ങൾ അല്ലാഹു വാഗ്ദാനം ചെയ്തിട്ടുണ്ട്.' ശേഷം മഹാൻ സൂറതുൽ ബഖറയിലെ 156,157 സൂക്തങ്ങൾ ഓതി. (വല്ല ആപത്തും സംഭവിച്ചാൽ അവർ (ക്ഷമാശീലർ) പറയും: 'ഞങ്ങൾ അല്ലാഹുവിന്റെ അധീനതത്തിലാണ്. അവനിലേക്കു തന്നെ മടങ്ങേണ്ടവരുമാണ്.' അവർക്ക് റബ്ബിൽ നിന്നുള്ള അനുഗ്രഹങ്ങളും കാരുണ്യവും ലഭിക്കും. അവരത്രെ സന്മാർഗ്ഗം പ്രാപിച്ചവർ.) 'റബ്ബിന്റെ അനുഗ്രഹങ്ങളും കാരുണ്യവും ഹിദായത്തും ലഭിക്കുന്നതിനെക്കാൾ സന്തോഷകരമായ മറ്റെന്താണുള്ളത്?' ഇത്രയും പറഞ്ഞ് മുത്വരിഫ്(റ) നടന്നു നീങ്ങി.

മക്കളുടെ വേർപാട് ഉമ്മമാരെയാണ് കൂടുതൽ ബാധിക്കുക. കുഞ്ഞുങ്ങളുമായുള്ള വൈകാരിക ബന്ധം തന്നെയാണതിനു കാരണം. അല്ലാഹുവിന്റെ പരീക്ഷണങ്ങൾ വന്നെത്തുമ്പോൾ അതിനെ പഴി പറയാതെ വിവേകത്തോടെ നേരിടുകയാണ് ചെയ്യേണ്ടത്. മഹതികളും ഇത്തരം സന്ദർഭങ്ങളെ നേരിട്ട സംഭവങ്ങൾ ഹദീസുകളിൽ കാണാം. അബൂത്വൽഹ(റ)വിന്റെ മകൻ അബൂഉമൈറിന്റെ മരണവും ഭാര്യയായ ഉമ്മുസലമ(റ) ആ സന്ദർത്തിൽ കാണിച്ച അസാമാന്യമായ ക്ഷമയും പെരുമാറ്റവും ഏറെ പ്രസിദ്ധമാണല്ലോ. പകൽ മുഴുവൻ അധ്വാനിച്ച് ക്ഷീണിതനായി വീട്ടിലേക്കു വന്ന ഭർത്താവിനോട് രോഗിയായിരുന്ന മകൻ മരണപ്പെട്ട വിവരം മഹതി അറിയിച്ചില്ല. അബൂത്വൽഹ(റ) വന്നപ്പോൾ ചോദിച്ചു: 'എന്താണ് മകന്റെ വിശേഷം?' മഹതി മറുപടി നൽകി: 'അവനിപ്പോൾ മുമ്പുള്ളതിനെക്കാൾ നല്ല അവസ്ഥയിലാണ്.' സന്തോഷത്തോടെ ആ ദമ്പതികൾ രാത്രി ഭക്ഷണം കഴിച്ചു കിടന്നുറങ്ങുകയും സംസർഗത്തിലേർപ്പെടുകയും ചെയ്തു. പിന്നീടാണ് ഉമ്മുസലമ(റ) ഭർത്താവിനോട് വിവരം പറഞ്ഞത്, 'അല്ലാഹു നമുക്ക് നൽകിയ പൊന്നുമോനെ അവൻ തിരിച്ചെടുത്തിരിക്കുന്നു!'

മരണവിവരം നേരത്തെ അറിയിക്കാത്തതിലുള്ള നീരസം രേഖപ്പെടുത്തി അബൂത്വൽഹ(റ) പ്രഭാതത്തിൽ തന്നെ മുത്തുനബി(സ)യുടെ സന്നിധിയിലെത്തി വിവരം പറഞ്ഞു. അതു കേട്ടപ്പോൾ മുത്തുനബി(സ)ക്ക് അത്ഭുതമായി. ക്ഷമയും ധൈര്യവും കൈമുതലാക്കി ആ സാഹചര്യത്തെ നേരിട്ടതിന് മുത്തുനബി(സ) അവർക്കു വേണ്ടി ദുആ ചെയ്തു: 'ഇന്നലെ ബന്ധപ്പെട്ടതിൽ അല്ലാഹു നിങ്ങൾക്ക് ബറക്കത്ത് ചെയ്യട്ടെ.' ആ ബന്ധത്തിൽ അവർക്ക് ജനിച്ച കുഞ്ഞായിരുന്നു അബ്ദുല്ല(റ). അദ്ദേഹത്തിന് പിന്നീട് ഒമ്പത് കുഞ്ഞുങ്ങൾ ജനിച്ചു. എല്ലാവരും ഉന്നതരായ ഖാരിഉകളായിത്തീർന്നു. (ബുഖാരി)

അബൂഅലിയ്യു റാസി പറയുന്നു: ഫുളൈലുബ്നു ഇയാള്(റ) വുമായി ഞാൻ മുപ്പത് വർഷം സഹവസിച്ചിട്ടുണ്ട്. ഒരിക്കൽ പോലും അദ്ദേഹം ചിരിക്കുന്നത് കണ്ടിട്ടില്ല. എന്നാൽ, മകൻ അലി മരണപ്പെട്ട സമയത്ത് മഹാൻ പുഞ്ചിരിക്കുന്നതു കണ്ടു. അതേക്കുറിച്ച് അന്വേഷിച്ചപ്പോൾ മഹാൻ പറഞ്ഞു: 'അല്ലാഹു ഒരു കാര്യം ഇഷ്ടപ്പെട്ടിരിക്കുന്നു. അവനിഷ്ടപ്പെട്ടത് എനിക്കും ഇഷ്ടമാണ്.'

ഖാളി ശുറൈഹ്(റ)വിന് രോഗിയായ ഒരു മകനുണ്ടായിരുന്നു. ഒരു രാത്രി ആ മകൻ മരണപ്പെട്ടു. മഹാനവർകൾ രാത്രി തന്നെ മകന്റെ മരണാനന്തര കർമങ്ങൾ നിർവഹിച്ചു രഹസ്യമായി മറവു ചെയ്തു. അടുത്ത ദിവസം ഖാളി എന്ന നിലയിലുള്ള തന്റെ ഉത്തരവാദിത്തങ്ങളിലേർപ്പെട്ടു. ചിലർ കുട്ടിയുടെ സുഖവിവരമന്വേഷിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: 'കുട്ടിയുടെ കരച്ചിലും വേദനയുമെല്ലാം അടങ്ങിയിട്ടുണ്ട്.' കുട്ടിയുടെ രോഗം സുഖപ്പെട്ടിട്ടുണ്ടെന്ന് ജനങ്ങൾ പറയുന്നതു കേട്ട ഖാളി ശുറൈഹ്(റ) തുടർന്നു: 'എന്റെ മകനെ അല്ലാഹു തിരിച്ചുവിളിച്ചതാണ്. അവനിൽ ഞാൻ പ്രതിഫലം പ്രതീക്ഷിക്കുന്നു.' അതു കേട്ട് ജനങ്ങൾ അത്ഭുതസ്തബ്ധരായി.

**അബൂദർ(റ)വിന് ജനിക്കുന്ന മക്കളെല്ലാം ചെറുപ്പത്തിൽ തന്നെ മരണപ്പെടുന്നതു കണ്ടപ്പോൾ ജനങ്ങൾ പറഞ്ഞു: 'നിങ്ങളുടെ മക്കളെല്ലാം പെട്ടെന്ന് മരണപ്പെട്ടുപോവുകയാണല്ലോ.' അബൂദർ(റ) മറുപടി നൽകി: 'അനശ്വരമായ ലോകത്തിലെ വിജയത്തിനുവേണ്ടി നശ്വരമായ ലോകത്തിൽ നിന്ന് എന്റെ മക്കളുടെ ആത്മാവെടുത്ത അല്ലാഹുവിനാകുന്നു സർവ്വസ്തുതിയും.'**

അബൂദർ(റ)വിന് ജനിക്കുന്ന മക്കളെല്ലാം ചെറുപ്പത്തിൽ തന്നെ മരണപ്പെടുന്നതു കണ്ടപ്പോൾ ജനങ്ങൾ പറഞ്ഞു: 'നിങ്ങളുടെ മക്കളെല്ലാം പെട്ടെന്ന് മരണപ്പെട്ടുപോവുകയാണല്ലോ.' അബൂദർ(റ) മറുപടി നൽകി: 'അനശ്വരമായ ലോകത്തിലെ വിജയത്തിനുവേണ്ടി നശ്വരമായ ലോകത്തിൽ നിന്ന് എന്റെ മക്കളുടെ ആത്മാവെടുത്ത അല്ലാഹുവിനാകുന്നു സർവ്വസ്തുതിയും.'

ഉമർ(റ) ഒരിടത്ത് നിൽക്കുമ്പോൾ ഒരു അഅ്റാബി അതുവഴി വന്നു. അദ്ദേഹത്തോട് ഉമർ(റ) ചോദിച്ചു: 'എവിടെ നിന്നു വരുന്നു?' അഅ്റാബി പറഞ്ഞു: 'ആ



**പ്രിയപ്പെട്ടവരുടെ വേർപാടുകൾ മനസ്സിൽ സങ്കടക്കടൽ തീർക്കുമ്പോഴും അല്ലാഹുവിന്റെ അലംഘനീയമായ വിധിയിൽ ക്ഷമിക്കുകയാണ് വിശ്വാസിക്ക് അഭികാമ്യം. ദുഃഖാചരണം ഇസ്‌ലാമിലില്ല. നഷ്ടങ്ങളിൽ ക്ഷമിച്ച് അല്ലാഹുവിൽ പ്രതീക്ഷയർപ്പിച്ച് ജീവിതം മുന്നോട്ടുനയിക്കുകയാണ് വേണ്ടത്.**

പർവതത്തിൽ എന്റെ സ്വത്ത് സൂക്ഷിച്ചിട്ടുണ്ട്, അത് സന്ദർശിക്കാൻ പോയതാണു ഞാൻ.' ഉമർ(റ) ചോദിച്ചു: 'എന്താണ് താങ്കളുടെ സൂക്ഷിപ്പുസ്വത്ത്?' അഅ്റാബി പറഞ്ഞു: 'രണ്ടു വർഷം മുമ്പ് മരണപ്പെട്ട എന്റെ മകനെ മറവു ചെയ്തത് ഈ പർവ്വതത്തിലാണ്. ഞാനെല്ലാ ദിവസവും അവിടെ സിയാറത്ത് ചെയ്യാറുണ്ട്.' ശേഷം അഅ്റാബി ഒരു പദ്യം ഉമർ(റ)വിനെ ചൊല്ലി ക്കേൾപ്പിച്ചു. അതു കേട്ടപ്പോൾ ഉമർ(റ) കരഞ്ഞുപോയി.

പ്രിയപ്പെട്ട മകൻ മരണപ്പെട്ടപ്പോൾ സുലൈമാൻ നബി(അ) സങ്കടത്തിലായി. അദ്ദേഹത്തിന്റെ സദസ്സിലും വിധികളിലും ഈ ദുഃഖം നിഴലിച്ചു. അപ്പോൾ അല്ലാഹു രണ്ടു മലക്കുകളെ മനുഷ്യരൂപത്തിൽ നബിയുടെ സന്നിധിയിലേക്കയച്ചു. ഞങ്ങൾ ഒരു തർക്കം തീർപ്പാക്കാൻ വന്നതാണെന്ന് അവർ സുലൈമാൻനബി(അ)നോട് പറഞ്ഞു. ഒന്നാമൻ പരാതിപ്പെട്ടു: 'നബിയേ, ഇദ്ദേഹം എന്റെ കൃഷി നശിപ്പിച്ചു.' രണ്ടാമൻ അതിനെ എതിർത്തു ന്യായം പറഞ്ഞു: 'ജനങ്ങളുടെ വഴിയിലാണ് ഇദ്ദേഹം കൃഷി ചെയ്തത്. ഞാൻ അറിയാതെ അതുവഴി നടന്നപ്പോൾ കൃഷിയിൽ ചവിട്ടിപ്പോയതാണ്.'

'വഴിയിൽ കൃഷി ചെയ്യാൻ പാടുണ്ടോ? വഴി ജനങ്ങൾക്കുള്ളതല്ലേ? ജനങ്ങൾക്കതിലൂടെ പോകേണ്ടതല്ലേ?' സുലൈമാൻ നബി(അ) ചോദിച്ചു.

അപ്പോൾ അവരിലൊരാൾ പ്രതികരിച്ചു: 'നബിയേ, മരണം ജനങ്ങളുടെ വഴിയാണ്. ജനങ്ങൾക്ക് അതിലൂടെ പോകാതെ പറ്റില്ലല്ലോ...' സുലൈമാൻ നബി(അ)ന് കാര്യം ബോധ്യപ്പെട്ടു. മകൻ മരണപ്പെട്ടതിലുള്ള സങ്കടം മാറി.

ദു:ഖവും സങ്കടവും സ്വാഭാവികമാണ്. തിരുനബി(സ)ക്കും അതുണ്ടായിട്ടുണ്ട്. മകൻ ഇബ്റാഹീമിന്റെ മരണവേളയിൽ തിരുനബി(സ) കണ്ണീർ വാർത്തു. അതേപ്പറ്റി സ്വഹാബികൾ ചോദിച്ചപ്പോൾ നബി(സ) പ്രതിവചിച്ചതിങ്ങനെയാണ്: 'അടിമകളുടെ ഹൃദയങ്ങളിൽ അല്ലാഹു സന്നിവേശിപ്പിക്കുന്ന കരുണയാണിത്. കരുണ കാണിക്കുന്നവർക്കാണ് അല്ലാഹുവിന്റെ കാരുണ്യം ലഭിക്കുക.' പ്രിയപ്പെട്ടവരുടെ വേർപാടുകൾ മനസ്സിൽ സങ്കടക്കടൽ തീർക്കുമ്പോഴും അല്ലാഹുവിന്റെ അലംഘനീയമായ വിധിയിൽ ക്ഷമിക്കുകയാണ് വിശ്വാസിക്ക് അഭികാമ്യം. ദുഃഖാചരണം ഇസ്‌ലാമിലില്ല. നഷ്ടങ്ങളിൽ ക്ഷമിച്ച് അല്ലാഹുവിൽ പ്രതീക്ഷയർപ്പിച്ച് ജീവിതം മുന്നോട്ടുനയിക്കുകയാണ് വേണ്ടത്.

മാനസികമായി തളർന്നുപോകുന്ന ഘട്ടങ്ങളിൽ മനസ്സിനെ പാകപ്പെടുത്തി വിവേകപൂർവം അതിജീവിക്കാനുള്ള മനഃശക്തിയാർജിക്കണം. ഭൗതികമായ കാര്യകാരണങ്ങളവലംബിക്കാതെ അല്ലാഹുവിൽ സമ്പൂർണമായി തവക്കുലാക്കുകയും അവനിൽ അഭയം പ്രാപിക്കുകയും ചെയ്യുകയെന്നതാണ് ശാശ്വത പരിഹാരം. ഇത്തരം സമയങ്ങളിൽ അല്ലാഹുവിനെയും അവന്റെ വിധികളെയും പഴിച്ച് നൈരാശ്യത്തിൽ മുങ്ങി സ്വന്തം വിശ്വാസത്തെ പോലും കളഞ്ഞുകുളിക്കാതിരിക്കുക. അല്ലാഹുവിന്റെ ശിക്ഷയെ പേടിച്ചും അവന്റെ അനുഗ്രഹങ്ങളിൽ പ്രതീക്ഷയർപ്പിച്ചും ജീവിത സഞ്ചാരം തുടരുക.

ചരിത്രാഖ്യായിക ഹഫ്സ്വ(റ) - 10

**മുഹമ്മദ് പാറന്നൂർ**

# അല്ലാഹുവിന്റെ സാക്ഷിയാക്കി ചോദിക്കട്ടെ!

കാർക്കശക്കാരനായിരുന്നല്ലോ പിതാവ് ഉമർ(റ). പക്ഷേ, ഖലീഫയായതോടെ അങ്ങേയറ്റം ആർദ്രചിത്തനായിപ്പോയിരിക്കുന്നു. തിരുനബി(സ)യെക്കുറിച്ചോർക്കുമ്പോൾ, മരണത്തെക്കുറിച്ചോർക്കുമ്പോൾ, പരലോകത്തെക്കുറിച്ചോർക്കുമ്പോൾ തന്റെ ഉത്തരവാദിത്വത്തെക്കുറിച്ചോർക്കുമ്പോൾ, മുസ്‌ലിംകളുടെ അവസ്ഥയോർക്കുമ്പോൾ പിതാവിന്റെ കണ്ണുകൾ നിറയും. ചിലപ്പോഴത് വിങ്ങിക്കരച്ചിലായി, എങ്ങലടിയായി ഉയരും. അപ്പോൾ അദ്ദേഹത്തെ സമാധാനിപ്പിക്കാൻ ഒരാൾക്കും കഴിയില്ലല്ലോ.

ഖലീഫയായതോടെ ഭക്ഷണത്തിലും വസ്ത്രത്തിലുമൊക്കെ വല്ലാത്ത മാറ്റം വന്നു കഴിഞ്ഞിരിക്കുന്നു; ജീവൻ നിലനിർത്താനുള്ള ഭക്ഷണം മാത്രം. നഗ്നത മറയ്ക്കാനുള്ള വസ്ത്രം മാത്രം. അതിനെക്കുറിച്ച് ചോദിച്ചാലോ, ഇതുപോലുമില്ലാത്ത പ്രജകൾ എന്റെ അധീനതയിലുള്ള രാജ്യങ്ങളിലുണ്ടെങ്കിൽ ഈ ഉമർ അനീതിയല്ലേ ചെയ്യുന്നത്, അല്ലാഹുവിന്റെ മുമ്പിൽ ഈ ഉമർ അതിന് സമാധാനം പറയേണ്ടി വരുമല്ലോ എന്നായിരിക്കും പ്രതികരണം. യൂഫ്രട്ടീസിന്റെ തീരത്തെങ്ങാനും ഒരു ആട്ടിൻകുട്ടി പട്ടിണി കിടന്നു ജീവൻ വെടിഞ്ഞാൽ ഈ ഉമർ അതിന്നുത്തരവാദിയാണല്ലോ എന്നു പരിതപിക്കുന്നയാളെ എങ്ങനെ സമാധാനിപ്പിക്കാൻ കഴിയും?

ഒരു പ്രജാപതിയാകുമ്പോൾ അതിനനുസരിച്ച ജീവിതനിലവാരവും വേണ്ടേ എന്നു ചിന്തിച്ചു പോകാറുണ്ട് പലപ്പോഴും. പേരു കേട്ടാൽ തന്നെ കിസ്റയും കൈസറും പോലും ഞെട്ടുന്ന ഭരണാധികാരിയാണ്. എന്നിട്ടെന്താ, വിദേശികളാരെങ്കിലും കാണാൻ വന്നാൽ ചൂണ്ടിക്കാട്ടി കൊടുക്കേണ്ടിവരും ഖലീഫയെ. കീറിപ്പറിഞ്ഞ ഉടുപ്പുകളണിഞ്ഞ, വെറും പൂഴിയിൽ, മരത്തണലിൽ, കൈത്തണ്ട തലയിണയാക്കിക്കിടക്കുന്ന ഒരാളെ ഖലീഫയാണെന്ന് പറഞ്ഞറിയിക്കേണ്ടി വരുന്നതിൽ അത്ഭുതമില്ലല്ലോ. പലരും ഉണർത്തിയിട്ടുണ്ട്, ഇത്തിരി നല്ല വസ്ത്രങ്ങൾ ധരിക്കണമെന്ന്! ഒരു ഭരണാധികാരിയുടെ നിലവാരത്തിൽ ജീവിക്കണമെന്ന്... പക്ഷേ, പറയുകയല്ലാതെ അനുസരിപ്പിക്കാൻ കഴിയില്ലല്ലോ.

ഒരു പ്രജാപതിയാകുമ്പോൾ അതിനനുസരിച്ച ജീവിതനിലവാരവും വേണ്ടേ എന്നു ചിന്തിച്ചു പോകാറുണ്ട് പലപ്പോഴും. പേരു കേട്ടാൽ തന്നെ കിസ്റയും കൈസറും പോലും ഞെട്ടുന്ന ഭരണാധികാരിയാണ്. എന്നിട്ടെന്താ, വിദേശികളാരെങ്കിലും കാണാൻ വന്നാൽ ചൂണ്ടിക്കാട്ടി കൊടുക്കേണ്ടിവരും ഖലീഫയെ. കീറിപ്പറിഞ്ഞ ഉടുപ്പുകളണിഞ്ഞ, വെറും പൂഴിയിൽ, മരത്തണലിൽ, കൈത്തണ്ട തലയിണയാക്കിക്കിടക്കുന്ന ഒരാളെ ഖലീഫയാണെന്ന് പറഞ്ഞറിയിക്കേണ്ടി വരുന്നതിൽ അത്ഭുതമില്ലല്ലോ.

ജയിച്ചടക്കിയ രാജ്യങ്ങളിൽ നിന്നു പ്രതിനിധി സംഘങ്ങൾ നിരന്തരം വന്നുകൊണ്ടിരിക്കുന്നുണ്ട് ഖലീഫയെ കാണാൻ. പരിഷ്കൃതരാണു പലരും. അവർ പ്രതീക്ഷിക്കുന്നത് സിംഹാസനത്തിലിരിക്കുന്ന, സേവകരാൽ വലയം ചെയ്യപ്പെട്ട, രത്നകിരീടമണിഞ്ഞ, പ്രൗഢഗംഭീരഭാവത്തിലുള്ള ചക്രവർത്തിയെയാണ്. പക്ഷേ, മദീനയിലെത്തുമ്പോഴോ, ഖലീഫയുടെ കുടിൽ അന്വേഷിച്ചു കണ്ടുപിടിക്കണം. അവിടെ ചെന്നാലും ചിലപ്പോൾ കാണില്ല. പള്ളിയിലായിരിക്കും, മരുഭൂമിയിൽ എവിടെയെങ്കിലുമായിരിക്കും. എന്നാലും തിരിച്ചറിയാനുള്ള വല്ല സവിശേഷതയും വസ്ത്രത്തിലെങ്കിലും ഉണ്ടായിരുന്നെങ്കിൽ... കൂട്ടുകാരൊക്കെ പറഞ്ഞു മടുത്തിട്ടാവും ഇക്കാര്യമൊന്നുണർത്താൻ തന്നോട് പറഞ്ഞത്; മകളെന്ന നിലയ്ക്ക് ഞാൻ പറഞ്ഞാൽ ചെവികൊള്ളുമായിരിക്കും എന്ന പ്രതീക്ഷയിൽ. കേവലം മകൾ മാത്രമല്ലല്ലോ, അല്ലാഹുവിന്റെ തിരുദൂതരോടൊപ്പം ഏറെക്കാലം വിരിപ്പ് പങ്കിട്ടു കഴിഞ്ഞ ഭാര്യയുമാണല്ലോ ഈ ഹഫ്സ്വ!

ആ ധൈര്യം വെച്ചാണ് ഒരു ദിവസം ഭവ്യതയോടെ ഉണർത്തിയത്: 'ഉപ്പാ, ലോകത്തിന്റെ പല ഭാഗങ്ങളിൽ നിന്നും പ്രതിനിധി സംഘങ്ങൾ അങ്ങയുടെ അടുത്തേക്ക് വന്നുകൊണ്ടിരിക്കുന്നു

ണ്ടല്ലോ. അവരെ സ്വീകരിക്കാനായിട്ടെങ്കിലും അങ്ങ് അല്പം നല്ല വസ്ത്രങ്ങൾ ധരിക്കണം. ആ സമയത്തെങ്കിലും അവർക്കും അങ്ങയ്ക്കും നല്ല ഭക്ഷണമുണ്ടാക്കാൻ കൽപ്പിക്കണം. അവരെ മാനിക്കുകയും നമ്മുടെ അന്തസ്സ് പ്രകടമാക്കുകയും വേണമല്ലോ.'

ഹോ... അതുകേട്ടപ്പോൾ അദ്ദേഹത്തിലുണ്ടായ ഭാവമാറ്റം! അനിഷ്ടകരമായതു കേട്ടപോലെ രൂക്ഷമായൊന്നു നോക്കിക്കൊണ്ടൊരു ചോദ്യം: 'ഹഫ്‌സ്വാ, ഒരു വീട്ടുകാരന്റെ അവസ്ഥയെക്കുറിച്ച് കൂടുതൽ അറിയുക അദ്ദേഹത്തിന്റെ ഭാര്യയ്ക്കാണെന്ന് നീ മനസ്സിലാക്കിയിട്ടില്ലേ?'

'അതേ, ഞാനങ്ങനെ മനസ്സിലാക്കിയിട്ടുണ്ട് ഉപ്പാ..'

'എന്നാൽ പറയു, അല്ലാഹുവിനെ സാക്ഷിയാക്കി ഞാൻ ചോദിക്കട്ടെ: അല്ലാഹുവിന്റെ റസൂൽ പ്രവാചകനായി ഇത്രയിത്ര കാലം ജീവിച്ചില്ലേ? അതിനിടയിൽ ഏതെങ്കിലും ദിവസം വൈകുന്നേരം വിശന്നല്ലാതെ രാവിലെ ഭക്ഷണം കഴിച്ചിട്ടുണ്ടോ? രാവിലെ വിശന്നു കഴിഞ്ഞല്ലാതെ വൈകുന്നേരം വിശപ്പടക്കിയിട്ടുമില്ലല്ലോ. ഇക്കാര്യം നിനക്കു ശരിക്കും അറിയാവുന്നതല്ലേ?' (ദിവസം ഒരു നേരമായിരുന്നു ആഹാരം എന്ന് സൂചന)

'ഹഫ്‌സ്വാ, അല്ലാഹുവിനെ സാക്ഷിയാക്കി ഞാൻ ചോദിക്കുന്നു: പൊക്കമുള്ള ഒരു ഭക്ഷണമേശയിൽ നിങ്ങൾ അവിടുത്തേക്ക് ഒരിക്കൽ ഭക്ഷണം വിളമ്പിക്കൊടുത്തതോർമയുണ്ടോ? അത് അവിടുത്തേക്ക് ഏറെ പ്രയാസമുണ്ടാക്കിയതും അവിടുന്ന് വിവർണനായതും നീ കണ്ടതല്ലേ? പിന്നെയവിടുന്നു നിലത്ത് സുപ്ര വിരിക്കാൻ കൽപ്പിച്ചു. ആ സുപ്രയിൽ ഭക്ഷണമെടുത്തു വച്ച് നിലത്തിരുന്നല്ലേ അവിടുന്ന് ഭക്ഷണം കഴിച്ചത്!'

**'ഹഫ്‌സ്വാ, അല്ലാഹുവിനെ സാക്ഷിയാക്കി ഞാൻ ചോദിക്കട്ടെ: ഒരു കരിമ്പടം രണ്ടായി മടക്കി വിരിച്ച് അതിലായിരുന്നല്ലോ തിരുനബി(സ) കിടന്നുറങ്ങാറുണ്ടായിരുന്നത്. ഒരു രാത്രി നിങ്ങളത് നാലുമടക്കാക്കി വിരിച്ചു കൊടുത്തത് ഓർമ്മയുണ്ടോ? അന്നത് തഹജ്ജുദിന് എഴുന്നേൽക്കുന്നതിന് തടസ്സമായിത്തീർന്നപ്പോൾ മേലാൽ അങ്ങനെ വിരിക്കരുതെന്നും രണ്ടു മടക്കാക്കിത്തന്നെ വിരിച്ചാൽ മതിയെന്നും അവിടുന്ന് കൽപ്പിച്ചത് നിനക്കോർമ്മയുണ്ടോ?**



'ഹഫ്‌സ്വാ, അല്ലാഹുവിനെ സാക്ഷിയാക്കി ഞാൻ ചോദിക്കട്ടെ: ഒരു കരിമ്പടം രണ്ടായി മടക്കി വിരിച്ച് അതിലായിരുന്നല്ലോ തിരുനബി(സ) കിടന്നുറങ്ങാറുണ്ടായിരുന്നത്. ഒരു രാത്രി നിങ്ങളത് നാലുമടക്കാക്കി വിരിച്ചു കൊടുത്തത് ഓർമ്മയുണ്ടോ? അന്നത് തഹജ്ജുദിന് എഴുന്നേൽക്കുന്നതിന് തടസ്സമായിത്തീർന്നപ്പോൾ മേലാൽ അങ്ങനെ വിരിക്കരുതെന്നും രണ്ടു മടക്കാക്കിത്തന്നെ വിരിച്ചാൽ മതിയെന്നും അവിടുന്ന് കൽപ്പിച്ചത് നിനക്കോർമ്മയുണ്ടോ?

'മകളേ, അല്ലാഹുവിനെ സാക്ഷി നിർത്തി ഞാൻ ചോദിക്കുന്നു: തിരുനബി(സ)യുടെ വസ്ത്രം അലക്കാനെടുക്കുന്ന വേളയിൽ ബിലാൽ(റ) നിസ്കാരസമയം അറിയിക്കാൻ വന്നാൽ അത് ഉണക്കിയുടുത്തായിരുന്നല്ലോ അവിടുന്ന് നിസ്കാരത്തിന് പോയിരുന്നത്. മറ്റൊരു വസ്ത്രം മാറ്റിയുടുക്കാൻ അല്ലാഹുവിന്റെ റസൂലിനുണ്ടായിരുന്നില്ല എന്ന കാര്യവും നിനക്കറിയില്ലേ?'

'എന്റെ മോളേ, അല്ലാഹുവിനെ സാക്ഷിയാക്കി ഞാൻ ചോദിക്കട്ടെ: അന്നൊരിക്കൽ ബനൂളഫർ ഗോത്രക്കാരിയായ ഒരു സ്ത്രീ തിരുനബി(സ)ക്ക് ഒരു വസ്ത്രം സമ്മാനിച്ചത് നിനക്കോർമ്മയുണ്ടോ? വേറെ വസ്ത്രമില്ലാത്തതിനാൽ അതിന്റെ രണ്ടറ്റങ്ങൾ ചുമലിലേക്ക് വലിച്ചു കെട്ടിയായിരുന്നില്ലേ അവിടുന്ന് നിസ്കരിച്ചത്.'

എല്ലാം എനിക്കോർമ്മയുള്ള കാര്യങ്ങൾ തന്നെയാണ്. എന്നാലും ഉപ്പ അത് ഓർമ്മപ്പെടുത്തിയപ്പോൾ ഞാൻ കരഞ്ഞുപോയി; കൂടെ ഉപ്പയും. എന്നാൽ അദ്ദേഹത്തിന്റെ കരച്ചിൽ നീണ്ടുനീണ്ടു പോയി, കരഞ്ഞുകരഞ്ഞ് അദ്ദേഹം മരിച്ചുപോകുമോ എന്നു പോലും ഞങ്ങൾ ഭയപ്പെട്ടു പോയല്ലോ.

തിരുദൂതരുടെ ഭാര്യ എന്ന നിലയ്ക്ക് സൗമ്യതയോടെയാണ് അദ്ദേഹമന്ന് ഇതെല്ലാം എന്നോട് പറഞ്ഞത്. മറ്റാരെങ്കിലുമായിരുന്നെങ്കിൽ എത്ര കർക്കശമായിട്ടായിരിക്കും പ്രതികരിക്കുക. ആ വാക്കുകളിൽ ഓരോന്നും എന്നെ ഇരുത്തിച്ചിന്തിപ്പിക്കുന്നതും മനസ്സിൽ നോവു നിറയ്ക്കുന്നതുമായിരുന്നു. (തുടരും)

മറുകുറിപ്പ്

ഇ.കെ.എം വിളയിൽ

# വിവാഹവും ധൂർത്തും ലേഖനം സന്ദർഭോചിതം

*സുന്നത്ത് മാസിക* ഓഗസ്റ്റ് ലക്കത്തിൽ പ്രസിദ്ധീകരിച്ച 'അതിരു വിടുന്ന വിവാഹാഘോഷങ്ങൾ' എന്ന ലേഖനം വായിച്ചു. അടുത്തിടെ വിവാഹാഘോഷങ്ങളിൽ കടന്നുകൂടിയ ആർഭാടങ്ങളെയും സഭ്യമല്ലാത്ത ആഘോഷ രീതികളെയും പരാമർശിച്ചെഴുതിയ ലേഖനം സന്ദർഭോചിതമായി.

പുതുതലമുറയുടെ ട്രെൻഡ് ആഭാസമായി രൂപാന്തരപ്പെട്ടിരിക്കുന്നു. മതചിട്ടകളെയും സദാചാര മൂല്യങ്ങളെയും വിചാരണ ചെയ്യുന്ന വിമർശന ബുദ്ധി ഇത്തരം സാമൂഹിക തിന്മകൾക്കെതിരെ പ്രയോഗിക്കാൻ പുതുതലമുറ തയ്യാറാകുന്നില്ലെന്നതാണ് വാസ്തവം.

സമൂഹത്തിന്റെ ജീവിതശൈലിയിലും സംസ്കാരങ്ങളിലും കടന്നു കൂടിയ ശൈഥില്യങ്ങളെ മനസ്സിലാക്കാനോ തിരിച്ചറിയാനോ കഴിയാതെ അപചയങ്ങളെ ആഘോഷിക്കുന്ന തിരക്കിലാണ് നവലോകം. പണമുള്ളവർ തുടങ്ങിവെക്കുന്ന ആഭാസങ്ങൾ പിന്നീട് പാവപ്പെട്ടവർക്കു പോലും ഒഴിച്ചുകൂടാനാവാത്ത ആചാരങ്ങളും ബാധ്യതകളുമായി മാറുന്ന സാഹചര്യമാണുള്ളത്.

ഒരു തരത്തിലും ശരിയല്ലെന്നുറപ്പുണ്ടായിട്ടും ചില പേക്കൂത്തുകളായി മാറുകയാണ് ആഘോഷങ്ങളെല്ലാം. ആളുകളെന്ത് പറയും, നമ്മെപ്പറ്റി അവരെന്തു വിചാരിക്കും തുടങ്ങിയ ആശങ്കകളാണ് പലരെയും ഇത്തരം ചിന്തകളിലേക്ക് നയിക്കുന്നത്.

മതങ്ങളെയും ഉത്തമ സംസ്കാരങ്ങളെയും ധാർമികചിന്തകളെയും നഖശിഖാന്തം എതിർക്കുന്നവരാണ് ഇത്തരം യുക്തിരഹിതമായ പേക്കൂത്തുകളുടെ പ്രമോട്ടർമാരെന്നതും അതിശയകരമാണ്.

അനാവശ്യമായ ആഢംബരങ്ങൾ കാണിക്കുമ്പോൾ അനിവാര്യമായ പലതും അവഗണിക്കപ്പെടുന്നുണ്ട്. അതിലൊന്നാണ് ആതിഥ്യമര്യാദ. ക്ഷണിക്കപ്പെട്ടു വന്നിട്ടും വലിഞ്ഞു കയറി വന്നവരെപ്പോലെ മനസ്സ് മടുത്തിട്ടാണ് പലരും വിവാഹപ്പന്തൽ വിട്ടു പോകുന്നത്. ഇരിക്കാനും കഴിക്കാനുമെല്ലാം അവസരം പാർത്തിരിക്കുന്ന കൊതിയന്മാരുടെ പരിവേഷമണിയണം വിവാഹപ്പന്തലിൽ ഭക്ഷണം ലഭിക്കാൻ. കൃത്യമായി നിയന്ത്രിക്കാൻ ആതിഥേയരില്ലാത്ത കല്യാണങ്ങൾ ദൂരെ നിന്ന് വീക്ഷിക്കുകയാണെങ്കിൽ കഷ്ടം തോന്നും. ഒരു സംഘം ഭക്ഷണം കഴിച്ച് എഴുന്നേൽക്കുമ്പോഴേക്കും ടേബിളിലെ എച്ചിൽ പോലുമെടുക്കുന്നതിന് മുമ്പ് ചാടി വീഴുന്ന അടുത്ത സംഘം!

'ഇവിടെ ഇങ്ങനെയൊക്കെ ഇരുന്നെങ്കിലേ വല്ലതും കഴിക്കാനൊക്കൂ' എന്ന കൂട്ടുകാരന്റെ ഉപദേശം കേട്ട് ജാള്യതയോടെ എച്ചിലെടുക്കാത്ത ടേബിളിലിരുന്നത് ഓർക്കാനിഷ്ടപ്പെടാത്ത അനുഭവങ്ങളിലൊന്ന് മാത്രം.

ഇത്തരം വിവാഹങ്ങളിൽ ക്ഷണിച്ച വീട്ടുകാരെയോ പരിചയക്കാരെയോ അവിടെയെങ്ങും കാണാനുണ്ടാകില്ലെന്നതാണ് അതിലേറെ സങ്കടകരം. തീർത്തും അപരിചതമായ ഒരു വീട്ടിൽ അപരിചതനായി കയറിച്ചെന്ന് അടിപിടി കൂടി രണ്ടു പിടി ചോറ് തിന്നതിന്റെ നിർവൃതിയിൽ ഇറങ്ങിപ്പോരേണ്ടി വരുന്ന അവസ്ഥ.

പലവർണപ്പേരുകളിൽ വ്യത്യസ്ത ദിവസങ്ങളിൽ വിളമ്പുന്ന സൽക്കാരങ്ങളിലെല്ലാം പങ്കെടുക്കാനുള്ളവർ ഒന്നു തന്നെയെന്നതും ആഢംബരത്തിന്റെ പേരിൽ തീൻമേശകളിലെത്തുന്ന വിഭവങ്ങളധികവും പാഴാകാനുള്ളതാണെന്നതും അതീവ സങ്കടകരം. ഭക്ഷണങ്ങളിലെ വൈവിധ്യങ്ങളും വർണപ്പൊലിമകളും ഒന്നു രുചിക്കാൻ പോലുമാകാതെ അവഗണിക്കപ്പെടുന്ന പ്രായം ചെന്നവരുമുണ്ടാകും.

തിരുത്താനോ നിയന്ത്രിക്കാനോ മുതിരുന്നവർ അപഹസിക്കപ്പെടുന്ന സാഹചര്യമാണുള്ളതെന്നു വരുമ്പോൾ ഓർമപ്പെടുത്താനും ഉണർത്താനും മാത്രമേ നമുക്ക് കഴിയൂ. മാറ്റമുണ്ടാകണമെങ്കിൽ ആത്മവിചിന്തനത്തിന് സന്നദ്ധരാകണം. പുതുതലമുറയെ അവ്വിധം ചിന്തിപ്പിക്കാനും തിരുത്താനും നമുക്കാവണം. ആഭാസങ്ങളെ ജീവിതപദ്ധതിയായി ആവിഷ്കരിക്കുന്നവർക്ക് അതിനുള്ള സൗകര്യം ചെയ്തു കൊടുക്കകയല്ല, ഇത്തരം ആഭാസങ്ങൾക്ക് എന്റെ വീടും സമ്പത്തും വിട്ടുതരില്ലെന്നു പറയാനുള്ള ചങ്കൂറ്റമാണ് ധർമ്മബോധമുള്ള രക്ഷിതാക്കൾ കാണിക്കേണ്ടത്.

ആരോഗ്യം

അനസ് ആമപ്പൊയിൽ

# പാലിന്റെ ആരോഗ്യ ഗുണങ്ങൾ

ഒരുപാട് ഔഷധഗുണങ്ങളും വിറ്റാമിനുകളുമടങ്ങിയ വിഭവമാണ് ശുദ്ധമായ പാൽ. ശാരീരികവും മാനസികവുമായ ആരോഗ്യത്തെ നിലനിർത്താൻ പാലിനു കഴിയുമെന്ന് പുതിയ പഠനങ്ങൾ തെളിയിക്കുന്നു. നേരിട്ട് കഴിക്കുന്നതും മറ്റു ചേരുവകൾ ചേർത്ത് വ്യത്യസ്തമായ പാലുൽപന്നങ്ങളുണ്ടാക്കി കഴിക്കുന്നതും ശീലമാക്കാം. ജീവിതശൈലിരോഗങ്ങൾ ആരോഗ്യത്തിന് ഭീഷണിയാകുമ്പോൾ ഇത്തരം പ്രകൃതിദത്തമായ വിഭവങ്ങളും ഔഷധങ്ങളും ഒരു പരിധിവരെ നമ്മുടെ ആരോഗ്യ സന്തുലിതാവസ്ഥ നിലനിർത്താൻ സഹായിക്കും. പാലിലടങ്ങിയ വിറ്റാമിനുകളും അവയുടെ ഔഷധഗുണങ്ങളും എന്തെല്ലാമാണെന്ന് നോക്കാം.

## ചർമസംരക്ഷണം

ചർമത്തിന്റെ ആരോഗ്യം സംരക്ഷിക്കുന്നതിൽ പാലിന് നിർണ്ണായക പങ്കുണ്ടെന്ന് നിരവധി പഠനങ്ങൾ തെളിയിക്കുന്നു. പാലുൽപ്പന്നങ്ങളിലെ പ്രോട്ടീൻ പ്രായമായവരുടെ ചർമത്തിന്റെ മൃദുത്വം സംരക്ഷിക്കാൻ സഹായിക്കും. വാർദ്ധക്യ സഹജമായി ത്വക്കിനുണ്ടാവുന്ന ആരോഗ്യ പ്രശ്നങ്ങളെ ചെറുക്കുകയും ചർമത്തെ സംരക്ഷിക്കുകയും ചെയ്യുന്ന ആന്റിഓക്സിഡന്റായ റെറ്റിനോൾ പാലിൽ അടങ്ങിയിട്ടുണ്ടെന്നതാണ് ഇതിനു കാരണം. നിരവധി ശുദ്ധീകരണ ഗുണങ്ങൾ പാലിനുണ്ടെന്ന് കണക്കാക്കപ്പെടുന്നു. പാൽ സ്ഥിരമായി കഴിക്കുന്നവരുടെ ചർമത്തിന് തിളക്കവും സൗന്ദര്യവും ലഭിക്കുന്നത് അതുകൊണ്ടാണ്.

## മുടിയുടെ ആരോഗ്യം

പാലിലടങ്ങിയിട്ടുള്ള കസീൻ, മോർ എന്നീ രണ്ട് പ്രോട്ടീനുകൾ മുടിയെ ശക്തിപ്പെടുത്താൻ സഹായിക്കുന്നു. കാത്സ്യം ധാരാളമായി അടങ്ങിയ ഈ പ്രോട്ടീൻ മുടിയുടെ വളർച്ചയെ ത്വരിതപ്പെടുത്തുകയും മുടി കൊഴിച്ചിൽ തടയാൻ സഹായിക്കുകയും ചെയ്യുന്നു. പാലിലടങ്ങിയ വിറ്റാമിൻ ഡി പുതിയ രോമകൂപങ്ങളുടെ വികാസത്തിന് സഹായിക്കുന്നു.

## ഹൃദയാരോഗ്യം

പാൽ കുടിക്കുന്നത് സ്ട്രോക്ക് സാധ്യത കുറയ്ക്കും. ഏതെങ്കിലും തരത്തിലുള്ള ഹൃദ്രോഗമോ കൊളസ്ട്രോളോ ഇല്ലെങ്കിൽ, ആരോഗ്യകരമായ ഭക്ഷണരീതിയുടെ ഭാഗമായി കഴിക്കുമ്പോൾ, കൊഴുപ്പ് നിറഞ്ഞ പാൽ, തൈര്, ചീസ് എന്നിവ ഹൃദ്രോഗ സാധ്യത വർദ്ധിപ്പിക്കാനിടയില്ലെന്നാണ് ഹാർട്ട് ഫൗണ്ടേഷന്റെ പഠനനിരീക്ഷണം. കൊളസ്ട്രോൾ പേടിച്ച് പലരും പാലുൽപന്നങ്ങളെ ഉപേക്ഷിക്കാറുണ്ട്. ഈ സമീപനം ശരിയല്ലെന്നാണ് പുതിയ പഠനങ്ങൾ സൂചിപ്പിക്കുന്നത്.

## പല്ലുകളുടെ ആരോഗ്യം

എല്ലുകളുടെയും പല്ലുകളുടെയും ആരോഗ്യം നിലനിർത്തുന്നതിനും പെട്ടെന്നുണ്ടാകുന്ന ഒടിവുകളും ചതവുകളും തടയുന്നതിനും കാത്സ്യം സഹായിക്കും. കൂടുതൽ പാൽ കുടിക്കുന്നതും ചീസ്, തൈര് തുടങ്ങിയ പാലുൽപ്പന്നങ്ങൾ കഴിക്കുന്നതും ഭക്ഷണത്തിലെ കാൽസ്യം വർദ്ധിപ്പിക്കുന്നതിനുള്ള വഴികളാണ്.



## വിഷാദരോഗത്തെ നേരിടാം

മാനസികാവസ്ഥ, വിശപ്പ്, ഉറക്കം എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്ന സെറോടോണിൻ എന്ന ഹോർമോണിന് വിറ്റാമിൻ ഡിയുടെ അളവ് നിയന്ത്രിക്കുന്നതിൽ പങ്കുണ്ട്. ശരീരത്തിലെ വിറ്റാമിൻ ഡിയുടെ അഭാവം ഇടയ്ക്കിടെ വിഷാദരോഗത്തിന് വഴിവെക്കുന്നു. പാലിൽ വിറ്റാമിൻ ഡി സപ്ലിമെന്റുകൾ പ്രത്യേകം ചേർക്കുന്നത് മാനസികാവസ്ഥ ഉയർത്താൻ സഹായിക്കും.

അസിഡിറ്റിയുള്ളതും മസാലകൾ നിറഞ്ഞതുമായ ഒരുപാട് വിഭവങ്ങൾ നമ്മുടെ പതിവ് ഭക്ഷണങ്ങളിലുണ്ട്. ആസിഡിന്റെ അംശം കൂടുന്നതിനും വയറ്റിലെ മറ്റു ആരോഗ്യപ്രശ്നങ്ങൾക്കും ഇവ കാരണമാകാറുണ്ട്. ഇത്തരം ബുദ്ധിമുട്ടുകളിൽ അകപ്പെടാതിരിക്കാൻ എരിവുള്ള ഭക്ഷണത്തിന് ശേഷം ഒരു ഗ്ലാസ് പാൽ കുടിക്കുന്നത് നല്ലതാണ്. പാൽ ആമാശയ ഭിത്തികളെ തണുപ്പിക്കുകയും അന്നനാളത്തെ സംരക്ഷിക്കുകയും ചെയ്യുന്നു.

## ദഹനത്തെ സഹായിക്കുന്നു

ഭക്ഷണത്തിന്റെ പോഷകഗുണങ്ങൾ പരമാവധി വർദ്ധിപ്പിക്കാനും ഫലപ്രദമാക്കാനും മികച്ച മാർഗം കുടലിന്റെ ആരോഗ്യത്തിൽ ശ്രദ്ധ ചെലുത്തുക എന്നതാണ്. ഭക്ഷണത്തെ ഊർജമാക്കി മാറ്റാനും ഭക്ഷണത്തിലെ കാത്സ്യം ആഗിരണം ചെയ്യാനും സഹായിക്കുന്ന വിറ്റാമിനുകളുകളടക്കം ദഹനത്തെ സഹായിക്കുന്ന ധാരാളം പോഷകങ്ങൾ പാലിലടങ്ങിയിട്ടുണ്ട്.

## നെഞ്ചെരിച്ചിൽ തടയുന്നു

അസിഡിറ്റിയുള്ളതും മസാലകൾ നിറഞ്ഞതുമായ ഒരുപാട് വിഭവങ്ങൾ നമ്മുടെ പതിവ് ഭക്ഷണങ്ങളിലുണ്ട്. ആസിഡിന്റെ അംശം കൂടുന്നതിനും വയറ്റിലെ മറ്റു ആരോഗ്യപ്രശ്നങ്ങൾക്കും ഇവ കാരണമാകാറുണ്ട്. ഇത്തരം ബുദ്ധിമുട്ടുകളിൽ അകപ്പെടാതിരിക്കാൻ എരിവുള്ള ഭക്ഷണത്തിന് ശേഷം ഒരു ഗ്ലാസ് പാൽ കുടിക്കുന്നത് നല്ലതാണ്. പുതിയ പഠനങ്ങളനുസരിച്ച്, പാൽ ആമാശയ ഭിത്തികളെ തണുപ്പിക്കുകയും അന്നനാളത്തെ സംരക്ഷിക്കുകയും ചെയ്യുന്നു.



## വ്യായാമവും ചോക്ലേറ്റ്പാലും

വ്യായാമത്തിനു ശേഷം കൊഴുപ്പ് കുറഞ്ഞ ചോക്ലേറ്റ്പാൽ കുടിക്കുന്നത് ആരോഗ്യത്തിന് നല്ലതാണെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു. മെലിഞ്ഞ പേശികൾ വികസിക്കാൻ സഹായിക്കുന്ന ഉയർന്ന ഗുണമേന്മയുള്ള പ്രോട്ടീന്റെ മുഖ്യ ഉറവിടമാണിത്. പേശികളെ സജീവമാക്കുന്ന പ്രോട്ടീനുകളും കാർബോ ഹൈഡ്രേറ്റുകളും ചോക്ലേറ്റ്പാലിൽ അടങ്ങിയിരിക്കുന്നു. കൂടാതെ, ശരീരത്തിന്റെ പോഷക സന്തുലിതാവസ്ഥ കാത്തുസൂക്ഷിക്കാൻ സഹായിക്കുന്ന വ്യത്യസ്ത പദാർത്ഥങ്ങളും ഇലക്ട്രോലൈറ്റുകളും ഇതിൽ അടങ്ങിയിട്ടുണ്ട്.

## ഊർജദായകം

പാലുൽപ്പന്നമായ ഡയറി മിൽക്കിൽ ലാക്ടോസ് അടങ്ങിയിട്ടുണ്ട്. പക്ഷേ, ഇന്ന് ലഭ്യമായ ഡയറിമിൽക്ക് പലതും കൃത്രിമ പദാർത്ഥങ്ങളടങ്ങിയതാണ്. എന്നാൽ യഥാർത്ഥ പാലിൽ നിന്നുണ്ടാക്കുന്ന ഡയറിമിൽക്ക് പ്രോട്ടീൻ ധാരാളമായി അടങ്ങിയ പ്രകൃതിദത്തമായ വിഭവമാണ്. ശരീരത്തിന് ഊർജം പകരാൻ ഏറ്റവും നല്ലതാണിത്. പാലുൽപന്നങ്ങളിൽ മാത്രമല്ല, മറ്റേതു വിഭവങ്ങളിലും കെമിക്കലുകൾ ചേർക്കുന്നത് അതിന്റെ ഫലം നഷ്ടപ്പെടുത്തും. ഡയറിമിൽക്കിൽ മാത്രമല്ല, മറ്റു വിഭവങ്ങളിലും കൃത്രിമ വസ്തുക്കൾ ചേർക്കാതെ കഴിക്കുകയാണെങ്കിൽ ആരോഗ്യപരമായ ഒരുപാട് നേട്ടങ്ങൾ കൈവരിക്കാനാകും.

## ഗർഭസ്ഥ ശിശുവിന്

മാതാവ് കുടിക്കുന്ന പാലിന്റെ ഗുണങ്ങൾ ജനനത്തിനു മുമ്പുതന്നെ കുട്ടികൾക്ക് ലഭിച്ചു തുടങ്ങുന്നു. പാലിൽ കാണപ്പെടുന്ന പ്രധാന വിറ്റാമിനുകളിലൊന്നാണ് അയോഡിൻ. ഗർഭാവസ്ഥയിലും ശൈശവാവസ്ഥയിലും എല്ലുകളുടെയും തലച്ചോറിന്റെയും വളർച്ചയെ ഇത് സഹായിക്കുന്നു. കുട്ടികളുടെ ബുദ്ധിവികാസത്തിൽ ഇതിന് നിർണ്ണായകമായ പങ്കുണ്ടെന്ന് വിലയിരുത്തപ്പെടുന്നുണ്ട്.

ഏതൊരു ഔഷധത്തെയും പോലെ കഴിക്കുന്ന സമയവും രീതിയും പാലിന്റെ കാര്യത്തിലും പ്രധാനമാണ്.

പകൽ സമയത്ത് ചൂടുള്ളതോ തണുത്തതോ ആയ പാൽ കുടിക്കാവുന്നതാണ്. രാത്രിയിൽ ചൂടുള്ളതോ ചെറുചൂടുള്ളതോ ആയ പാൽ കുടിക്കുന്നതാണുത്തമം. രാത്രി ഏറെ വൈകി തണുത്ത പാൽ കുടിക്കുന്നത് വയറിന് അസ്വസ്ഥതുണ്ടാക്കുകയും ഉറക്കം തടസ്സപ്പെടുത്തുകയും ചെയ്യും.

നബിചരിതം

ഫിദ ഫാത്തിമ വെട്ടിക്കൽ

# മുത്തുനബി(സ)യും എന്റെ പൊന്നുമ്മയും

സൂര്യൻ കിഴക്കൻ ചക്രവാളത്തിൽ ഉദിച്ചുയരുന്നതേയുള്ളൂ, സുബ്ഹിക്ക് ശേഷം സൂര്യനുദിക്കും മുന്നേ ഉറങ്ങരുതെന്ന് ഉമ്മ കുഞ്ഞുനാളിലേ പഠിപ്പിച്ചതാണ്. അങ്ങനെ ഉറങ്ങുന്നവരുടെ ജീവിതത്തിൽ ബറകത്ത് നഷ്ടപ്പെടുമെന്ന് തിരുനബി(സ) പറഞ്ഞിട്ടുണ്ടത്രേ!


പതിവിനു വിപരീതമായി മുറ്റത്തുനിന്ന് കിളികളുടെ കലപില ശബ്ദം കേട്ടപ്പോൾ ചെന്നു നോക്കി. അപ്പോഴാണ് ശ്രദ്ധയിൽപ്പെട്ടത്, മുറ്റത്തെ ചെമ്പരത്തിച്ചെടിയുടെ കൊമ്പിൽ ചകിരിനാര് മെടഞ്ഞുണ്ടാക്കിയ കയറിൽ ഒരു കുഞ്ഞുമൺചട്ടി തൂക്കിയിട്ടിട്ടുണ്ട്, തണ്ണീർ കുമ്പിൾ! കാക്കയും കുരുവിയും അണ്ണാറക്കണ്ണനുമെല്ലാം വെള്ളം കുടിക്കുകയാണ്. മുമ്പൊരിക്കൽ ഇങ്ങനെ കണ്ടപ്പോൾ ഉമ്മയോട് കൗതുകത്തോടെ ചോദിച്ചതാണ്; ഉമ്മാ... ഈ കിളികൾക്കെന്തിനാ പാത്രത്തിലൊക്കെ വെള്ളം വെച്ചുകൊടുക്കുന്നേ എന്ന്. അപ്പോൾ ഉമ്മ പറഞ്ഞു:

'മോളേ, അവർ പാവം ജീവികളല്ലേ. നമ്മെപ്പോലെ അവർക്കും ദാഹമുണ്ടാവും. ഈ കൊടും വേനലിൽ പാടത്തും കുളത്തിലുമൊക്കെ വെള്ളം വറ്റിക്കഴിഞ്ഞില്ലേ? അപ്പോൾ നാമല്ലേ അവർക്ക് വെള്ളം കൊടുക്കേണ്ടത്? പക്ഷികളോടും മൃഗങ്ങളോടും മറ്റു ജീവികളോടും കരുണ കാണിക്കണമെന്നല്ലേ മുത്തുനബി(സ) പഠിപ്പിച്ചത്.'

അന്ന് ഉമ്മ പറഞ്ഞു തന്ന ഒരു കഥ ഇപ്പോഴും ഓർമ്മയിലുണ്ട്; സ്വഹാബികളിലൊരാൾ ഒരു കുഞ്ഞിക്കിളിയെ അതിന്റെ കൂട്ടിൽ നിന്ന് പിടിച്ചുകൊണ്ടുവന്നതും കുഞ്ഞിനെ കാണാതെ അമ്മക്കിളി വിഷമിച്ചതും അതിനെ അമ്മക്കിളിയുടെ അടുത്തേക്ക് തന്നെ എത്തിക്കാൻ ആ സ്വഹാബിയോട് മുത്തുനബി(സ) ഗൗരവത്തിൽ ആവശ്യപ്പെട്ടതും!

ഉമ്മ അങ്ങനെയാണ്. മക്കളുടെ എല്ലാ കാര്യങ്ങളും ശ്രദ്ധിക്കും. സാഹചര്യങ്ങൾക്കനുസൃതമായി തിരുനബി കഥകളും ചരിത്രങ്ങളും തിരുചര്യകളും പറഞ്ഞുതരും. ഭക്ഷണം കഴിക്കുമ്പോഴുള്ള അദബുകൾ, തിരുനബി(സ)യുടെ മദ്ഹുകൾ, സൽസ്വഭാവം, സത്യസന്ധത തുടങ്ങിയ നന്മകളെല്ലാം ഓരോ കഥകൾ പറഞ്ഞ് ഉമ്മ വിശദീകരിച്ചതോർമ്മയുണ്ട്.

കുഞ്ഞുനാളിൽ ഉമ്മയിൽ നിന്നും ഉമ്മമ്മയിൽ നിന്നും മുത്തുനബി(സ) തങ്ങളുടെ കഥകൾ കേൾക്കാതെ ഉറങ്ങാറില്ലായിരുന്നു. തിരുജീവിതം പിൻപറ്റുന്നതിൽ അവരെല്ലാം ആനന്ദം കണ്ടെത്തുന്നതായി കാണാൻ സാധിച്ചിട്ടുണ്ട്.



**വീട്ടിൽ എന്തു പാചകം ചെയ്താലും അയൽക്കാർക്ക് കൊണ്ടുപോയി കൊടുക്കാൻ ഉമ്മ തന്നയക്കാറുണ്ട്. അയൽവാസികൾക്ക് ഗുണം ചെയ്യണമെന്ന് മുത്തുനബി(സ) പഠിപ്പിച്ചിട്ടുണ്ടല്ലോ. അയൽവാസികൾക്ക് ഗുണം ചെയ്യലും അവരെ ഉപദ്രവിക്കാതിരിക്കലും സത്യവിശ്വാസിയുടെ അടയാളമായി തിരുനബി(സ) എണ്ണിയിട്ടുണ്ടെന്ന് ഉമ്മ തന്നെയാണ് പഠിപ്പിച്ചു തന്നത്.**

തിരുനബി(സ)യെ പ്രകീർത്തിക്കാത്ത ദിനരാത്രങ്ങൾ അവർക്ക് കഴിഞ്ഞു പോയിട്ടില്ലെന്നു തന്നെ പറയാം. എപ്പോഴും ചുണ്ടിൽ സ്വലാത്തിന്റെ മന്ത്രങ്ങളുണ്ടാകും.

ഉമ്മയുടെ ജീവിതത്തിൽ നിന്ന് പഠിച്ച നിരവധി കാര്യങ്ങളുണ്ട്; മുതിർന്നവരെ ബഹുമാനിക്കൽ, അറിവ് പകർന്നു തരുന്ന ഗുരുനാഥന്മാരോട് സ്നേഹവും ആദരവും കാണിക്കൽ, തിരുനബി(സ)യുടെ ജീവിതം അടുത്തറിയൽ, പാവങ്ങളെ സഹായിക്കൽ തുടങ്ങിയവയെല്ലാം അങ്ങനെ പഠിച്ചതാണ്.

വീട്ടിൽ എന്തു പാചകം ചെയ്താലും അയൽക്കാർക്ക് കൊണ്ടുപോയി കൊടുക്കാൻ ഉമ്മ തന്നയക്കാറുണ്ട്. അയൽവാസികൾക്ക് ഗുണം ചെയ്യണമെന്ന് മുത്തുനബി(സ) പഠിപ്പിച്ചിട്ടുണ്ടല്ലോ. അയൽവാസികൾക്ക് ഗുണം ചെയ്യലും അവരെ ഉപദ്രവിക്കാതിരിക്കലും സത്യവിശ്വാസിയുടെ അടയാളമായി തിരുനബി(സ) എണ്ണിയിട്ടുണ്ടെന്ന് ഉമ്മ തന്നെയാണ് പഠിപ്പിച്ചു തന്നത്.

അങ്ങനെ മാതാപിതാക്കളെ സ്നേഹിക്കാനും ചെറിയ കുട്ടികളോട് കരുണ കാണിക്കാനും ഉമ്മയുടെ ജീവിതത്തിൽ നിന്ന് പഠിച്ചു.

കുഞ്ഞുനാളിൽ തിരുനബി(സ)യുടെ മദ്ഹുകൾ കോർത്തിണക്കിയ താരാട്ടു പാട്ടുകൾ പാടിയാണ് ഉമ്മ എന്നെ ഉറക്കിയിരുന്നത്. ഭക്ഷണം കഴിക്കുമ്പോൾ ആദ്യം കൈ കഴുകണമെന്നും ബിസ്മി ചൊല്ലി വലതു കൈകൊണ്ട് കഴിക്കണമെന്നും ഭക്ഷണശേഷം ഹംദ് ചൊല്ലണമെന്നും ഉമ്മ പഠിപ്പിച്ചു.

കുടുംബത്തിലെ എല്ലാവരെയും തിരുനബിസ്നേഹവും തിരുചര്യകളും പഠിപ്പിക്കാൻ ഉമ്മയും ഉപ്പയും കാണിക്കുന്ന ഉന്മേഷവും ഉത്സാഹവും വിസ്മയകരമാണ്. തിരുസുന്നത്തുകൾ ജീവിതത്തിൽ പകർത്തി മറ്റുള്ളവർക്ക് കാണിച്ചുകൊടുക്കുക എന്നത് ചെറിയ കാര്യമല്ലല്ലോ.

വീടിന്റെ വിളക്കുകളാണ് ഉമ്മയും ഉപ്പയും. അവർ പരത്തുന്ന വെളിച്ചം മുത്തുനബി(സ)യിലേക്കും അല്ലാഹുവിലേക്കും നമ്മെ നയിക്കുന്നു. മാതാപിതാക്കളുടെ പൊരുത്തവും അധ്യാപകരുടെ ഗുരുത്വവുമില്ലെങ്കിൽ നമ്മുടെ ജീവിതം അർത്ഥശൂന്യമായിപ്പോകും. മാതാപിതാക്കൾക്ക് വേണ്ടി എപ്പോഴും ദുആ ചെയ്യാൻ അല്ലാഹു പരിശുദ്ധ ഖുർആനിൽ ഓർമ്മപ്പെടുത്തുന്നുണ്ടല്ലോ. മുത്തുനബി(സ)യോടൊപ്പം, മാതാപിതാക്കളോടൊപ്പം സ്വർഗ്ഗലോകത്ത് ഒരുമിച്ചു കൂടാൻ അല്ലാഹു നമുക്ക് തൗഫീഖ് നൽകട്ടെ, ആമീൻ

***(എസ്.ജെ.എം ലേഖന മത്സരത്തിൽ സംസ്ഥാനതലത്തിൽ ഒന്നാമതെത്തിയ രചന)***

നബിചരിതം

റൈഹാൻ

# തിരുനബി(സ) കരഞ്ഞ നിമിഷങ്ങൾ

## മഹ്ശറിലെ ദുരിതങ്ങളോർത്ത്

ഒരിക്കൽ നബി(സ) അബ്ദുല്ലാഹിബ്നു അബ്ബാസ്(റ)നോട് പറഞ്ഞു: 'ഇബ്നുഅബ്ബാസ്, എനിക്ക് ഖുർആൻ ഓതിക്കേൾപ്പിക്കൂ.' ഇബ്നുഅബ്ബാസ്(റ) ചോദിച്ചു: 'തിരുദൂതരേ, അങ്ങേക്കാണല്ലോ ഖുർആൻ അവതരിച്ചത്. ഞാനത് അങ്ങേക്ക് പാരായണം ചെയ്ത് കേൾപ്പിക്കുകയോ?'

മുത്തുനബി(സ) മറുപടി നൽകി: 'അതേ. മറ്റൊരാളിൽ നിന്നത് കേൾക്കാൻ ഞാൻ ആഗ്രഹിക്കുന്നു.' അങ്ങനെ ഇബ്നുഅബ്ബാസ്(റ) സൂറത്തുന്നിസാഅ് ഓതാനാരംഭിച്ചു. 'ഓരോ സമുദായത്തിൽ നിന്നും ഓരോ സാക്ഷിയെ നാം കൊണ്ടുവരികയും ഇവർക്കെതിരിൽ അങ്ങയെ നാം സാക്ഷിയായികൊണ്ടുവരികയും ചെയ്യുമ്പോഴുള്ള അവസ്ഥ എന്തായിരിക്കും!' എന്ന ആശയമുള്ള നാല്പത്തിയൊന്നാം സൂക്തമെത്തിയപ്പോൾ നബി(സ) പറഞ്ഞു: 'ഇപ്പോൾ മതി, ഇബ്നു അബ്ബാസ്.'

അതുകേട്ട് ഇബ്നുഅബ്ബാസ്(റ) തലയുയർത്തി തിരുമുഖത്തേക്ക് നോക്കി. അപ്പോൾ തിരുനേത്രങ്ങൾ രണ്ടും നിറഞ്ഞൊഴുകുന്നുണ്ടായിരുന്നു.' (ബുഖാരി, മുസ്‌ലിം)

ഈ സൂക്തം പാരായണം ചെയ്തു കേട്ടപ്പോൾ, അന്ത്യനാളിന്റെ ഭയാനകതയും മഹ്ശറിൽ തന്റെ സമുദായമനുഭവിക്കുന്ന ദുരിതങ്ങളും അവർക്കുവേണ്ടി സാക്ഷിനിൽക്കുകയും ശിപാർശ നടത്തുകയും ചെയ്യുന്ന രംഗങ്ങളും ആലോചിച്ചാണ് നബി(സ) കരഞ്ഞതെന്ന് ഇബ്നുബത്ത്വാൽ ഈ ആയത്തിന് വിശദീകരണമെഴുതിയിട്ടുണ്ട്.

## എന്റെ സമുദായം, എന്റെ സമുദായം

ഒരിക്കൽ സൂറത്തു ഇബ്റാഹീം – 36, സൂറത്തുൽ മാഇദ – 118 സൂക്തങ്ങൾ പാരായണം ചെയ്യുന്നതിനിടെ കരഞ്ഞുകൊണ്ട് കൈകളുയർത്തി തിരുനബി(സ) ദുആ ചെയ്തു: 'അല്ലാഹുവേ, എന്റെ സമുദായം.... എന്റെ സമുദായം!' അപ്പോൾ സർവജ്ഞനായ അല്ലാഹു ജിബ്‌രീൽ(അ)നോട് പറഞ്ഞു: 'മുഹമ്മദ്നബി(സ)യുടെ അരികിൽ ചെന്ന് എന്തിനാണവിടുന്ന് കരയുന്നതെന്ന് ചോദിക്കൂ.'

ജിബ്‌രീൽ(അ) മുത്തുനബി(സ)യെ സമീപിച്ച് കരയുന്നതിന്റെ കാരണമന്വേഷിച്ചു. തന്റെ സമുദായം മഹ്ശറിൽ അനുഭവിക്കേണ്ടിവരുന്ന പ്രയാസങ്ങളോർത്താണ് കരഞ്ഞതെന്നു പറഞ്ഞു. എല്ലാം അറിയുന്നവനായ അല്ലാഹുവിന്റെ സന്നിധിയിൽ ചെന്ന് തിരുനബി(സ) പറഞ്ഞ കാര്യങ്ങൾ ജിബ്‌രീൽ(അ) അറിയിച്ചു. അല്ലാഹു ജിബ്‌രീൽ(അ)നോട് പറഞ്ഞു: 'മുഹമ്മദ് നബി(സ)യെ സന്ദർശിച്ച് സമുദായത്തിന്റെ കാര്യത്തിൽ അങ്ങയെ നാം തൃപ്തിപ്പെടുത്തുമെന്നും പ്രയാസപ്പെടുത്തില്ലെന്നും അറിയിക്കുക.'

## ഇബ്റാഹീം, ഞങ്ങൾ ദുഃഖിതരാണ്

ഏതാനും സ്വഹാബികൾ ഒരിക്കൽ തിരുനബി(സ)യോടൊപ്പം ഇരുമ്പുപണിക്കാരനായ അബൂസൈഫിന്റെ വീട്ടിൽ ചെന്നു. അദ്ദേഹത്തിന്റെ ഭാര്യ ഉമ്മുസൈഫായിരുന്നു തിരുനബി(സ)യുടെ മകൻ ഇബ്റാഹീമിന് മുലയൂട്ടിയിരുന്നത്. തിരുനബി(അ) മകനെ എടുത്ത് ചുംബിച്ചു. ഏതാനും നാളുകൾക്കു ശേഷം തിരുനബി(സ)യും സ്വഹാബികളും വീണ്ടും അദ്ദേഹത്തെ സന്ദർശിച്ചു. അപ്പോൾ ഇബ്റാഹീം മരണാസന്നനായിരുന്നു. അതുകണ്ട് മുത്തുനബി(സ)യുടെ കണ്ണുകൾ നിറഞ്ഞൊഴുകി. അപ്പോൾ അബ്ദുറഹ്മാനുബ്നു ഔഫ്(റ) ചോദിച്ചു: 'നബിയേ, അങ്ങും കരയുകയാണോ?'

മുത്തുനബി(സ) മറുപടി നൽകി: 'ഇബ്നു ഔഫ്, കാരുണ്യത്തിന്റെ കണ്ണീരാണിത്. മിഴികൾ കണ്ണീർ വാർക്കും, ഹൃദയം ദുഃഖിക്കും, റബ്ബിന് തൃപ്തിയുള്ളത് മാത്രമേ നാം പറയാവൂ. പ്രിയപ്പെട്ട ഇബ്റാഹീം, നിന്റെ വേർപാടിൽ ഞങ്ങൾ ഏറെ ദുഃഖിതരാണ്.'

## കാരുണ്യത്തിന്റെ കണ്ണുനീർ

മുത്തുനബി(സ)യുടെ മകൾ സൈനബ്(റ)യുടെ പെൺകുഞ്ഞ് മരണാസന്നയായി. സൈനബ്(റ) തിരുനബി(സ)യെ വിളിക്കാൻ ആളെ അയച്ചു. ദൂതനോട് മുത്തുനബി(സ) പറഞ്ഞു: 'നൽകാനും തിരിച്ചെടുക്കാനുമുള്ള അധി

ഹിജ്റ എട്ടാം വർഷം. ശാമിലെ ബൽഖായിൽ മുഅ്തയുദ്ധം നടക്കുന്ന സമയം. റോമക്കാരായിരുന്നു എതിർപക്ഷത്തുണ്ടായിരുന്നത്. മസ്ജിദുന്നബവിയിൽ ഖുതുബ നിർവഹിക്കുകയായിരുന്നു മുത്തുനബി(സ). യുദ്ധത്തിൽ മുസ്‌ലിം സൈന്യത്തെ നയിച്ചിരുന്ന മൂന്നുപേർ രക്തസാക്ഷികളായി. ഇക്കാര്യം അല്ലാഹു നബി(സ)ക്ക് തൽസമയം അറിയിച്ചുകൊടുത്തു.




കാരം അല്ലാഹുവിനാകുന്നു. എല്ലാം ഒരു നിശ്ചിത പരിധിവരെ മാത്രമാണല്ലോ ഉണ്ടാവുക. അതുകൊണ്ട് ക്ഷമിക്കുകയും പ്രതിഫലം കാംക്ഷിക്കുകയും ചെയ്യുക' എന്നു മകളോടു പറയുക.

അല്പനേരം കഴിഞ്ഞപ്പോൾ അങ്ങ് ഇങ്ങോട്ടു വരണമെന്ന ഭ്യർത്ഥിച്ച് സൈനബ്(റ) വീണ്ടും തിരുസവിധത്തിലേക്ക് ദൂതനെ അയച്ചു. അപ്പോൾ മുത്തുനബി(സ)യും ഉസാമതുബ്നുസൈദ്(റ), സഅദുബ്നു അബീവഖാസ്(റ), ഉബയ്യുബ്നു കഅബ്(റ) എന്നിവരും അവരുടെ വീട്ടിൽ ചെന്നു. മുത്തുനബി(സ) ആ കുഞ്ഞിനെ കയ്യിലെടുത്തു. കുഞ്ഞ് പ്രയാസപ്പെടുന്നതു കണ്ടപ്പോൾ മുത്തുനബി(സ) കരഞ്ഞുപോയി. അപ്പോൾ സഅദുബ്നു അബീവഖാസ്(റ) ചോദിച്ചു: 'നബിയേ, അങ്ങ് കരയുകയാണോ?' അവിടുന്ന് മറുപടി നൽകി: 'ഇത് അല്ലാഹു തന്റെ ചില ദാസന്മാർക്ക് നൽകുന്ന കാരുണ്യമാണ്. കരുണയുള്ളവർക്ക് മാത്രമേ അല്ലാഹുവിന്റെ കാരുണ്യം ലഭിക്കൂ.'

## കണ്ണീർ വീണ് നനഞ്ഞ മണ്ണ്

ഒരിക്കൽ സ്വഹാബത്തിനോടൊപ്പം സഞ്ചരിക്കുമ്പോൾ ഒരു ആൾക്കൂട്ടം മുത്തുനബി(സ)യുടെ ശ്രദ്ധയിൽപ്പെട്ടു. അവിടുന്ന് ചോദിച്ചു: 'എന്താണ് അവിടെ ഒരു ആൾക്കൂട്ടം?'

'അവർ ഒരു ഖബർ കുഴിക്കുകയാണ് റസൂലേ.' സ്വഹാബികൾ മറുപടി നൽകി.

അതുകേട്ട് മുത്തുനബി(സ) ഞെട്ടിപ്പോയി. ധൃതിയിൽ ഖബറിനടുത്തേക്ക് നടന്നു. ഖബറിനു സമീപത്തിരുന്ന് കരയാൻ തുടങ്ങി. കണ്ണീരു വീണ് മണ്ണ് നനഞ്ഞു. പിന്നീട്, സ്വഹാബികളോടായി പറഞ്ഞു: 'പ്രിയപ്പെട്ടവരേ, ഇങ്ങനെയുള്ള ഒരു ദിവസത്തിനു വേണ്ടി തയ്യാറെടുത്തോളൂ.'

## മനസ്സിന്റെ ദുഃഖത്തിന് ശിക്ഷയില്ല

സഅദുബ്നു ഉബാദ(റ) രോഗബാധിതനായി കിടപ്പിലായി. മുത്തുനബി(സ)യും അബ്ദുറഹ്മാനുബ്നു ഔഫ്(റ), സഅദുബ്നു അബീവഖാസ്(റ), അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) എന്നിവരും സന്ദർശിക്കാനെത്തിയപ്പോൾ അദ്ദേഹം അബോധാവസ്ഥയിലായിരുന്നു. മുത്തുനബി (സ) ചോദിച്ചു: 'ഇദ്ദേഹം മരിച്ചുപോയോ?' 'ഇല്ല റസൂലേ.' സ്വഹാബികൾ മറുപടി നൽകി. അപ്പോൾ മുത്തുനബി(സ) കരയാൻ തുടങ്ങി. അതു കണ്ടപ്പോൾ അവിടെയുള്ളവരെല്ലാം കരഞ്ഞു. അതു കണ്ട് തിരുനബി(സ) പറഞ്ഞു: 'നിങ്ങൾക്കറിയില്ലേ, കണ്ണീരൊഴുക്കിയതു കൊണ്ടോ മനസ്സ് വിഷമിച്ചതു കൊണ്ടോ അല്ലാഹു ശിക്ഷിക്കുകയില്ല. (ശേഷം നാവിലേക്ക് ചൂണ്ടി മുത്തുനബി(സ) തുടർന്നു) എന്നാൽ, ഇതു കാരണം അല്ലാഹു ചിലർക്ക് ശിക്ഷ നൽകുകയും മറ്റു ചിലർക്ക് കാരുണ്യം നൽകുകയും ചെയ്യും.'

## മൂന്നു രക്തസാക്ഷികൾ

ഹിജ്റ എട്ടാം വർഷം. ശാമിലെ ബൽഖായിൽ മുഅ്തയുദ്ധം നടക്കുന്ന സമയം. റോമക്കാരായിരുന്നു എതിർപക്ഷത്തുണ്ടായിരുന്നത്. മസ്ജിദുന്നബവിയിൽ ഖുതുബ നിർവഹിക്കുകയായിരുന്നു മുത്തുനബി(സ). യുദ്ധത്തിൽ മുസ്‌ലിം സൈന്യത്തെ നയിച്ചിരുന്ന മൂന്നുപേർ രക്തസാക്ഷികളായി. ഇക്കാര്യം അല്ലാഹു നബി(സ)ക്ക് തൽസമയം അറിയിച്ചുകൊടുത്തു. അവിടുന്ന് പറഞ്ഞു: 'സൈദുബ്നു ഹാരിസ(റ) ഇസ്‌ലാമിന്റെ പതാകയേന്തി, അദ്ദേഹം ശഹീദായി. ജഅ്ഫറുബ്നു അബീത്വാലിബ്(റ) പതാകയേന്തി, അദ്ദേഹവും ശഹീദായി. അബ്ദുല്ലാഹിബ്നു റവാഹ(റ) പതാകയേന്തി, അദ്ദേഹവും രക്തസാക്ഷിയായി. പിന്നീട്, ഖാലിദുബ്നു വലീദ്(റ) പതാകവാഹകനായി. അദ്ദേഹത്തിലൂടെ അല്ലാഹു വിജയം നൽകി. അല്ലാഹു നൽകിയ ഉന്നതപദവി കാരണം ദുനിയാവിലേക്ക് മടങ്ങുന്നതവർക്കിഷ്ടമാകില്ല.' ഇതു പറയുമ്പോൾ മുത്തുനബി(സ)യുടെ ഇരുനേത്രങ്ങളും കവിഞ്ഞൊഴുകുന്നുണ്ടായിരുന്നു.

# സുന്നത്ത് കുസുമം കാമ്പയിൻ നവംബർ 5-15

കോഴിക്കോട്: സുന്നി ജംഇയ്യത്തുൽ മുഅല്ലിമീൻ മുഖപത്രങ്ങളായ സുന്നത്ത്, കുസുമം പ്രചാരണ കാമ്പയിൻ നവംബർ 5-15 കാലയളവിൽ നടത്തുവാൻ എസ്.ജെ.എം സെൻട്രൽ സെക്രട്ടറിയേറ്റ് തീരുമാനിച്ചു.


സമസ്തസെന്ററിൽ ചേർന്ന സെക്രട്ടറിയേറ്റ് യോഗം കാമ്പയിൻ രൂപരേഖ അംഗീകരിക്കുകയും പ്രചാരണത്തിൽ മികവ് കാണിക്കുന്നവർക്കുള്ള ഓഫറുകൾ പ്രഖ്യാപിക്കുകയും ചെയ്തു.

കാമ്പയിൻ വിശദീകരിക്കുന്നതിന് താഴെ നൽകിയ പ്രകാരം സംസ്ഥാന സാരഥികളുടെ നേതൃത്വത്തിൽ ജില്ലാ മീറ്റിംഗുകൾ നടത്തും.

കോഴിക്കോട്, നീലഗിരി, വയനാട് (ഒക്ടോബർ 1), മലപ്പുറം ഈസ്റ്റ് (ഒക്ടോബർ 7), കണ്ണൂർ, കാസർഗോഡ് (ഒക്ടോബർ 8), സതേൺ കേരള (ഒക്ശ്ടോബർ 9), മലപ്പുറം വെസ്റ്റ് (ഒക്ടോബർ 12), പാലക്കാട് (ഒക്ശ്ടോബർ 22).

സമസ്ത സെന്റിനറിയുടെ ഭാഗമായി ജില്ലാതല മുഅല്ലിം സംഗമങ്ങൾ സംഘടിപ്പിക്കുവാനും തീരുമാനിച്ചു. റിപ്പോർട്ടുകളും കണക്കുകളും കൃത്യമായി സമർപ്പിക്കുന്ന ഇതര സംസ്ഥാന സമിതികൾക്ക് പതിനായിരം രൂപ വീതം ഗ്രാന്റ് നൽകും.

വാർഷിക കൗൺസിൽ ഒക്ടോബർ 14 ന് വിളിച്ചുചേർക്കും. കർണാടക പര്യടനത്തിന് അന്തിമ രൂപം നൽകാൻ കുഞ്ഞുകുളം സുലൈമാൻ സഖാഫി, കെ ഉമർ മദനി, ബശീർ മുസ്‌ലിയാർ, വി.വി അബൂബക്‌ർ സഖാഫി എന്നിവരെ ചുമതലപ്പെടുത്തി. യോഗത്തിൽ വൈസ് പ്രസിഡന്റ് കെ.കെ അഹ്മദ് കുട്ടി മുസ്‌ലിയാർ അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി അബൂഹനീഫൽ ഫൈസി സ്വാഗതം പറഞ്ഞു. ട്രഷറർ വി.പി.എം വില്യാപ്പള്ളി, സെക്രട്ടറിമാരായ സുലൈമാൻ സഖാഫി, കെ ഉമർ മദനി, വി.വി അബൂബക്‌ർ സഖാഫി, ചെറൂപ്പ ബശീർ മുസ്‌ലിയാർ ചർച്ചകൾക്ക് നേതൃത്വം നൽകി.




# 16 മദ്റസകൾക്ക് കൂടി അംഗീകാരം

കോഴിക്കോട്: സമസ്ത കേരള സുന്നി വിദ്യാഭ്യാസ ബോർഡ് 16 മദ്റസകൾക്കു കൂടി അംഗീകാരം നൽകി. പാലക്കാട് ജില്ലയിൽ നിന്നും കർണാടക, തമിഴ്നാട്, യു.എ.ഇ എന്നിവിടങ്ങളിൽ നിന്നുമുള്ള മദ്റസകൾക്കാണ് അംഗീകാരം നൽകിയത്.

പ്രസിഡന്റ് സയ്യിദ് അലി ബാഫഖിയുടെ അധ്യക്ഷതയിൽ കാരന്തൂർ മർകസിൽ നടന്ന എക്സിക്യൂട്ടീവ് യോഗം സെക്രട്ടറി കാന്തപുരം എ.പി അബൂബക്‌ർ മുസ്‌ലിയാർ ഉദ്ഘാടനം ചെയ്തു. പ്രൊഫ. എ.കെ അബ്ദുൽ ഹമീദ് സ്വാഗതവും പ്രൊഫ. കെ.എം.എ റഹീം നന്ദിയും പറഞ്ഞു. സി.പി സൈതലവി റിപ്പോർട്ട് അവതരിപ്പിച്ചു. സയ്യിദ് അബ്ദുൽ ഫത്താഹ് അവേലം, സയ്യിദ് ശറഫുദ്ദീൻ ജമലുല്ലൈലി, കെ.കെ അഹ്മദ് കുട്ടി മുസ്‌ലിയാർ, കെ.പി മുഹമ്മദ് മുസ്‌ലിയാർ, ടി അബൂഹനീഫൽ ഫൈസി, വി.പി.എം വില്യാപ്പള്ളി, വണ്ടൂർ അബ്ദുർറഹ്മാൻ ഫൈസി, സി മുഹമ്മദ് ഫൈസി, എൻ അലി അബ്ദുല്ല, ഡോ. അബ്ദുൽ അസീസ് ഫൈസി, മജീദ് കക്കാട്, പി.എസ്.കെ മൊയ്തു ബാഖവി, അബ്ദുർറഹ്മാൻ ഫൈസി മാരായമംഗലം, അഡ്വ. എ.കെ ഇസ്മാഈൽ വഫ, പി അലവി സഖാഫി കൊളത്തൂർ, കെ.കെ അബ്ദുർറഹ്മാൻ മുസ്‌ലിയാർ, പി.സി ഇബ്റാഹീം, സുലൈമാൻ സഖാഫി കുഞ്ഞുകുളം, മുഹമ്മദലി സഖാഫി തൃക്കരിപ്പൂർ, അബ്ദുൽ ഖാദിർ മദനി പള്ളങ്കോട്, കെ.കെ മുഹമ്മദലി ഫൈസി, അബ്ദുർറഹ്മാൻ മദനി ജപ്പു, ഉമർ മദനി, കെ.കെ.എം കാമിൽ സഖാഫി, ഹാജി അബ്ദുന്നാസിർ ഹിശാമി, അഹ്മദ് കുട്ടി ബാഖവി സംബന്ധിച്ചു.

# അൽമൗലിദുൽ അക്ബർ ആത്മീയാനുഭൂതി നുകർന്ന് പതിനായിരങ്ങൾ

**ജാമിഉൽ ഫുതൂഹ് സാക്ഷ്യം വഹിച്ചത് ഇന്ത്യയിലെ ഏറ്റവും വലിയ നബികീർത്തന സംഗമത്തിന്.**

നോളജ് സിറ്റി: അന്ത്യപ്രവാചകർ മുഹമ്മദ് നബി(സ)യുടെ പിറവികൊണ്ട് അനുഗൃഹീതമായ റബീഉൽ അവ്വൽ മാസത്തിലെ ആദ്യ തിങ്കളാഴ്ച മർകസിനു കീഴിൽ നടന്നുവരാറുള്ള അൽമൗലിദുൽ അക്ബറിന് ഈ പ്രാവശ്യം ജാമിഉൽ ഫുതൂഹിലെത്തിയത് പതിനായിരങ്ങൾ. സയ്യിദരുടെയും പണ്ഡിതരുടെയും പൗരപ്രമുഖരുടെയും നേതൃത്വത്തിൽ മൗലിദുൽ അക്ബർ മജ്‌ലിസും തിരുശേഷിപ്പുകളുടെ ബറകത്തെടുക്കലും നടന്നു. വിവിധ മൗലിദുകളുടെയും പ്രവാചക പ്രകീർത്തനങ്ങളുടെയും ആലാപനവുമുണ്ടായിരുന്നു.

സംസ്ഥാനത്തിനകത്തുനിന്നും പുറത്തുനിന്നുമായി പതിനായിരക്കണക്കിന് വിശ്വാസികളാണ് സംഗമത്തിനെത്തിയത്. പുലർച്ചെ അഞ്ചരയോടെ ആരംഭിച്ച മൗലിദുൽ അക്ബറിൽ മർകസ് പ്രസിഡന്റ് സയ്യിദ് അലി ബാഫഖി അധ്യക്ഷത വഹിച്ചു. സമസ്ത കേരള ജംഇയ്യത്തുൽ ഉലമ പ്രസിഡന്റ് ഇ സുലൈമാൻ മുസ്‌ലിയാർ ഉദ്ഘാടനം ചെയ്തു. ഇന്ത്യൻ ഗ്രാൻഡ് മുഫ്തി കാന്തപുരം എ.പി അബൂബക്ർ മുസ്‌ലിയാർ സന്ദേശപ്രഭാഷണം നടത്തി.

പൊന്മള അബ്ദുൽഖാദിർ മുസ്‌ലിയാർ, സി. മുഹമ്മദ് ഫൈസി, ഡോ. മുഹമ്മദ് അബ്ദുൽ ഹകീം അസ്ഹരി, അഡ്വ. പി.ടി.എ റഹീം, അഡ്വ. ടി സിദ്ദീഖ് സംസാരിച്ചു. സയ്യിദ് ഹാമിദ് ഇമ്പിച്ചിക്കോയ, സയ്യിദ് തുറാബ് അസ്സഖാഫി, ഹുസൈൻ സഖാഫി ചുള്ളിക്കോട്, കെ.കെ അഹ്മദ് കുട്ടി മുസ്‌ലിയാർ, അബൂഹനീഫൽ ഫൈസി, വി.പി.എം വില്ല്യാപ്പള്ളി, സയ്യിദ് ശറഫുദ്ദീൻ ജമലുല്ലൈലി, സയ്യിദ് ഹബീബ് കോയ തങ്ങൾ, സയ്യിദ് അബ്ദുൽ ഫത്താഹ് അവേലം, സയ്യിദ് ശിഹാബുദ്ദീൻ അഹ്ദൽ, സി.പി ഉബൈദുല്ല സഖാഫി, ഫിർദൗസ് സഖാഫി, എൻ അലി അബ്ദുല്ല, എ സൈഫുദ്ദീൻ ഹാജി തുടങ്ങിയവർ സംബന്ധിച്ചു.

## സാംസ്കാരിക സമ്പന്നതയുടെ രഹസ്യം പാരമ്പര്യം: കാന്തപുരം

നോളജ് സിറ്റി: കേരളീയ മുസ്‌ലിംകൾ മതകീയ സംസ്കാരത്തിന്റെയും വിജ്ഞാനത്തിന്റെയും കാര്യത്തിൽ ഒരുപടി മുന്നിലാണെന്നും സ്വഹാബികളിൽ നിന്ന് നേരിട്ട് പകർന്നെടുത്ത പാരമ്പര്യമാണ് അതിന്റെ രഹസ്യമെന്നും ഇന്ത്യൻ ഗ്രാൻഡ് മുഫ്തി കാന്തപുരം എ.പി അബൂബക്ർ മുസ്‌ലിയാർ. മർകസ് നോളജ് സിറ്റിയിലെ ജാമിഉൽ ഫുതൂഹിൽ നടന്ന അൽമൗലിദുൽ അക്ബറിൽ സന്ദേശ പ്രഭാഷണം നിർവഹിക്കുകയായിരുന്നു അദ്ദേഹം. അറബി പദങ്ങൾ കൃത്യമായി ഉച്ചരിക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ മലയാളിക്ക് മറ്റു പല ഭാഷക്കാരെക്കാളും മികവ് കാണിക്കാൻ കഴിയാറുണ്ടെന്നും ഇത് വൈജ്ഞാനിക പാരമ്പര്യത്തിൽ നിന്ന് രൂപം കൊണ്ടതാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഒരു മതക്കാരനെയും ആക്രമിക്കുന്നതോ പരുക്കേൽപ്പിക്കുന്നതോ ഇസ്‌ലാമിക രീതിയല്ലെന്നും യാതൊരു ബലാൽക്കാരവുമില്ലാതെയാണ് പ്രവാചക അനുയായികൾ പ്രബോധനം നടത്തിയതെന്നും അദ്ദേഹം പറഞ്ഞു.

# നിർധനരായ മുദരിസുമാരെ സഹായിക്കാൻ സമസ്ത

കോഴിക്കോട്: ജോലിയില്ലായ്മ, രോഗബാധ തുടങ്ങിയ കാരണങ്ങളാൽ അവശതയനുഭവിക്കുന്ന കോഴിക്കോട് ജില്ലയിലെ മുദരിസുമാരെ സാമ്പത്തികമായി സഹായിക്കുന്നതിന് ജില്ലാ മുശാവറ തീരുമാനിച്ചു.

ഇതിനുള്ള പദ്ധതി ആവിഷ്കരിക്കാനും രൂപരേഖ തയ്യാറാക്കാനും മുശാവറയുടെ കീഴിലുള്ള ക്ഷേമസമിതിയെ ചുമതലപ്പെടുത്തി.

ഇതു സംബന്ധമായി മർകസ് കോംപ്ലക്സിൽ ചേർന്ന ജില്ലാ സെക്രട്ടറിയേറ്റ് യോഗത്തിൽ വി.പി.എം ഫൈസി വില്ല്യാപ്പള്ളി അധ്യക്ഷത വഹിച്ചു. കെ.എം ബശീർ സഖാഫി കൈപ്രം സ്വാഗതം പറഞ്ഞു. ടി.കെ അബ്ദുറഹ്മാൻ ബാഖവി ചർച്ച ഉദ്ഘാടനം ചെയ്തു.

വെണ്ണക്കോട് അബൂബക്ർ സഖാഫി, അബ്ദുൽഖാദിർ ദാരിമി, സഊദ് സഖാഫി, യൂനുസ് മുസ്‌ലിയാർ, എ.പി അൻവർ സഖാഫി, അബ്ദുൽകരീം ഇർഫാനി ചർച്ചയിൽ പങ്കെടുത്തു സംസാരിച്ചു. നാസിർ സഖാഫി അമ്പലക്കണ്ടി നന്ദി പറഞ്ഞു.

# മീലാദ് സമ്മേളനം പ്രൗഢോജ്ജ്വലം

കോഴിക്കോട്: ഇശ്ഖിൽ ലയിച്ച നഗരവീഥികളെയും പ്രകീർത്തന വൈവിധ്യങ്ങൾ കൊണ്ട് സമ്പന്നമായ സ്വപ്ന നഗരിയെയും സാക്ഷിയാക്കി അന്താരാഷ്ട്ര മീലാദ് സമ്മേളനത്തിന് പ്രൗഢസമാപനം. കേരളീയ സമൂഹത്തിലെ ഏറ്റവും മികവാർന്നതും സുൽത്വാനുൽ ഉലമയുടെ വാർഷിക മദ്ഹുർറസൂൽ പ്രഭാഷണം കൊണ്ട് അനുഗൃഹീതവുമായ അന്താരാഷ്ട മീലാദ് സമ്മേളനത്തിൽ കണ്ണികളാകാൻ നാടിന്റെ നാനാഭാഗങ്ങളിൽ നിന്ന് ഒഴുകിയെത്തിയ ആയിരങ്ങൾ വിശാലമായ കോഴിക്കോട് ട്രേഡ് സെന്ററും പരിസരവും ജനനിബിഡമാക്കി. 'തിരുനബി(സ) ജീവിതം, ദർശനം' എന്ന പ്രമേയത്തിൽ നടന്നുവരുന്ന മീലാദാഘോഷങ്ങളുടെ ഭാഗമായി കേരള മുസ്‌ലിം ജമാഅത്തും മർകസും സംയുക്തമായി സംഘടിപ്പിച്ച സമ്മേളനമാണ് പ്രമുഖരുടെ പ്രഭാഷണങ്ങളാലും വിവിധ രാജ്യങ്ങളിലെ ഗായക സംഘങ്ങളുടെയും മൗലിദ് ട്രൂപ്പുകളുടെയും പ്രകീർത്തനങ്ങളാലും നഗരത്തിന്റെ മനം കവർന്നത്. സമ്മേളനം ബഹ്റൈൻ സുപ്രീം കോടതി മുൻ അധ്യക്ഷൻ ഹമദ് ബിൻ സാമി ഫള്ൽ അൽദോസരി ഉദ്ഘാടനം ചെയ്തു.

മനുഷ്യാവകാശങ്ങളെ പാടെ നിഷേധിച്ച് സിവിലിയന്മാരെ കൊന്നൊടുക്കുന്ന ഇസ്റാഈൽ നടപടിക്കെതിരെ സമ്മേളനം പ്രമേയം അവതരിപ്പിച്ചു. വിവിധ രാഷ്ട്രങ്ങളിലെ പണ്ഡിതരും സാമൂഹിക, സാംസ്കാരിക നായകരും നയതന്ത്ര പ്രതിനിധികളും സമസ്ത നേതാക്കളും സമ്മേളനത്തിൽ പങ്കെടുത്തു. പ്രശസ്ത അറബ് ഗായക സംഘമായ അൽമാലിദ് ഗ്രൂപ്പിന്റെ ഗ്രാൻഡ് മൗലിദ് സമ്മേളനത്തെ അപൂർവ അനുഭവമാക്കി.

വൈകിട്ട് നാലിന് നൂറോളം വരുന്ന ദഫ് സംഘങ്ങൾ അണിനിരന്ന ഘോഷയാത്രയോടെയാണ് സമ്മേളന ചടങ്ങുകൾക്ക് തുടക്കമായത്. സയ്യിദ് അലി ബാഫഖി തങ്ങൾ പ്രാരംഭ പ്രാർഥന നിർവഹിച്ചു. സമസ്ത കേരള ജംഇയ്യത്തുൽ ഉലമ പ്രസിഡന്റ് ഇ സുലൈമാൻ മുസ്‌ലിയാർ അധ്യക്ഷത വഹിച്ചു. ഇന്ത്യൻ ഗ്രാൻഡ് മുഫ്തിയും സമസ്ത കേരള ജംഇയ്യത്തുൽ ഉലമ ജനറൽ സെക്രട്ടറിയുമായ കാന്തപുരം എ.പി അബൂബക്ർ മുസ്‌ലിയാർ മദ്ഹുർറസൂൽ പ്രഭാഷണം നടത്തി.

## ഇസ്രയേൽ അതിക്രമങ്ങൾ നീതീകരിക്കാനാകില്ല: കാന്തപുരം

ഫലസ്തീന് പുറമെ ലെബനാൻ അതിർത്തി കടന്നു നിരപരാധികളായ സിവിലിയന്മാർക്കു നേരെ ഇസ്രയേൽ നടത്തുന്ന അതിക്രമങ്ങൾ നീതീകരിക്കാനാകാത്തതാണെന്നും സമാധാനത്തിനായി ലോക നേതാക്കൾ ഒന്നിക്കണമെന്നും അദ്ദേഹം പറഞ്ഞു.

മതാന്തര സംവാദങ്ങളും നേതാക്കളുടെ ഒത്തിരിപ്പും സമാധാന ശ്രമങ്ങൾക്ക് ശക്തി പകരും. ഇസ്രയേലിനെ അനുകൂലിക്കുന്ന സമീപനത്തിൽ നിന്ന് രാജ്യങ്ങൾ പിന്മാറണം. സാമൂഹിക നീതിയും സ്ത്രീ സുരക്ഷയും ഉറപ്പു നൽകുന്നതാണ് മുഹമ്മദ് നബി(സ)യുടെ ദർശനങ്ങൾ. ധാർമിക ജീവിതത്തിലൂടെ മാത്രമേ സമാധാന അന്തരീക്ഷം സാധ്യമാകൂ. ലോകത്ത് മുസ്‌ലിം എവിടെയൊക്കെയുണ്ടോ, അവിടെയൊക്കെ നബി കീർത്തനങ്ങളുമുണ്ട്. നബിദിനം പാടില്ലെന്ന് പറയുന്നവർ നബിയോടുള്ള എതിർപ്പ് തന്നെയാണ് പ്രകടമാക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

പരിപാടിയിൽ ഒമാൻ, കുവൈത്ത്. ബഹ്റൈൻ, ഈജിപ്ത് തുടങ്ങിയ രാജ്യങ്ങളെ പ്രതിനിധീകരിച്ച് ഡോ. യൂസുഫ് അബ്ദുൽ ഗഫൂർ അൽഅബ്ബാസി, നബീൽ ഹമദ് ഈസ മുഹമ്മദ് അൽഔൻ, ശൈഖ് അദ്നാൻ അബ്ദുല്ല, ഹുസൈൻ അൽ ഖത്താൻ, അലി മസ്ഊദ് അൽകഅബി സംബന്ധിച്ചു. സമസ്ത സെക്രട്ടറി പൊന്മള അബ്ദുൽ ഖാദിർ മുസ്‌ലിയാർ, കേരള മുസ്‌ലിം ജമാഅത്ത് സംസ്ഥാന ജന. സെക്രട്ടറി സയ്യിദ് ഇബ്റാഹീമുൽ ഖലീൽ അൽ ബുഖാരി, ഹജ്ജ് കമ്മിറ്റി ചെയർമാൻ സി മുഹമ്മദ് ഫൈസി, പേരോട് അബ്ദുറഹ്മാൻ സഖാഫി, ഡോ. മുഹമ്മദ് അബ്ദുൽ ഹകീം അസ്ഹരി സന്ദേശപ്രഭാഷണം നടത്തി. സയ്യിദ് അബ്ദുൽ ഫത്താഹ് അഹ്ദൽ അവേലം, അബൂഹനീഫൽ ഫൈസി തെന്നല, അബ്ദുറഹ്മാൻ ഫൈസി മാരായമംഗലം, വി.പി.എം വില്യാപ്പള്ളി, കെ.കെ അഹ്മദ് കുട്ടി മുസ്‌ലിയാർ, ഹുസൈൻ സഖാഫി ചുള്ളിക്കോട്, സയ്യിദ് ത്വാഹ സഖാഫി, സയ്യിദ് മുഹമ്മദ് തുറാബ് സഖാഫി, സയ്യിദ് ശറഫുദ്ദീൻ ജമലുല്ലൈലി, സയ്യിദ് ശിഹാബുദ്ദീൻ അഹ്ദൽ, എ.പി അബ്ദുൽ കരീം ഹാജി, അബ്ദുറഹ്മാൻ ഹാജി കുറ്റൂർ, സി.പി ഉബൈദുല്ല സഖാഫി, ഫിർദൗസ് സഖാഫി, അബ്ദുറഹ്മാൻ ദാരിമി കൂറ്റമ്പാറ, ടി.കെ അബ്ദുറഹ്മാൻ ബാഖവി, മജീദ് കക്കാട്, ജി അബൂബക്ർ സംബന്ധിച്ചു.

Printed & Published by Kunhalavi musliyar on behalf of Samastha Isalamic Centre, Jaferkhan Colony, P.O Eranhipalam
Kozhikode - 673006 and printed at Al kamal offset, East Nadakkavu, Kozhikode, Editor : VP Moidu Faizy Villyapally